
# കാർമ്മൽ

ജൂലൈ 1958

ത്രൈമാസികം

CARMEL QUARTERLY



JULY 1958

കാർമ്മൽ

വർഷം 11 പു. 11 } ജൂലൈ 1958 { ലക്കം 3

# ലൂർദ്ദുസന്ദേശവും കർമ്മെലീത്താ ചൈതന്യവും

ലൂർദ്ദും കർമ്മെലീത്താസഭയും തമ്മിലുള്ള ചരിത്രബന്ധം മറെറാരു ഗാഢമായ ബന്ധത്തിൻെറ ബാഹ്യചിഹ്നംമാത്രമാണ്. ലൂർദ്ദ് എന്തിനെ പ്രതിനിധീകരിക്കുന്നുവോ അതിനുവേണ്ടിയാണ് കർമ്മെലീത്താസഭ എപ്പോഴും നിലകൊണ്ടിട്ടുള്ളതും ഇപ്പോഴും നിലകൊള്ളുന്നതും. ലൂർദ്ദുസന്ദേശവും കർമ്മെലീത്താ ചൈതന്യവും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ ഇതു വ്യക്തമാണ്.

പരിശുദ്ധകന്യക ലൂർദ്ദിൽ വച്ച് ലോകത്തിനു നൽകിയ സന്ദേശത്തിൻെറ പ്രധാന ഘടകങ്ങൾ ഏവയാണ്? മോക്ഷാനന്ദവാഗ്ദാനം, പ്രാർത്ഥന, ത്യാഗം, മരിയഭക്തി, ജപമാല, തീർത്ഥാടനം, അത്ഭുതകരമായ നീരുറവ, വരപ്രസാദജലം, ഒരു കപ്പേളയുടെ നിർമ്മാണം, അമലോത്ഭവമഹത്വം ഇത്യാദികാര്യങ്ങളെക്കുറിച്ച് ദിവ്യജനനി പതിനെട്ടു ദർശനങ്ങളുടെയിടയ്ക്കു ബെർണ്ണർദെത്തിനോടു സംസാരിച്ചിട്ടുണ്ട്. ഈ ലൂർദ്ദുസന്ദേശത്തിൻെറ ഉള്ളടക്കം പരിശോധിച്ചാൽ കാണാം അതിനു സാർവത്രികവും നിത്യവുമായ ഒരു മൂല്യമുണ്ടെന്ന്.

തനിക്കു ചെയ്യുന്ന ഏററം നിസ്സാരമായ സേവനത്തിനും പ. കന്യക കൃതജ്ഞതയുള്ളവളാണെന്നും അതിനു പ്രതിഫലമായി നിത്യസൗഭാഗ്യം നൽകുമെന്നും ബെർണ്ണർദെത്തുവഴി ആദ്യമെതന്നെ നമ്മെ ഗ്രഹിപ്പിക്കുന്നു. അവൾക്കു പ്രത്യക്ഷപ്പെട്ട സുന്ദരിയായ മഹതിക്ക് എന്തെങ്കിലും അറിയിക്കാനുണ്ടെങ്കിൽ എഴുതിത്തരുവാൻ ആവശ്യപ്പെടണമെന്ന് ബെർദെത്തിനോട് മററാളുകൾ ഉപദേശിച്ചിരുന്നു. അതനുസരിച്ച് അവൾ മൂന്നാംദർശനത്തിൽ ആവശ്യപ്പെട്ടപ്പോൾ, സുസ്മേരവദനയായി ദിവ്യജനനി പറയുകയാണ്: "എനിക്ക് നിന്നോടു പറയേണ്ടതു് എഴുതേണ്ട ആവശ്യമില്ല. ഒരു കാര്യംമാത്രം നീ ദയവായി ചെയ്താൽ മതി. പതിനഞ്ചുദിവസം നീ ഇവിടെ വരുക." അവൾ അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു. പ. കന്യക വളരെ സംതൃപ്തയായി വാഗ്ദാനം ചെയ്യുന്നു: "നിന്നെ ഞാൻ ഭാഗ്യവതിയാക്കും, ഇഹത്തിലല്ല പരത്തിൽ" എന്ന്.

"ആളുകൾ ഇവിടെ വരുന്നതുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് ബെർണ്ണർദെത്തിൻെറ കൂട്ടുകാരെയും മററാളുകളേയും തൽസ്ഥലത്തേയ്ക്കു ദൈവജനനി ക്ഷണിക്കുകയും ചെയ്തു. ജനനിബിഡങ്ങളും വിശ്രമരഹിതമായ നിരന്തരജോലികളുടെ രംഗങ്ങളുമായ നഗരങ്ങളെയും പട്ടണങ്ങളെയും വിട്ടുമാറി, പ്രകൃതിരമണീയവും വിജനവുമായ ലൂർദ്ദിലെ മസ്സബിയേൽ പാറക്കെട്ടുകളേപ്പോലെയുള്ള സ്ഥലത്തേയ്ക്കു് ആഗതരായാൽ മാത്രമേ, ആളുകൾ തങ്ങളാണ്ടിരിക്കുന്ന ഭൗതികജീവിതത്തിൻെറ ക്ഷണഭംഗുരതയുടെ മേലുയർന്ന്, സ്വഭാവാതീതകാര്യങ്ങളേക്കുറിച്ചും നിലനിൽക്കുന്ന മോക്ഷാനന്ദത്തേക്കുറിച്ചും ചിന്തിക്കുകയുള്ളു എന്നു പ. കന്യകയ്ക്കറിയാമായിരുന്നു.

ഏകാന്തതയുടെയും ഏകാഗ്രചിത്തതയുടെയും പശ്ചാത്തലം ഒരുക്കിയിട്ട് ബെർണ്ണർദെത്തുവഴി 6-ാം ദർശനം മുതൽ ആളുകളെ പ്രാർത്ഥിക്കുന്നതിനു പ. കന്യക ക്ഷണിച്ചു തുടങ്ങി. "പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുക" എന്നാണു പാപികളുടെ സങ്കേതമായ സ്വർഗ്ഗീയനാഥ ആദ്യമായി ആവശ്യപ്പെട്ടതു്. അവൾതന്നെ ബെർണ്ണർദെത്തിനോടുകൂടി ജപമാല ചൊല്ലിക്കൊണ്ട് അതെപ്രകാരം ചൊല്ലണമെന്ന് അവളെ പഠിപ്പിക്കുകയും ആ വിശിഷ്ട പ്രാർത്ഥന തനിക്കെപ്രകാരം പ്രിയങ്കരമാണെന്നു കാണിക്കുകയും ചെയ്തു.

പ്രാർത്ഥന മുഖേന ഹൃദയങ്ങളെ ദൈവത്തിലേയ്ക്കുയർത്തുന്ന ആത്മാക്കൾ ഫലപ്രദമായ പ്രാർത്ഥനയുടെ അഭേദ്യഘടകമായ ത്യാഗത്തിൻെറ ആവശ്യം ശരിയായി ഗ്രഹിക്കാതെയിരിക്കുകയില്ലല്ലൊ. അതിനാൽ പ. കന്യക അടുത്തതായി പ്രായശ്ചിത്തം ചെയ്യുന്നതിന് ആളുകളെ പ്രേരി

പ്പിക്കുന്നു. ''പ്രായശ്ചിത്തം, പ്രായശ്ചിത്തം, പ്രായശ്ചിത്തം'' എന്നു് സഗൗരവം മൂന്നുപ്രാവശ്യം മാതാവു വിളിച്ചു പറഞ്ഞെന്നും, ''എല്ലാ പാപികൾക്കുംവേണ്ടി മുട്ടുകുത്തി നിലം ചുംബിക്കുവാനും'' താഴെനിന്നും മണ്ണിൽ കൂടി താൻ പ്രത്യക്ഷപ്പെട്ട സ്ഥലത്തുള്ള പാറവരെ മുട്ടിന്മേൽ നീന്തി വരുവാനും ആവശ്യപ്പെട്ടെന്നും ബെർണ്ണർദെത്തു പ്രസ്താവിക്കുകയുണ്ടായി.

രാഷ്ട്രങ്ങളും ജനപദങ്ങളും പാപത്തിൻെറ നാശഗർത്തത്തിൽ നിപതിച്ചു് എക്കാലവും നശിച്ചുകൊണ്ടിരിക്കുന്നതിനാൽ, നിരന്തര പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിൻെറയും ആവശ്യകത ലോകത്തെ സദാ വിളിച്ചറിയിക്കുന്ന ഒരു സ്ഥലമായിട്ടു താൻ പ്രത്യക്ഷപ്പെട്ട പാറക്കെട്ടുകൾ തീരണമെന്നു് ദൈവജനനി അഭിലഷിച്ചു. അതിനാലത്രെ പിന്നീടുണ്ടായ ദർശനങ്ങളിൽ അവിടെ ഒരു കപ്പേള പണി കഴിക്കണമെന്നും അവിടേയ്ക്കു് ആളുകൾ കൂട്ടംകൂട്ടമായി തീർത്ഥാടനം, പ്രദക്ഷിണം മുതലായവ നടത്തി സകല ദൈവാനുഗ്രഹങ്ങളുടെയും നാഥയായ തന്നോടും താൻവഴി തൻെറ തിരുകുമാരനോടും അടുക്കണമെന്നും ആ ദിവ്യാംബിക കല്പിച്ചതു്. ഭാവിയിൽ ഫാത്തിമാ ദർശനങ്ങൾക്കുശേഷം പൂർവ്വാധികംപ്രചാരത്തിൽ വരാനിരുന്ന തൻെറവിമലഹൃദയത്തോടുള്ള ഭക്തിയുടെ നാന്ദിയായും അന്നത്തേയ്ക്കു 4 കൊല്ലംമുമ്പു് 9-ാംപീയൂസ്മാർപ്പാപ്പാ വിശ്വാസസത്യമായി പ്രഖ്യാപിച്ച തൻെറ അമലോത്ഭവത്തിൻെറ ഒരു സ്ഥിരീകരണമായും ''ഞാൻ അമലോത്ഭവം ആകുന്നു'' എന്നു ദൈവജനനി അറിയിച്ചതും ലൂർദ്ദിൽ വച്ചാകുന്നു.

1858 ജൂലൈ 16-ാംതീയതി നടന്ന 18-ാമത്തേതും അവസാനത്തേതുമായ ദർശനത്തിൽ, നിശ്ശബ്ദവും എന്നാൽ അർത്ഥസമ്പുഷ്ടവുമായ ഒരു സന്ദേശം നൽകിക്കൊണ്ടാണു് സ്വർഗ്ഗീയരാജ്ഞി പുഞ്ചിരി തൂകി യാത്ര പറഞ്ഞതു്. കത്തോലിക്കാ ലോകത്തിലെങ്ങും കർമ്മെലമാതാവിൻെറ തിരുനാൾ അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെടുന്ന അന്നേദിവസം തന്നെ പ്രത്യക്ഷപ്പെടുവാൻ പ. കന്യക തിരുമനസ്സായതു കാരണം കൂടാതെയല്ല എന്നു നാം വിചാരിക്കണം. ലൂർദ്ദുസന്ദേശത്തിൻെറ അവിഭാജ്യഘടകമായി ഉത്തരീയസന്ദേശത്തെ കൂടി കൂട്ടിച്ചേർക്കുകയല്ലേ അതുമൂലംദൈവജനനി ചെയ്തിരിക്കുന്നതു്? വാസ്തവത്തിൽ മരിയ പ്രതിഷ്ഠ, പ്രാർത്ഥന, പ്രായശ്ചിത്തം മുതലായവ ഉൾക്കൊള്ളുന്ന ഉത്തരീയസന്ദേശം ലൂർദ്ദുസന്ദേശത്തിൽനിന്നു വ്യത്യസ്തമല്ല.

മുകളിൽ നാം അപഗ്രഥനം ചെയ്തു കണ്ട ലൂർദ്ദുസന്ദേശത്തിൻെറ ഘടകങ്ങളോടു് കർമ്മെലോത്തരീയം പ്രദ്യോതിപ്പിക്കുന്ന ചൈതന്യത്തിൻെറ ഘടകങ്ങളെ തട്ടിച്ചുനോക്കിയാൽ കാണാം ലൂർദ്ദുസന്ദേശവും കർമ്മെലീത്താ ചൈതന്യവും തമ്മിൽ എത്രമാത്രം അവഗാഢമായ ബന്ധവുമുണ്ടെന്നു്.

കർമ്മെലീത്താ സന്യാസിനീസന്യാസികൾ മാത്രമല്ല, പ. കന്യകയുടെ പ്രത്യേകസ്നേഹത്തിൻെറ അടയാളമായി നൽകപ്പെട്ടിരിക്കുന്ന കർമ്മെലോത്തരീയം ധരിക്കുന്ന സകലരും, ആ മാതാവിൻെറ ശുശ്രൂഷയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നവരാണു്, ഈ മൂകപ്രതിഷ്ഠയുടെ ബാഹ്യചിഹ്നം മാത്രമാണു് ഉത്തരീയം. ലൂർദ്ദിൽ വച്ചു് ദൈവമാതാവു് ആവശ്യപ്പെട്ടിരിക്കുന്നതും മേൽപറഞ്ഞ പ്രതിഷ്ഠയിൽനിന്നും വ്യത്യസ്തമുള്ള ഒന്നുമല്ല. ധാരാളം തീർത്ഥാകർ അവിടെ ചെല്ലണം പ്രദക്ഷിണങ്ങൾ നടത്തണം, ജപമാല ചൊല്ലണം എന്നെല്ലാം കല്പിച്ചിരിക്കുന്നതു് തന്നോടുള്ള ഭക്തിയിലേയ്ക്കു് ആളുകളെ ആകർഷിക്കാനല്ലേ? തന്നോടുള്ള യഥാർത്ഥഭക്തി സ്വയം പ്രതിഷ്ഠയിലും തൻെറ സുകൃതങ്ങളുടെ അനുകരണത്തിലുമേ ചെന്നവസാനിക്കുകയുള്ളു എന്നു് പ. കന്യകയ്ക്കു നല്ലപോലെ അറിയാം. ഇതു തന്നെയാണു് തൻെറ ദിവ്യപുത്രനെ പ്രസാദിപ്പിക്കുന്നതിനും മോക്ഷാനന്ദം പ്രാപിക്കുന്നതിനുമുള്ള പ്രധാന മാർഗ്ഗവും.

പ്രാർത്ഥിക്കുവാനും പ്രായശ്ചിത്തം ചെയ്യുവാനും മാതാവു് ലൂർദ്ദിൽ വച്ചു നടത്തിയ ആഹ്വാനത്തിൻെറ പ്രതിധ്വനി, ദൈവവിളിയാൽ തന്നെ നിരന്തരപ്രാർത്ഥനയുടെയും ത്യാഗത്തിൻെറയും ചൈതന്യം പുലർത്തുവാൻ കടപ്പെട്ടിരിക്കുന്ന കർമ്മലീത്താജീവിതത്തിൽ ശക്തിയായി തട്ടുന്നതു് ഒട്ടും വിസ്മയനീയമല്ലല്ലോ. നിരന്തരമായ ത്യാഗവും പ്രാർത്ഥനയുംവഴി സൃഷ്ടികളിൽനിന്നു വിമുക്തമായി ദൈവസൗഹൃദം പ്രാപിക്കുക, ആത്മാക്കളെ രക്ഷിക്കുക എന്ന പരിപൂർണ്ണ കർമ്മെലീത്താ ആദർശം ലൂർദ്ദുസന്ദേശം മുഖേന കൂടുതൽ ആകർഷണീയമായിരിക്കുന്നെങ്കിലും, കടമയുടെ കാര്യത്തിൽ ഗൗരവതരമായിരിക്കുകയാണു്.

ലോകത്തിൽനിന്നു നാം മാറി ജീവിക്കണമെങ്കിലും, നാം ജീവിക്കുന്ന കാലത്തിൻെറ ആവശ്യങ്ങളെ വിസ്മരിക്കാൻ പാടില്ല. നിലനിൽക്കുന്ന മോക്ഷാനന്ദത്തെ മറന്നുകൊണ്ടും, പ്രായശ്ചിത്തത്തെ വെറുത്തുകൊണ്ടും മൃഗീയസന്തോഷങ്ങളുടെ പിമ്പെ പായുന്ന ഭ്രാന്തുപിടിച്ച ലോകത്തെ ത്യാഗത്തിൻെറയും പ്രാർത്ഥനയുടെയും ആവശ്യകത സ്വജീവിതമാതൃക കൊണ്ടു് ഗ്രഹിപ്പിക്കേണ്ടതു് കർമ്മെലീത്തരുടെ മാത്രമല്ല, കർമ്മെലോത്തരീയധാരികളേവരുടേയും കടമയാണു്. ലൂർദ്ദുസന്ദേശം നമ്മുടെ ഈ കടമയെ പൂർവ്വാധികം വർദ്ധിപ്പിച്ചിരിക്കുന്നു. നമ്മുടെ ദൈവവിളിയുടെ ആദർശത്തിൽനിന്നും അതിൻെറ ദിവ്യശക്തികൊണ്ടും നാം നേരത്തെ ഗ്രഹിച്ചിട്ടുണ്ടു്, മനുഷ്യരക്ഷയിലും ആത്മാക്കളുടെ വിശുദ്ധീകരണത്തിലും സ്ഥിതി ചെയ്യുന്ന ദൈവരാജ്യവികസനത്തിനു് പ്രാർത്ഥനയും ത്യാഗവും എത്രമാത്രം ഉപകരിക്കുമെന്നു്.

അതിനാൽ ലൂർദ്ദുദർശനങ്ങളുടെ പ്രഥമശതാബ്ദം ആഘോഷിക്കപ്പെടുന്ന ഈയവസരത്തിൽ ഉത്തരീയപതാ

# ലൂർദ്ദു ഗ്രോട്ടോ - ഒരു ലഘുവിവരണം

## II

(ഏണേക്കാട്ടു യൗസേപ്പുകത്തനാർ)

ഇരുമ്പുവേലിയുടെ ഇടത്തുവശം വാതിലിനുസമീപം മുകളിൽ കാണുന്നതു് ഗ്രോട്ടോയുടെ തെക്കേഅതിർത്തിയായ കരിമ്പാറയാണു്. അൽത്താരയുടെ പിറകിലായി ഗ്രോ



(ലേഖകൻ)

ട്ടോയുടെ ഉള്ളിൽ മുകൾഭാഗത്തും മുൻപറഞ്ഞ കരിമ്പാറയ്ക്കു് ഇടത്തുവശം മുകളിലും പരിസരങ്ങളിലും പലതരം കവരവടികളും ഊന്നുകോലുകളും തണ്ടുകളും വെച്ചുകെട്ടുകളും കൃത്രിമക്കാലുകളും കൈകളും രോഗികൾക്കാലംബമായിരുന്ന മററനേകം സാധനസാമഗ്രികളും നിരനിരയായി തൂക്കിയിട്ടിരിക്കുന്നു. അത്ഭുതകരമായ രോഗശാന്തിമൂലം ഈ ഉപകരണങ്ങൾ അവയുടെ ഉടമസ്ഥന്മാർ മറിയമഹിമയ്ക്കു് ഉപകരിക്കുമാറു് അധികൃതരുടെ നിർദ്ദേശപ്രകാരം ഇവിടെ സ്ഥാപിച്ചിരിക്കയാണു്. ഇടത്തു് അകവശം കാണുന്ന ചെറിയ കെട്ടിടം വൈദികന്മാർ ദിവ്യവസ്ത്രങ്ങൾ അണിയുന്ന സങ്കീർത്തിയാകുന്നു. ഇവിടെ വച്ചു് തിരുവസ്ത്രങ്ങൾ അവർ ധരിച്ചു് ഇരിമ്പുവേലിയുടെ ഇടത്തേ വാതിലിൽക്കൂടി ബലിപീഠത്തിങ്കലേയ്ക്കു പോകും. ബലിയിൽ സംബന്ധിക്കാനുള്ള ആളുകൾക്കു് ഇരിക്കാൻ ഏതാനും ചാരുബെഞ്ചുകൾ ഗ്രോട്ടോയിക്കഭിമുഖമായി നിരത്തിയിട്ടിരിക്കുന്നു. ഈ ബെഞ്ചുകളുടെ പിൻഭാഗത്തും ഗേവ്‌ നദിയെ തുടർന്നുകിടക്കുന്ന മൈതാനത്തും അനേക ശതം ആളുകൾക്കുനിന്നു കുർബാന കാണാം. (ഇരുപത്തഞ്ചു കൊല്ലം മുൻപ്‌ ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും ഇപ്പോൾ പല പരിഷ്ക്കാരങ്ങളും അവിടെ വരുത്തീട്ടുണ്ടു്.)

തടിച്ചും മുഴച്ചും പരുപരുത്താണെങ്കിലും ആ വിധത്തിൽ രമണീയമായി പ്രകൃതി നിർമ്മിച്ചിരിക്കുന്ന ഈ ശിലാഗഹ്വരത്തിനു (ഗ്രോട്ടോയ്ക്കു) മുൻവശം തെക്കുവടക്കു് ഒരു പതിനഞ്ചുകോൽ നിളവും പ്രതിമയ്ക്കു് ഇടത്തായി എട്ടുകോൽ പൊക്കവും അടിവശം ഉള്ളിലേയ്ക്കു പത്തുകോൽ വീതിയും വരും. ഏകദേശം ഈ ഗഹ്വരവാതിലിനുസമമായിട്ടാണു കമ്പിവേലിയുണ്ടാക്കിയിരിക്കുന്നതു്. സങ്കീർത്തിക്കു വലത്തുവശം ബെഞ്ചുകൾക്കു മുമ്പിൽ ഒരു വലിയ കാൽപ്പെട്ടിയുടെ ആകൃതിയിൽ കാണുന്നതു് അത്ഭുതനീരുറവയിലെ വെള്ളം കെട്ടിനിർത്തിയിരിക്കുന്ന കൽത്തൊട്ടിയാണു്. ഇതിന്റെ മുകൾഭാഗവും മൂടി പള്ളവശത്തു മൂന്നു ടാപ്പുകൾ-വെള്ളം ചോർന്നുപോകുന്ന വാലികൾ-സ്ഥാപിച്ചിട്ടുണ്ടു്. ഈ ടാപ്പുകളിൽ കൂടി അത്ഭുതജലം എപ്പോഴും-ഒരിക്കലും നിറുത്താതെ ബഹിർഗ്ഗമിച്ചുകൊണ്ടിരിക്കുന്നു.

ഇപ്പോൾ ദിവ്യമാതൃപ്രതിമയിരിക്കുന്ന ചെറിയ ഗഹ്വരത്തിൽ ഒൻപതാം പ്രാവശ്യം ദൈവജനനി വിശുദ്ധ ബെർണ്ണർദെത്തിനു് കാണപ്പെട്ട സമയം 1358 ഫെബ്രുവരി 25-ാംതീയതി വ്യാഴാഴ്ച ഉച്ചയോടുകൂടി ഈ പുണ്യവതി മുട്ടുകുത്തിയിരുന്നതു് ഈ സ്ഥാനത്തായിരുന്നു.

സ്വർഗ്ഗനാഥയുടെ ആജ്ഞപ്രകാരം അന്നു് ബർണർദത്തു് സ്വന്തം കൈവിരൽ കൊണ്ടു് ഈ സ്ഥലത്തു് അല്പം പോറുകയും അപ്പോൾ അത്ഭുതകരമായി ഒഴുകിത്തുടങ്ങിയ നിഷ്മലജലം, അവൾക്കു് അപ്പോൾ കലങ്ങിയതായി കാണപ്പെട്ടുവെങ്കിലും കുടിക്കയും അതുകൊണ്ടു മുഖം കഴുകയും ചെയ്തുവല്ലോ. അനന്തരം ആ ഉറവു് ഒരിക്കലും വററാതെ പ്രവഹിച്ചുകൊണ്ടേയിരിക്കുന്നു. ഈ ജലപ്രവാഹത്തിന്റെ ഒരംശമാണു് മുൻപറഞ്ഞ ടാപ്പുകളിൽ കൂടി ഒഴുകുന്നതും ഈ പുണ്യജലം ഭംഗിയിൽ പണിതിരിക്കുന്ന ചെറിയ ഓടകൾവഴി കുറേദൂരം പോയി അനന്തരം നിലത്തിനടിയിൽ ഇണക്കീട്ടുള്ള പൈപ്പുകളിൽകൂടി ഗേവ്‌ നദിയിൽ വന്നു

---

കയിൻകീഴ് ദൈവജനനിയെവണങ്ങുന്ന സകലരും ലൂർദ്ദു സന്ദേശങ്ങളുടെ ഓർമ്മ നവീകരിക്കുകയും അവയ്ക്കു തങ്ങളുടെ ജീവിതത്തോടുള്ളപൊരുത്തം പുനഃപരിശോധനയ്ക്കു വിധേയമാക്കുകയും ചെയ്യണം. അവർ ഓരോരുത്തരുടേയും ഹൃദയത്തിൽ നിന്നു് ധൂപക്കുററിയിൽ കത്തിയെരിയുന്ന കുന്തിരിക്കം പോലെ പാപികൾക്കുവേണ്ടിയുള്ള നിരന്തരപ്രാർത്ഥനയുടേയും ആത്മപരിത്യാഗത്തിന്റേയും സുഗന്ധപരിമളം ദൈവസമക്ഷം ഉയരട്ടെ. കർമ്മെലോത്തരീയധാരികളുടെ സാർവ്വത്രികവും സംഘടിതവുമായ ഈ അർച്ചന എത്രമാത്രം പരിശുദ്ധകന്യകയ്ക്കു പ്രിയങ്കരവും കത്തോലിക്കസഭയ്ക്കു് ഗുണപ്രദവും ആയിരിക്കും!

———·—

# മതവും കമ്മ്യൂണിസവും

## (തുടർച്ച)

(എസ്. പി. കാച്ചപ്പള്ളി)

ഇന്നത്തെ യുവതലമുറയിൽ പല അഭിപ്രായക്കാരുണ്ടു്, ആധ്യാത്മിക രംഗങ്ങളെപ്പററി, എന്തു് തിന്നും കുടിക്കും എന്നു് പ്രധാനമായി ചിന്തിക്കുന്ന ഉദരംഭരികൾ ഒരുവശത്തു്. മറുവശത്തു്, ദൈവത്തെ ആരു കണ്ടു എന്നെല്ലാം ബാലിശമായി പുലമ്പുന്ന പ്രച്ഛന്ന നിരീശ്വരന്മാർ. ദൈവമുണ്ടെങ്കിൽത്തന്നേയും മതം എന്നൊന്നു് ആവശ്യമില്ലെന്നു് വാദിക്കുന്ന നിഷ്മതസ്ഥർ, മറെറാരു കൂട്ടർ. ഇനിയുമുണ്ടു് അന്യഥാ ചിന്തിക്കുന്നവർ. മതം വേണം; എന്നാൽ ഒരു വ്യവസ്ഥാപിതമതം വേണമെന്നില്ല എന്നാണവരുടെ അഭിമതം. അവരെ പ്രാപഞ്ചികന്മാർ എന്നു വിളിക്കാം. ഇങ്ങനെ ആശയവൈരുദ്ധ്യങ്ങൾ നിറഞ്ഞ—മാർഗ്ഗഭ്രംശം സംഭവിച്ച ഒരു പുരോഗമനയുഗത്തിലാണു് ഇന്നു് നാം ജീവിക്കുന്നതു്. ഈദൃശ ഭിന്നാഭിപ്രായങ്ങൾക്കുള്ള ഉപാധി, ആത്മജ്ഞാനത്തിന്റെ

---

ഴുന്നു. ഗ്രോട്ടോയെ അഭിമുഖീകരിച്ചുകിടക്കുന്ന ചാരുബെഞ്ചുകൾക്കു പിറകിൽ ഗ്രോട്ടോയിൽനിന്നും ഉദ്ദേശം അൻപതുകോൽ മാറി തെക്കുവടക്കായി ഈ നദി ഇപ്പോൾ ഒഴുകുന്നു. ഈ ആററുപക്കത്തു മതിൽ കെട്ടി ഗ്രോട്ടോഭാഗം ഗാലറി പണിതിരിക്കുന്നു. ഒരൻപതുകോൽ വീതി വരുന്ന ഈ മുൻവശത്തിനു് നൂറുകോൽ നീളവും വരും. ഈ മിററം മുഴുവൻ വെള്ളമണൽ നിരത്തിയിരിക്കുന്നു. വലത്തുവശം നീണ്ട പുൽത്തകിടിയാണു്, കല്ലും പാറയും നിറഞ്ഞു് ഗുളുഗുളാ ശബ്ദത്തോടെ ഇവിടെ ഒഴുകുന്ന ഗേവ്യ നദിക്കു് ഒരു മുപ്പതുകോൽ വീതിയേ ഉള്ളു. വലത്തുവശത്തെ മൈതാനത്തു കെട്ടിടങ്ങളും മററും പണിതു ഗ്രോട്ടോയുടെ ദർശനമഹത്വത്തിനു ന്യൂനത വരുത്താതിരിപ്പാൻ അധികൃതന്മാർ ആ സ്ഥലം വിലയ്ക്കു വാങ്ങി വെറുതേയിട്ടിരിക്കുന്നു. മുൻപറഞ്ഞ മാതാവിന്റെ പ്രതിമയുടെ നേരെ മുകളിൽ ഒരു പത്താൾപൊക്കത്തിൽ ജപമാല ബസിലിക്കായുടെ പിറകിലത്തെ കറിയഭിത്തിനിൽക്കുന്നു. ഇവിടം മുഴുവൻ പാറക്കെട്ടു തന്നെ.

അത്ഭുതഉറവ പുറപ്പെട്ട സ്ഥാനത്തു് ഒരു കൽത്തൊട്ടിയും അതിനു മൂന്നു ടാപ്പുകളും ഉണ്ടെന്നും മററും മുൻപേ പറഞ്ഞല്ലൊ. ഈ ജലപ്രവാഹത്തിന്റെ ഒരാംശം സങ്കീർത്തിയുടെ ഉൾഭാഗത്തു പാറയരുകിൽ ഇണക്കീട്ടുള്ള പൈപ്പുമൂലം തെക്കുവശത്തുചെന്നു് അവിടെ പന്ത്രണ്ടു ടാപ്പുകൾ വഴി പുറത്തേയ്ക്കുപോകുന്നു. ഈ അത്ഭുതജലം മലിനമാക്കാതെ തീർത്ഥകർക്കും മററും സൗകര്യമായി എടുക്കാനുദ്ദേശിച്ചാണു് ഈവിധം പതിനഞ്ചുടാപ്പുകൾ നിർമ്മിച്ചിരിക്കുന്നതു്. ഇവിടെയും ഈ ജലം ഗേവ്യ നദിയിലേക്കുപോകുന്നു.

ഇതിനു തൊട്ടു തെക്കുവശത്താണു് "പിഷീനാ"എന്നു പറയുന്ന കുളിസ്ഥലങ്ങൾ. ഇവിടെ കുളിക്കുന്നതിനുള്ള സമയം കാലത്തു് 10 മണിമുതൽ ഒരു മണിക്കൂറും, വൈകുന്നേരം 3 മണിമുതൽ ഒരു മണിക്കൂറുമാണു്. അത്ഭുതഉറവയിൽ നിന്നും പൈപ്പുകൾ വഴി വരുന്ന നിർമ്മലജലം സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെയുള്ള മൂന്നു കുളിമുറികളിൽ ചില കൽത്തൊട്ടികളിൽ സംഭരിക്കുന്നു. ഇതിനു വേണ്ട സഹായത്തിനുള്ള സ്ത്രീപുരുഷന്മാരും അവിടെയുണ്ടു്. അവർ തരുന്ന ചെറുവസ്ത്രം ധരിച്ചു മുട്ടോളം വെള്ളമുള്ള കൽത്തൊട്ടിയിൽ ഭിത്തിക്കഭിമുഖമായി കുളിക്കാനുള്ളവർ നിൽക്കുന്നു. പല ഭാഷകളിൽ അച്ചടിച്ചു ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന സുകൃതജപങ്ങൾ കുളിക്കാനുള്ള ആളിന്റെ ഭാഷയിൽ സഹായികൾ ചൊല്ലിത്തരും. അതേററുചൊല്ലുന്ന സമയം കുളിക്കുന്ന ആളിനെ മലർത്തി വെള്ളത്തിൽ കഴുത്തിനുതാഴെ മാത്രം മുക്കും. തല നനയ്ക്കുകയില്ല. ഉടനെ കരയ്ക്കുകയററും. തുവർത്തുകയില്ല, സ്വന്തം വസ്ത്രം ധരിച്ചു കുളിച്ചവർ പൊയ്ക്കൊള്ളണം. (ഈ എഴുത്തുകാരനും അങ്ങനെ കുളിച്ചതാണു്.)

പലവിധത്തിൽ വ്രണപ്പെട്ടിട്ടുള്ളവരും കുഷ്ഠരോഗികളും വെടിപ്പില്ലാത്തവരും മററുമായ അനേകം ജനങ്ങൾ ഇങ്ങനെ കുളിക്കുന്ന ഈ ജലം പലപ്പോഴും മലിനമായി കാണപ്പെടും. ദിവസത്തിൽ വൈകുന്നേരം മാത്രമേ ഈ വെള്ളം മാറുകയുള്ളു. ഇതിന്മേൽ പരാതിയുണ്ടാകയാൽ അധികൃതന്മാർ വെള്ളം വേണ്ടവിധം പരിശോധിച്ചുനോക്കി. പക്ഷേ യാതൊരശുദ്ധിയും ഇതേവരെ കാണപ്പെട്ടില്ല. ഇതുതന്നെ ശാശ്വതമായ ഒരു മഹാ അത്ഭുതമായി പറയപ്പെടുന്നു.

ഈ കുളിസ്ഥലങ്ങൾ ഇപ്രകാരം ശരിയാക്കിയതു് 1891-ൽ ആണു്. യാതൊരു മാലിന്യവും ഇല്ലാത്തതുകൊണ്ടു് ഈ വെള്ളം കുടിക്കുന്നതിനും ഒട്ടും ശങ്കിക്കേണ്ടതില്ല. അലൗകികമായ എന്തോ ദിവ്യശക്തി ഈ വെള്ളത്തിനുണ്ടു്. എന്നൊക്കെയാണു് നിഷ്കൃഷ്ടമായ പരിശോധനയുടെ ശേഷം മഹാശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിരിക്കുന്നതും. അനേകായിരം രോഗികൾ ഇങ്ങനെയുള്ള ഈ കുളിമൂലം സുഖം പ്രാപിച്ചിട്ടുണ്ടു്. വിശ്വാസവും പ്രാർത്ഥനയും പ്രായശ്ചിത്തപ്രവൃത്തികളും നമുക്കു ധാരാളം ഉണ്ടാകട്ടെ! ലൂർദ്ദുനാഥ അതിനായി സഹായിക്കട്ടെ!

അഭാവമാണെന്നു പറയുന്നതിൽ തെററില്ല. താൻ ആരാണു് എന്നറിയുവാൻ പോലുമുള്ള വിനയം മനുഷ്യഹൃദയങ്ങളിൽ നിന്നും പമ്പകടന്നു പോയി.


(ലേഖകൻ)

“ദൈവഭയമാകുന്നു വിജ്ഞാനത്തിന്റെ ആരംഭം” എന്നു സോളമൻ പറഞ്ഞു. ഈ തത്വത്തെ ഉദ്ധരിച്ചുകൊണ്ടു്, കേരള പുരോഗമന സാഹിത്യകാരന്മാരിൽ ഒരാളായ ശ്രീ, കുററിപ്പുഴ കൃഷ്ണപിള്ള ഒക്ടോബറിലെ യുക്തിവാദിയിൽ എഴുതിയിരിക്കുന്നതുകണ്ടു, ‘സംശയമാണു് ജ്ഞാനത്തിന്റെ ആരംഭം’ എന്നു്. നോക്കുക, നമ്മുടെ മാതൃരാജ്യമായ കേരളം, അല്ലാ, പുരോഗമനമാകുന്ന പഞ്ചസാരയിൽപ്പൊതിഞ്ഞ നമ്മുടെ മലയാളസാഹിത്യലോകം എത്രകണ്ടു അധഃപ്പതിച്ചു? പു. സാ. എന്ന ഈ പാഷാണം ഭുജിച്ചു നമ്മുടെ എത്ര സഹോദരങ്ങൾ ആദ്ധ്യാത്മികാപമൃത്യുവിനിരയായിട്ടുണ്ടു്—ആകുന്നുണ്ടു് എന്നാരറിഞ്ഞു?

വഴിപിഴച്ച ആശയഗതികൾ—വിഷബീജങ്ങൾ കുത്തിവയ്ക്കുന്നതിൽ ഒരു പ്രമുഖസ്ഥാനം, നമ്മുടെ പല പുരോഗമന സാഹിത്യഗ്രന്ഥങ്ങൾക്കുമുണ്ടു്. അവയുടെ പ്രചരണമാണു്, മതവിരോധികൾക്കും, സർവ്വോപരി നിരീശ്വരന്മാർക്കും നമ്മുടെ കേരളക്കരയിൽ പ്രചോദനം നൽകുന്നതു് എന്ന വാസ്തവം ഞാൻ ഉറന്നു എഴുതുന്നതിൽ എന്റെ സ്നേഹിതന്മാർ മുഷിയരുതെ. ഉറച്ച ഈശ്വരവിശ്വാസികളുടെ ഒരു സാഹിത്യസംഘടന കേരളക്കരയിൽ ഉണ്ടായേ മതിയാവൂ. അതിനു മാത്രമെ, സംസ്കാരസമ്പന്നമായ—സന്മാർഗ്ഗാധിഷ്ഠിതമായ ഒരു കേരള ജനതയെ വാർത്തെടുക്കുവാൻ കഴികയുള്ളൂ. ഇത്രയും എഴുതിയതിൽ നിന്നു കേരളനിവാസികളായ നാം എല്ലാവരും, അസംസ്കൃതരും അസന്മാർഗ്ഗികളുമാണെന്നു് വിവക്ഷയില്ല. പു. സാ. ക്കാരെല്ലാം ഈ വിധമുള്ളവരെന്നും എനിക്കഭിപ്രായമില്ല. ഏതായാലും മലയാളസാഹിത്യത്തിൽ വിപ്ലവപരമായ ഒരു പുനഃപ്പരിവർത്തനം വന്നേ മതിയാവൂ. ഇത്രമാത്രമെ സാന്ദർഭികമായി ഇപ്പോൾ ഞാൻ പറയുന്നുള്ളൂ.

കമ്മ്യൂണിസത്തിന്റെ മതവിരോധം എത്രശക്തിമത്താണെന്നു് താഴെ എഴുതുന്ന തെളിവുകളിൽ നിന്നു് മനസ്സിലാക്കാം. ‘Religion’ എന്ന പേരിൽ ലെനിൻ എഴുതിയിട്ടുള്ള പുസ്തകത്തിൽ 8-ാം പേജിൽ പറയുന്നു— “തൊഴിലാളികളെ മതബോധത്തിൽ നിന്നും, നിശ്ശേഷം അടർത്തിയെടുക്കുന്നതിനു്, വിപ്ലവാനന്തരമുണ്ടാകുന്ന കമ്മ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിയ്ക്കു സാധിക്കൂ” എന്നു്.

മറെറാരു കമ്മ്യൂണിസ്റ്റ് ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ നോക്കുക, “സാംസ്കാരിക വിപ്ലവത്തിനുള്ള പരിപാടിയിൽ, മതബോധത്തോടുള്ള എതിർപ്പ് ഏററവും പ്രധാനപ്പെട്ടതാണു്, മതത്തോടുള്ള ഈ സമരം, ക്രമീകൃതവും അനുസ്യൂതവുമായിരിക്കട്ടെ” Ref- “Answers to communism.” Page 31

കമ്മ്യൂണിസ്റ്റ്കാർ വിഭാവനം ചെയ്യുന്ന സംസ്കാരത്തിന്റെ മാതൃക എന്തെന്നു് ഇതിൽനിന്നും നാം മനസ്സിലാക്കി. സംസ്കാരം എന്ന പേരിനു് സാക്ഷാൽ ഇതു് അർഹമാണോ എന്നു് സഹൃദയർ വിധിയ്ക്കട്ടെ. ഈ ദുഃസംസ്ക്കാരം ലോകത്തിലാകെ പടർന്നുപിടിച്ചാൽ, ഈ പ്രപഞ്ചം നരകമായിത്തീരുമെന്നതവിതർക്കിതമാണു്.

ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് തിരുമേനി 1932 മേയ് 3-ാം തീയതി “Caritate Christi” എന്ന ഒരു ചാക്രിക ലേഖനം പ്രസിദ്ധപ്പെടുത്തി. ആധുനിക തിന്മകളോടു പൊരുതുന്നതിനു് നമുക്കാവശ്യമായ ആത്മീയ ചൈതന്യം അതു് പ്രദാനം ചെയ്യുന്നുണ്ടു. “ഇന്നത്തെ ലോകത്തെ ബാധിച്ചിരിയ്ക്കുന്ന ഏററവും വലിയ വിപത്തു്” എന്നാണു് കമ്മ്യൂണിസത്തെപ്പററി പരിശുദ്ധ പിതാവു പറഞ്ഞിരിക്കുന്നതു്. അത്ഭുതപൂർവ്വമാംവിധത്തിൽ, ആഗോളവ്യാപകമായി പടർന്നു പിടിച്ചിരിക്കുന്ന ഈ മഹാവ്യാധിയെ അനുസ്മരിച്ചുകൊണ്ടു്, തിരുമേനി തിരുവെഴുത്തിൽ പറയുകയാണു് “അവർ മാനുഷികവും ദൈവീകവുമായ നിയമബന്ധങ്ങളെയെല്ലാം തകർക്കുന്നു അവർ മതത്തിനും ദൈവത്തിനും എതിരായുള്ള ഒരു നിഷ്ഠൂരസമരത്തിൽ പരസ്യമായും,രഹസ്യമായും ഏർപ്പെടുന്നു സമസ്തപേരുടേയും—കുട്ടികളുടെ പോലും, ഹൃദയങ്ങളിൽ നിന്നു് മതാത്മകമായ വികാരമെല്ലാം പിഴുതുകളയണമെന്നുള്ള പൈശാചികമായ ഒരു കർമ്മപരിപാടി അവർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.”

ഇതു് കേരളത്തിലെ കമ്മ്യൂണിസ്റ്റുഗവർമ്മെന്റു നിർബന്ധപൂർവ്വം പാസ്സാക്കിയെടുത്തിരിക്കുന്ന, പുതിയ വിദ്യാഭ്യാസബില്ലിന്റെ പ്രത്യാഘാതങ്ങളെപ്പററി ദീർഘദർശനം ചെയ്തയായിരുന്നോ, പരി. പിതാവു് എന്നു് മേലുദ്ധരിച്ച തിരുവാചകത്തിൽ നിന്നു് നാം സംശയിക്കണം.

ചാക്രിക ലേഖനം തുടരുന്നു—“ദൈവവിശ്വാസത്തെ മനുഷ്യഹൃദയത്തിൽ നിന്നു് നീക്കം ചെയ്യാൻ സാധിച്ചാൽ പിന്നെ തങ്ങളുടെ ഇഷ്ടംപോലെ പ്രവൃത്തി നടത്തുവാനുള്ള പൂർണ്ണസ്വാതന്ത്ര്യം ഉണ്ടാകുമെന്നു് അവർക്കു് നല്ലവണ്ണമറിയാം. അതുകൊണ്ടാണു്, ചരിത്രത്തിൽ ഇതിനു മുമ്പു് ഒരിക്കലും കണ്ടിട്ടില്ലാത്തവിധത്തിൽ, ദൈവത്തിനും മതത്തിനും എതിരായുള്ള സമരത്തിന്റെ പൈശാചികപതാകകൾ, ഇന്നു്, സമസ്തജനങ്ങളുടെയിടയിലും, ലോകത്തിന്റെ സർവ്വഭാഗങ്ങളിലും, ധാർഷ്ട്യപൂർവ്വം പറപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്.” മാർപ്പാപ്പാതിരുമനസ്സിലെ ഈ പ്രബോധനം എത്ര അർത്ഥവത്താണെന്നു് ലോകത്തിന്റെ

നാനാഭാഗങ്ങളിൽ ഇന്നു നടക്കുന്ന, പൈശാചിക വിക്രിയകളും കഠോരമായ ധാർമ്മികാധ:പതനവും തെളിയിച്ചു കഴിഞ്ഞു. നാം ശരിയായി ചിന്തിയ്ക്കുന്നില്ല, കമ്മ്യൂണിസത്തിൻെറ വിദൂരവ്യാപകമായ ദൂഷ്യഫലങ്ങളെപ്പററി. ഇതുപോരാ; നാം ഉറക്കത്തിൽ നിന്നും അലസതയിൽ നിന്നും, ഇനിയെങ്കിലും ഉണരണം. കേരളീയ കത്തോലിക്കരെ, സ്നേഹിതരെ, സമയം വൈകിയിരിക്കുന്നു ശത്രു നമ്മുടെ ഭവനത്തിൻെറ പടിക്കൽവരെ എത്തി. കാര്യങ്ങളുടെ ഗൌരവം മനസ്സിലാക്കി, നമ്മുടെ സ്വത്തു് കള്ളന്മാർ മോഷ്ടിക്കാതിരിപ്പാനുള്ള മുൻകരുതലുകൾ ചെയ്യാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ''ആത്മാവിൻെറ രക്ഷ'' അതാണു് നമ്മുടെ ഏററവും വലിയ ധനം ഏററവും വലിയ മഹത്വം-സനാതനമായ അന്ത്യം, പ്രിയ സഹോദരരെ, മറക്കരുതു്.

കത്തോലിക്കാസഭയുടെ ആരംഭകാലം മുതൽതന്നെ ശത്രുക്കൾ അതിനെ നാമാവശേഷമാക്കുവാൻ വേണ്ടി, അങ്ങെ അററം ശ്രമിച്ചിട്ടുള്ളതായി ചരിത്രത്തിൽ നാം വായിക്കുന്നു. നീറോ പ്രഭൃതികളുടെ ക്രൂരീയമായ - നിഷ്ഠുരതമമായ നരവേട്ടയെ നോക്കുക:—

ക്രൂരതവാൽ മാർപിളന്നും,
കൊടിയൊരു കുരിശിൽ-
ത്തൂക്കിയും, തോലുരിഞ്ഞും,
ക്രൂരൻ സിംഹത്തിനൂണായ-
ത്തുളിയു, മസിയാൽ കണ്ടനാളം മുറിച്ചും,
നീരത്തിൽത്താഴ്ത്തിയും, മെയ്-
മുഴവനമടിയാൽ കീറിയും, തീയിലിട്ടും,
പാരം മാൽചേർത്തു, യോധാ-
ധമരനവധിയായ് ക്രൈസ്തവരെ-
നിഗ്രഹിച്ചു.

ഇത്ര കഠോരമായ നിരന്തര യാതനകളിൽ കൂടിയാണു്, സഭ ആദിമനൂററാണ്ടുകളിൽ പുരോഗമിച്ചിട്ടുള്ളതു്. മതവിരോധികളുടെ അനീതിപരമായ ഈ ദുരാക്രമങ്ങളെ ധൈര്യപൂർവ്വം നേരിടുവാൻ - ആത്മവീര്യസമന്വിതം അവ സഹിക്കുവാൻ പ്രേരിപ്പിച്ചതെന്താണെന്നു് നാം ചിന്തിക്കണം. തൻെറ അമൂല്യരക്തത്താൽ ലോകത്തെ സമുദ്ധരിച്ച ക്രിസ്തുവിനോടുള്ള സ്നേഹം - മനുഷ്യപുത്രരോടുള്ള അനന്തസ്നേഹംമൂലം, വെറും കൃമിയായ മനുഷ്യൻെറ വേഷം ധരിച്ച പരമപരിത്യാഗിയോടുള്ള പുത്രനിർവ്വിശേഷമായ ഭക്ത്യാദരവുകൾ. അവയാണു് ഈ സാഹസത്തിനു്, അല്ലാ നിഷ്ഠുരപീഡാസഹനങ്ങൾക്കു് അവരെ പ്രേരിപ്പിച്ചതു്. ''നമുക്കും അവിടത്തോടുകൂടി പ്പോയി മരിയ്ക്കാം''. എന്നരുളിച്ചെയ്ത നമ്മുടെ പിതാവിൻെറ—മാർത്തോമ്മാശ്ലീഹായുടെ അരുമസന്താനങ്ങളാണു് നാമെങ്കിൽ നാമും വാഗ്ദാനം ചെയ്യണം - ''എൻെറ സ്നേഹനാഥാ! വേണ്ടിവന്നാൽ, ഞാൻ അവിടുത്തേയ്ക്കുവേണ്ടി - അവിടുത്തെ സന്ദേശങ്ങളെ ലോകസമക്ഷം ഏററുപറയുന്നതിനുവേണ്ടി - അമൂല്യമായ അവിടത്തെ ധാർമ്മികപ്രബോധനങ്ങളെ അന്യർ ചവുട്ടിമെതിയ്ക്കാതിരിക്കുന്നതിനുവേണ്ടി എൻെറ ജീവനെപ്പോലും ബലി കഴിക്കും'' എന്നു്. സഭയിൽ ഇന്നു നാം വണങ്ങുന്ന രക്തസാക്ഷികൾ ചെയ്തതും ഇതു തന്നെയാണു്.

സഭാശത്രുക്കൾ ഇത്ര ഭീകരമായി ഞെരുക്കിയെങ്കിലും കത്തോലിക്കാസഭ ഭൂമുഖത്തിൽ അനുദിനമെന്നോണം വിജയത്തിൽ നിന്നു് വിജയത്തിലേയ്ക്കാണു് മുന്നേറുന്നതു് എന്നു നാം ഓക്കണം സഭാവൃക്ഷത്തിൻെറ ക്രമപ്രവൃദ്ധമായ വളർച്ചയ്ക്കു് ഉപകരിച്ച—ഉപകരിക്കുന്ന വളം, ഇന്നും രക്തസാക്ഷികൾ ചിന്തിയ—ചിന്തുന്ന നിണകണങ്ങളാണു്—ഈ യാഥാർത്ഥ്യങ്ങൾ നാം സുദൃഢം മനസ്സിൽ ഉറപ്പിക്കണം. ലോകത്തിലെ മഹത്ശക്തികൾ തന്നെ എത്രയോ പ്രാവശ്യം, ഇളകാത്ത ഈ ''പാറ''യെ മറിയ്ക്കുവാൻ വൻ തോക്കുകൾ പ്രയോഗിച്ചു. ദയനീയമായ പരാജയത്തിലേക്കാണു്, അവരുടെ അനുപമസാഹസപരാക്രമങ്ങൾ വഴി തെളിച്ചതു്. ക്രിസ്തുസഭയോ? വിജയത്തിൻെറ പരമകോടിയിലേക്കു! കാരണം മറെറാന്നുമല്ല, ദൈവമാണു് സഭയെ നിയന്ത്രിക്കുന്നതു്. നിരന്തരമായ അഗ്നിപരീക്ഷണങ്ങളെ ധൈര്യപൂർവ്വം അതിജീവിച്ചു, ഇന്നു് ലോകത്തിൽ ഏററവും സമുന്നതമായ ഒരു സ്ഥാനം കൈവരിച്ചിരിക്കുന്ന കത്തോലിക്കാസഭ, അനീതിക്കെതിരെ - അസത്യത്തിൻെറ മുമ്പിൽ ഒരിക്കലും തല കുനിച്ചിട്ടില്ല. കുനിക്കുകയുമില്ല. അതുകൊണ്ടു, കേരളീയരായ നാം വിദ്യാഭ്യാസത്തിലും, സംസ്കാരത്തിലും, ഭാരതത്തിൽ ഏററവും മുന്നണിയിൽ നിൽക്കുന്ന നാം, ഇന്നത്തെ കേരളാ കമ്മ്യൂണിസ്റ്റുഗവർമ്മെൻറിൻെറ അനീതിപരവും, ദുരുപദിഷ്ടവുമായ വിദ്യാഭ്യാസബില്ലിനെ എതിർക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. അതിനു പ്രധാനകാരണം, ദൈവീകമായും മതപരമായും അതു് ഭാവിയിൽ വരുത്തിയേക്കാവുന്ന പ്രത്യാഘാതങ്ങളാണു്.

''പ്രകാശത്തിൻെറ സന്തതികളേക്കാൾ ഈ ലോകത്തിൻെറ സന്തതികൾ, അവരുടെ തലമുറയിൽ ബുദ്ധിമാന്മാരാകുന്നു.'' (ലൂക്കാ. 16,3) താത്വികമായി പറഞ്ഞാൽ, വെറും ലോകത്തിനുവേണ്ടി മാത്രം ജീവിക്കുന്ന കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തനരീതികളെ സംബന്ധിച്ചു, പ്രസ്തുത വേദവാക്യം, തികച്ചും അന്വർത്ഥമാണു്. കാരണം, പ്രത്യക്ഷത്തിൽ നന്മയെന്നു് തോന്നിയ്ക്കുന്ന കർമ്മപരിപാടികളിൽ—നയതന്ത്രത്തിൽ കൂടിയാണു്, അവർ, മനുഷ്യാത്മാക്കളെ കുരുക്കിൽപ്പെടുത്തുവാൻ ശ്രമിക്കുന്നതു്—ശ്രമിച്ചിട്ടുള്ളതും.

അതുകൊണ്ടു്, ''പ്രകാശത്തിൻെറ സന്തതികളെ''ന്നു് അഭിമാനിയ്ക്കാവുന്ന നാം, അവരുടെ ബുദ്ധിസാമർത്ഥ്യത്തെ വിവേചിച്ചറിയുവാൻ പ്രാപ്തരാകണം.

# വി. പത്രോസിന്റെ പ്രാധാന്യം

(ജി. സി. ടീലാർ)

നമ്മുടെ ദിവ്യനാഥനും വി. പത്രോസും തമ്മിൽ ആദ്യമായി കണ്ടുമുട്ടുന്ന രംഗം വളരെ ചാതുര്യത്തോടുകൂടി വർണ്ണിച്ചിരിക്കുന്നതു് വി. ലൂക്കാ സുവിശേഷകനാണു്. അദ്ദേഹം തന്റെ സുവിശേഷത്തിലെ അഞ്ചാം അദ്ധ്യായത്തിൽ ആദ്യഭാഗത്തു തന്നെ ഗെനേസാർ തടാകത്തിന്റെ ഒരു ചിത്രം നമുക്കു നൽകുന്നു.



(ലേഖകൻ)

പുലരി കണ്ണു ചിമ്മിത്തുറന്നു് ഉറക്കത്തിൽ നിന്നും എഴുന്നേൽക്കയാണു്. ഗെനേസാർ തടാകം നീലാകാശത്തെ പ്രതിബിംബിച്ചുകൊണ്ടു് പ്രശാന്തമായി വിശ്രമിക്കുന്നു. രാത്രി മുഴുവനും നടുക്കടലിൽ ജോലിചെയ്തിരുന്ന രണ്ടു മുക്കുവന്മാർ അവരുടെ പടവുകൾ കരയ്ക്കടുപ്പിച്ചു കഴിഞ്ഞിരുന്നു. രണ്ടുപേരും തങ്ങളുടെ വള്ളങ്ങളിൽ ഉറച്ചു നിന്നു് തടാകത്തോടു യാത്ര പറയുകയാണു്. വലിയ വലകൾ രണ്ടും കഴുകിക്കെട്ടി അവർ ഒരററത്തുവച്ചു.

മീൻ വള്ളങ്ങൾ കരയ്ക്കടുക്കുന്ന സമയം നോക്കി ധാരാളം ആളുകൾ കടലോരത്തു് ഓടിക്കൂടാറുണ്ടു്. പത്രോസിന്റെയും അന്ത്രയോസിന്റെയും ശൂന്യമായ വള്ളങ്ങൾ കണ്ടപ്പോൾ അവക്കു നിരാശയും സഹതാപവും തോന്നി. മീനുമായി വരുന്ന മററു വള്ളങ്ങളെ പ്രതീക്ഷിച്ചു് അവർ അവിടെത്തന്നെ നിന്നു. അവരുടെ ഇടയിൽക്കൂടി ഒരു ദീർഘകായൻ നടന്നുവരുന്നതു് അവർ ആദ്യം കണ്ടില്ല. "നസ്രത്തിലെ യേശു" എന്നു് ആരോ ഒരാൾ മന്ത്രിച്ചു. എല്ലാവരുടെയും ചെവികളിൽ അതു മുഴങ്ങി തിക്കും തിരക്കും ബഹളവുമാണു് അതിനെ തുടൎന്നു്. ചിലക്കു് യേശു എന്നു പറയുന്ന ആ ദിവ്യപുരുഷനെ ഒന്നു കണ്ടാൽ മതി. ചിലക്കു് അദ്ദേഹത്തിന്റെ പ്രസംഗം ഒന്നു കേൾക്കണം. ഒരു പ്രസംഗം ചെയ്യുവാൻ തന്നെയാണു് അദ്ദേഹം അവിടെ വന്നിരുന്നതു്, ആ മണൽപ്പുറത്തു് എല്ലാവരും സൗകര്യമായി ഇരിക്കുവാൻ അവിടുന്നു ആംഗ്യം കാണിച്ചു. മുൻ പന്തിയിൽ കുറേപേർ ഇരുന്നുവെങ്കിലും പുറകിൽ നിന്നും തിക്കും തിരക്കും വർദ്ധിച്ചു കൊണ്ടാണിരുന്നതു്.

കരയോടു് ഏററം അടുത്തുകിടന്ന പടവിൻറടുക്കലേക്കു് ദിവ്യരക്ഷകൻ നീങ്ങി. അതിൻറകത്തു് സിമയോൺ ആ രംഗം അൽഭുതത്തോടുകൂടി നോക്കിക്കൊണ്ടു നിൽക്കയായിരുന്നു. ആഗതനെ കണ്ടയുടൻ ഒരു മാന്ത്രിക ശക്തിക്കു വശംവദനായവനെപ്പോലെ സിമയോൺ മുമ്പോട്ടുവന്നു് അദ്ദേഹത്തെ വള്ളത്തിനകത്തേക്കു സ്വാഗതം ചെയ്തു. യേശു അതിൽ കയറി ഇരുന്നിട്ടു് പറഞ്ഞു സിമയോനോടു്: "ഇതു് വെള്ളത്തിലേക്കു് അല്പം നീക്കുക". ഉടൻ സിമയോൺ തുഴ എടുത്തു വെള്ളത്തിലിട്ടു. വേദന കൊണ്ടെന്നപോലെ വെള്ളം കരഞ്ഞുതുടങ്ങി. കടൽത്തീരത്തു് ഓടിക്കൂടിയിരുന്ന ആളുകളെ എല്ലാവരേയും കാണത്തക്ക ദൂരത്തിൽ എത്തിയപ്പോൾ വള്ളം അവിടെ നിറുത്തുവാൻ അവിടുന്നു് ആജ്ഞകൊടുക്കുകയുണ്ടായി. സിമയോന്റെ പടവിൽ സിമയോന്റെ സമീപത്തിരുന്നുകൊണ്ടു് യേശു തന്റെ ആദ്യത്തെ പ്രസംഗം ചെയ്തു. ഏശയ്യാ ദീർഘദശിയുടെ പ്രവചനം അനുസ്മരിക്കത്തക്കവണ്ണം പണ്ഡിതലോകത്തെ ആകഷിച്ച ഒന്നായിരുന്നു അതു്. "ഇരുട്ടിലിരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തും നിഴലുകളിലും ഇരിക്കുന്നവക്കു് ഒരു പ്രകാശം ഉദിച്ചു." ഇതാണു് ഏശയ്യായുടെ പ്രവചനം.

---

ആധുനികലോകത്തിന്റെ മഹാവിപത്തായ കമ്മ്യൂണിസത്തെ ഉന്മൂലനം ചെയ്യുന്നതിന് നാം പ്രയോഗിക്കേണ്ട ഫലപ്രദമായ മാർഗ്ഗങ്ങൾ ഏവ? പ്രാർത്ഥന! പ്രായശ്ചിത്തം. ഇവ രണ്ടുമാണല്ലോ പരി. ദൈവജനനി ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു്, ആ മൂന്നു് കുട്ടികൾ, വഴി, ലോകത്തെ ഉൽബോധിപ്പിച്ചതും. പരി. പിതാവു് 11-ാം പീയൂസ് തിരുമേനിയും മേൽ വിവരിച്ച തിരുവെഴുത്തിൽ, ഉപശാന്തിമാർഗ്ഗമായി ഉപദേശിക്കുന്നതും ഇതുതന്നെയാണു്.

ലോകത്തിൽ, അല്ലാ, നമ്മുടെ കേരളത്തിലും ദൈവസ്ഥാപിതമായ മതത്തെപ്പററി ഇതുവരെ അറിഞ്ഞിട്ടില്ലാത്തവർ അറിയുന്നതിനും അങ്ങനെ, സ്നേഹരാജനായ ക്രിസ്തുവിന്റെ രാജ്യം—ഭരണം സർവ്വത്ര കൈവരുന്നതിനും സാർവ്വരാജ്ഞിയായ നമ്മുടെ അമ്മ ഇടവരുത്തട്ടെ.

അത്തരം ഒരു പ്രസംഗം ആ ജനതനി അതിനുമുമ്പു കേട്ടിട്ടുണ്ടായിരുന്നില്ല. അന്നു പട്ടിണിയായിപ്പോകുമല്ലോ എന്നോർത്തു സങ്കടപ്പെട്ടിരുന്ന സിമയോൺ പോലും ആനന്ദത്താൽ മതിമറന്നുപോയി. വി. യോഹന്നാൻ മാംദാനായുടെ ഒടുവിലത്തെ പ്രസംഗവും സിമയോൺ അനുസ്മരിച്ചു. "ഇതാ! ഞാൻ നിങ്ങൾക്കു വെള്ളംകൊണ്ടു മാമ്മോദീസാ നൽകുന്നു. എന്നാൽ എന്നെക്കാൾ ബലവാൻ വരുന്നുണ്ടു്. അവന്റെ ചെരുപ്പുകളുടെ കെട്ടുകൾ അഴിക്കുവാൻ ഞാൻ യോഗ്യനല്ല. അവൻ പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും നിങ്ങൾക്കു മാമ്മോദീസാ നൽകും മുറം തന്റെ കൈയിൽ അവൻ പിടിച്ചിരിക്കുന്നു, അവൻ തന്റെ കളങ്ങൾ വെടിപ്പാക്കി, കോതമ്പുകൾ തന്റെ കളപ്പുരകളിൽ ശേഖരിക്കയും പതിരു് കെടാത്തതീയിൽ ദഹിപ്പിക്കയും ചെയ്യും."

അഗ്നികൊണ്ടു മാമ്മോദീസാ നൽകുവാനുള്ള ആൾ തന്നെ തന്റെ മുമ്പിലിരിക്കുന്നതെന്നു ബോദ്ധ്യപ്പെട്ടതോടുകൂടി സിമയോൺ കൂടുതൽ ഭയചകിതനായി. പരിഭ്രമിച്ചിരിക്കുന്ന സിമയോന്റെ നേരേ മന്ദസ്മിതം തൂകിയിട്ടു് അവിടുന്നരുളിച്ചെയ്തു. "വള്ളം ആഴത്തിലേക്കു നീക്കിയിട്ടു് വലയെടുത്തൊന്നു വീശുക", വല കഴുകിക്കെട്ടി വീട്ടിലേക്കു പോകുവാൻ അവൻ ഒരുങ്ങിയിരിക്കയായിരുന്നു. അപ്പോഴാണു് യേശുവിന്റെ ആഗമനം. അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞിട്ടു പൊയ്ക്കൊള്ളാമെന്നു പിന്നെ വിചാരിച്ചു. പക്ഷ അദ്ദേഹം സിമയോന്റെ വള്ളത്തിലേക്കാണു കയറിയതു്. പ്രസംഗം കഴിഞ്ഞപ്പോൾ അദ്ദേഹം സിമയോനു് ഒരു കല്പനയും നൽകി.

ചുരുട്ടിക്കെട്ടി വച്ചിരുന്ന വല നിവിർത്തു് ഇനിയും വെള്ളത്തിലേയ്ക്കു് എറിയണമോ? ഇദ്ദേഹം നല്ല ഒരു പ്രസംഗം ചെയ്തു. എന്നാലും മീൻ പിടുത്തത്തിൽ ഇദ്ദേഹം വിദഗ്ദ്ധനാണോ? ഞാനും ചേട്ടനുംകൂടി രാത്രി മുഴുവനും ബുദ്ധിമുട്ടിയിട്ടു് ഒന്നും കിട്ടിയില്ല. പിന്നെ ഇദ്ദേഹത്തിന്റെ വാക്കുകേട്ടുകൊണ്ടു് വല നനച്ചാലോ; ഇങ്ങനെ അനേകം ചിന്തകൾ സിമയോന്റെ മസ്തിഷ്ക്കത്തിൽ കൂടി കടന്നുപോയെങ്കിലും ആ ദിവ്യപുരുഷന്റെ മുഖത്തു നോക്കി വിസമ്മതം പ്രകടിപ്പിക്കുവാൻ അയാൾക്കു ധൈര്യമില്ലായിരുന്നു. അതുകൊണ്ടാണു്: "റബ്ബി ഞങ്ങൾ രാത്രിമുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കനുസരിച്ചു ഞാൻ വലയിടാം" എന്നു സിമയോൺ പറഞ്ഞതു്.

മടക്കിക്കെട്ടി വച്ചിരുന്ന വല വിരിഞ്ഞു വെള്ളത്തിലേക്കു വീഴുന്നതു കണ്ടപ്പോൾ കരയ്ക്കുനിന്നവർ ആക്ഷേപസൂചകമായി മുഖം കോട്ടിപ്പിടിച്ചു നിന്നു. നിരാശനായ സിമയോൺ ഒരു പാഴ്‌വേല നടത്തുന്നു എന്നാണവർ വിചാരിച്ചതു്. എന്നാൽ പൊക്കി എടുക്കുന്ന വലയ്ക്കകത്തു് നിറഞ്ഞു കവിഞ്ഞ മീൻ കിടക്കുന്നതും അവ മേൽപോട്ടു കുതിക്കുന്നതും കണ്ടപ്പോൾ അവരുടെ അധരങ്ങൾ വിസ്മയംകൊണ്ടു പൊളിഞ്ഞു നിന്നുപോയി. സിമയോനും അന്ത്രയോസുംകൂടി പ്രയത്നിച്ചിട്ടും വല വള്ളത്തിനകത്തു കയററുവാൻ സാധിച്ചില്ല. വലയുടെ ചില കണ്ണികൾ ഭാരം കൊണ്ടു് വിട്ടുപോകുന്നതും അവർ കാണുകയുണ്ടായി. സെബദിയുടെ വള്ളമാണു് അടുത്തു കിടന്നിരുന്നതു്. യാക്കോബും യോഹന്നാനും അതിന്മേൽ നിവന്നുനിന്നു് വല കഴുകുകയായിരുന്നു. അന്ത്രയോസ് അവരുടെ നേരേ അടയാളം കാണിച്ച മാത്രയിൽ അവരും അടുത്തുവന്നു നാലു പേരുംകൂടി പിടിച്ചാണു് വല മുഴുവനായി പൊക്കി എടുത്തു് രണ്ടു പടവുകളും മീൻകൊണ്ടു നിറച്ചതു്.

അത്ഭുതകരമായ ആ മീൻ പിടിത്തം കണ്ടപ്പോൾ അവരെല്ലാം മൂകീഭൂതരായി കണ്ണുമിഴിച്ചുനിന്നു പോയി. പഴയ നിയമ ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ള ആളായിരുന്നു സിമയോൺ. ദൈവത്തെ അഭിമുഖമായി കാണുന്ന പാപികൾ ഉടൻ മരിച്ചു പോകുമെന്നു് യഹൂദയന്മാരുടെ ഇടയിൽ ബലമായ ഒരു വിശ്വാസമുണ്ടായിരുന്നു. പെട്ടെന്നു മരണത്തെക്കുറിച്ചോർത്തതു സിമയോനാണു്. തന്റെ മുമ്പിൽ ഇരിക്കുന്ന ആൾ ദൈവമാണെന്നു് ആദ്യമായി വിശ്വസിച്ചതും സിമയോൺ തന്നെ. അയാളുടെ ദേഹം മുഴുവനും വിറയ്ക്കുന്നുണ്ടായിരുന്നു. യേശുവിന്റെമുമ്പിലേക്കു നീങ്ങിനിന്നിട്ടു് അയാൾ പറഞ്ഞു: "എന്റെ കർത്താവെ ഞാൻ പാപിയായ മനുഷ്യനായതുകൊണ്ടു് നീ എന്നിൽ നിന്നും അകന്നു പോകേണമേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു."

അപ്പോഴും വിറച്ചുകൊണ്ടു നിന്നിരുന്ന സിമയോന്റെ മേൽ അനുകമ്പയോടുകൂടി നോക്കിയിട്ടു് അവിടുന്നു് അരുളിച്ചെയ്തു: "നീ ഭയപ്പെടേണ്ടാ, നീ ഇതുമുതൽ ആയുസ്സിലേക്കായി മനുഷ്യരെ പിടിക്കുന്നവനായിത്തീരും" അവർ നാലുപേരും ആ പടവുകൾ കരയ്ക്കടുപ്പിച്ചിട്ടു് യേശുവിന്റെ പിന്നാലേ പോയി.

വി. യോഹന്നാൻ സുവിശേഷകൻ സിമയോനെ അവതരിപ്പിക്കുന്നതു വേറൊരു രൂപത്തിലാണു്. അദ്ദേഹം തന്റെ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തുതന്നെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "യോഹന്നാനിൽ നിന്നും കേട്ടു് യേശുവിന്റെ പിന്നാലെ പോയവരിൽ ഒരുത്തൻ സിമയോന്റെ സഹോദരനായ അന്ത്രയോസ് ആയിരുന്നു. ഇവൻ തന്റെ സഹോദരനായസിമയോനെ ആദ്യം കണ്ടു് അവനോടു്: ഞങ്ങൾ മിശിഹായെ കണ്ടു എന്നു പറഞ്ഞു. അവനെയേശുവിന്റെ അടുക്കൽ കൂട്ടിക്കൊണ്ടുവന്നു. യേശു അവനെനടക്ഷിച്ചു നോക്കിയിട്ടു് അരുളിച്ചെയ്തു: നീ യോനായുടെ പുത്രനായ സിമയോൺ ആകുന്നു. നീ കേപ്പാ (പത്രോസ്) എന്നു് ഇനി വിളിക്കപ്പെടും."

നമ്മുടെ ദിവ്യരക്ഷകൻ ഏററം ആദ്യമായി സിമയോനെ കണ്ടുമുട്ടിയതു് വി. യോഹന്നാൻ വിവരിക്കുന്ന രീതിയിലായിരിക്കണം. രണ്ടാമത്തെ കൂടിക്കാഴ്ചയെപ്പററ

യായിരിക്കണം. വി. ലൂക്കാ തൻെറ ഗ്രന്ഥത്തിൻെറ 5-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതു്. ‚‚ആ പടവുകളിൽ ഒന്നു സിമയോൺ കേപ്പായുടെതായിരുന്നു'' എന്നു വി. ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ സിമയോനു കേപ്പാ എന്ന പേരു ലഭിച്ചുകഴിഞ്ഞിട്ടുള്ള ഒരു സംഭവത്തെപ്പററിയാണ്‌ വി. ലൂക്കാ പറയുന്നതെന്നു സുഷ്ടമാണല്ലൊ.

കേപ്പാ എന്നതിനു് പാറ എന്നാണർത്ഥം. യാക്കോബിനെയും യോഹന്നാനെയും ഇടിയുടെ പുത്രന്മാർ എന്നൊരിക്കൽ ദിവ്യഗുരു വിളിക്കയുണ്ടായി. അതു് ഇടിയുടെയും മിന്നലിൻെറയും സ്വഭാവം അവർ പ്രദർശിപ്പിച്ചുകൊണ്ടാണ്‌. പാറ ധൈര്യമാണ് സൂചിപ്പിക്കുന്നതെങ്കിൽ സിമയോണ്‌ പാറ എന്ന പേരൊട്ടും യോജിക്കുന്നില്ല. വി. ലൂക്കായുടെ സുവിശേഷം 22–ാം അദ്ധ്യായത്തിൽ ദിവ്യരക്ഷകനും പത്രോസും തമ്മിൽ നടന്ന ഒരു സംഭാഷണം കാണുന്നുണ്ട്‌. മററെല്ലാവരെക്കാളും ധീരനും വിശ്വസ്തനും താൻ ആണെന്നു സ്ഥാപിച്ചുകൊണ്ടായിരുന്നു പത്രോസിൻെറ മറുപടി. ‚‚സിമയോനെ, ഇതാ! സാത്താൻ നിങ്ങളെ കോതമ്പുപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. നിൻെറ വിശ്വാസം ക്ഷയിച്ചു പോകാതിരിക്കുവാൻ നിനക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കയാണ്‌. നീയും ഒരിക്കൽ നിൻെറ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക.''

‚‚കർത്താവെ, നിന്നോടുകൂടി കാരാഗൃഹത്തിലേക്കും മരണത്തിലേക്കും പോരുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു.''

‚‚സിമയോനെ, ഞാൻ നിന്നോടു പറയുന്നു: നീ എന്നെ അറിയുന്നില്ല എന്നു മൂന്നു പ്രാവശ്യം നിഷേധിച്ചു പറയുന്നതുവരെ ഇന്നു കോഴി കൂകുകയില്ല.''

ഭീതിജനകമായ ഈ പ്രവചനം കേട്ടിട്ടും പത്രോസ്‌ ഇളകിയില്ല. പത്രോസിൻെറ അടുത്ത വാചകം ഔദ്ധത്യം നിറഞ്ഞതാണ്‌. വി. മത്തായിയും, വി. മർക്കോസും മാത്രമേ അതു രേഖപ്പെടുത്തിയിട്ടുള്ളു. ‚‚ഞാൻ നിന്നോടുകൂടി മരിക്കേണ്ടിവന്നാലും, എൻെറ കർത്താവെ, ഞാൻ നിന്നെ നിഷേധിച്ചു പറയുകയില്ല,''എന്നായിരുന്നു അതു്. പത്രോസ്‌ ഒരു പാറ തന്നെയാണെന്നു തോന്നിപ്പോകയില്ലെ? പക്ഷേ അടുത്തു നടന്ന സംഭവം വളരെ പരിതാപകരമാണ്‌. കയ്യാപ്പായുടെ കച്ചേരിയുടെ മുററത്തേക്കുള്ള പടിവാതിൽ പത്രോസ്‌ കടന്നപ്പോൾ ഒരു പരിചാരിക ചോദിച്ചു: ‚‚നീയും ആ മനുഷ്യൻെറ ശിഷ്യന്മാരിൽ ഒരുവനല്ലയോ?'' പത്രോസിൻെറ ഉറപ്പിച്ചുള്ള മറുപടി ‚‚അല്ലാ, ഞാനല്ല'' എന്നു തന്നെ.

‚‚തീർച്ചയായിട്ടും നീ നസറത്തിലെ യേശുവിനോടുകൂടിയുണ്ടായിരുന്നു.''

‚‚നീ എന്തുദ്ദേശിച്ചു പറയുന്നുവെന്നു ഞാൻ അറിയുന്നില്ല.''

‚‚നീ അയാളോടു കൂടിയുണ്ടായിരുന്നുവെന്നു തീർച്ചയായും എനിക്കറിയാം.''

‚‚സ്ത്രീയെ, ഞാൻ അയാളെ അറിയുകപോലുമില്ല.''

പത്രോസ്‌ ഗേററുകടന്നു് ഓടിപ്പോകുവാൻ ശ്രമിക്കയാണ്‌. പക്ഷേ വാതിൽക്കൽവച്ചു് അയാൾ മറെറാരു പരിചാരികയെ കണ്ടുമുട്ടി. അവൾ പത്രോസിനെ ചൂണ്ടി പറഞ്ഞു:

‚‚തീർച്ചയായും ഈ മനുഷ്യൻ നസ്രത്തിലെ യേശുവിനോടുകൂടിയുണ്ടായിരുന്നു.''

‚‚സത്യമായിട്ടും ഞാൻ ആ മനുഷ്യനെ അറിയുകയില്ല.''

‚‚തീർച്ചയായിട്ടും നീ അവരിൽ ഒരുത്തനാണ്‌.''

‚‚തീർച്ചയായിട്ടും ഞാൻ അവരിൽ ഒരുത്തനല്ല.''

ഈ വാഗ്വാദം കേട്ടുനിന്നിരുന്ന ഒരുത്തൻ ചോദിച്ചു: ‚‚എന്തു്? നീ ആ സംഘത്തിൽപെട്ട ഒരുത്തനല്ലെ?''

‚‚മനുഷ്യാ, ഞാൻ അവരിൽ ഒരുത്തനല്ല,''

പെട്ടെന്നു വാതിൽ കടന്നു പോകുവാൻ പത്രോസിനു സാധിച്ചില്ല. കണ്ണും പൂട്ടി സകലവും നിഷേധിക്കുന്ന ആ മനുഷ്യനെ കുടുക്കിലാക്കുവാൻ ചിലർ വട്ടംകൂടി പറഞ്ഞു:

‚‚തീർച്ചയായും നീ അവൻെറ ശിഷ്യരിൽ ഒരുവനാണ്‌; നിൻെറ സംഭാഷണരീതി നീ ആരാകുന്നുവെന്നു തെളിയിക്കുന്നു. നീ ഒരു ഗലീലേയാക്കാരൻ തന്നെയാണ്‌.'' മാൽക്കൂസിൻെറ ബന്ധുവായ ഒരുത്തൻ ശക്തിയായി അതിനെ പിൻതാങ്ങിക്കൊണ്ടു ചോദിച്ചു: ‚‚ഞാൻ നിന്നെ തോട്ടത്തിൽവച്ചു് അവനോടുകൂടി കണ്ടില്ലയോ?'' പത്രോസ്‌ നഷ്ടധൈര്യനായി. എന്നിട്ടും പറഞ്ഞു:

‚‚നിങ്ങൾ എന്തിനെപ്പററി സംസാരിക്കുന്നുവെന്നു ഞാൻ അറിയുന്നില്ല. നിങ്ങൾ പറയുന്ന ആ മനുഷ്യനെ എനിക്കറിഞ്ഞുകൂടാ.'' ആ സമയത്തായിരുന്നു യേശു അയാളുടെ നേരേ തിരിഞ്ഞു നോക്കിയതും കോഴി രണ്ടാം പ്രാവശ്യം കൂകിയതും.

ചെയ്ത തെററിനു പരിഹാരം ചെയ്യുവാൻ പത്രോസിനു് ഒരവസരം ലഭിച്ചു. നമ്മുടെ കർത്താവിൻെറ ഉയിർപ്പു കഴിഞ്ഞു് ശ്ലീഹന്മാരും ശിഷ്യന്മാരും ആഹ്ലാദഭരിതരായിരിക്കയാണ്‌. തോമ്മായും, നത്താനിയേലും, യാക്കോബും, യോഹന്നാനും, മററുരണ്ടു ശിഷ്യന്മാരും കൂടിയുള്ള ഒരു സദസ്സിൽ പത്രോസ്‌ വന്നു നിന്നുകൊണ്ടു പറഞ്ഞു: ‚‚ഞാൻ ഒരു മീൻ പിടിത്തത്തിനു പോകയാണ്‌. നിങ്ങൾ പോരുന്നോ?''

വലകൾ മടക്കിക്കെട്ടി വച്ചിട്ടു് കാലങ്ങൾ കുറേ കഴിഞ്ഞു. പത്രോസ്‌ തൻെറ വല അഴിച്ചു പഴയ ജോലിയിൽ പ്രവേശിക്കുവാൻ പോകയാണെങ്കിൽപിന്നെ അവരെന്തിനു പുറകോട്ടു നിൽക്കണം? ‚‚ഞങ്ങളുംകൂടെ പോരുന്നു'' എന്നാണവർ പറഞ്ഞതു്. എല്ലാവരുംകൂടി ഒരു വള്ളത്തിൽ കയറി പുറപ്പെട്ടു. രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും അവക്കൊന്നും കിട്ടിയില്ല. മീൻപിടിത്തത്തിൽ ഒരു കാലത്തു് അവർ നല്ല വിദഗ്ധന്മാരായിരുന്നു. പക്ഷേ ഇപ്പോൾ അവർ പരാജയപ്പെട്ടുകയാണ്‌. വള്ളം

അവർ കരയോടടുപ്പിച്ചു കൊണ്ടുവന്നു. എന്നാൽ കരയ്ക്ക് ഒരാൾ അവരെ പ്രതീക്ഷിച്ചു നിന്നിരുന്നതു് അവർ ആദ്യം കണ്ടില്ല. അദ്ദേഹം അവരോടു ചോദിച്ചു: "കുഞ്ഞുങ്ങളെ നിങ്ങൾക്കു ഭക്ഷിക്കുവാൻ വല്ലതുമുണ്ടോ?" നിങ്ങൾക്കു വീട്ടിൽ കൊണ്ടുപോകാൻ മാത്രമെങ്കിലും വല്ലതും കിട്ടിയോ എന്നായിരുന്നു ആ ചോദ്യത്തിന്റെ അർത്ഥം. ഒന്നുമില്ലെന്നു തന്നെയായിരുന്നു അവരുടെ മറുപടി. നിങ്ങൾ പടവിന്റെ വലത്തുവശത്തു വീശുക, നിങ്ങൾക്കു മീൻ കിട്ടും." കരയ്ക്കുനിന്ന ആളിന്റെ നിർദ്ദേശം! അവർ ഇടത്തും വലത്തും വീശിനോക്കിയതാണ്. ഇതുവരെയും ഒന്നും കിട്ടിയില്ല. വല വള്ളത്തിൽതന്നെ കിടക്കുന്നു. അതെടുത്തു വലത്തുവശത്തേക്കു മാററുവാൻ ബുദ്ധിമുട്ടില്ലല്ലോ? പത്രോസ് വല വലിച്ച് വലത്തു വശത്തേക്കിട്ടു. വലിയ ഒരുപററം മീൻ അതിൽ കുരുങ്ങി. വല വലിച്ചു കയററുവാൻ അവർക്കു സാധിക്കാതെവന്നു. നേരം വെളുത്തു വരുന്നതേയുള്ളു. കരയ്ക്കുനിൽക്കുന്ന മനുഷ്യനെ അവരെല്ലാവരും സൂക്ഷിച്ചുനോക്കി, യോഹന്നാനാണ് ആളെ ആദ്യമായി മനസ്സിലാക്കിയതു്. അയാൾ പത്രോസിന്റെ അടുത്തുചെന്നു് ചെവിയിൽ പറഞ്ഞു. "അതു നമ്മുടെ കർത്താവാണ്, തീച്ച."

പത്രോസ് സംശയിച്ചു നിന്നേ ഇല്ല. വള്ളത്തിൽ ചുരുട്ടി വച്ചിരുന്ന തന്റെ അങ്കി എടുത്തു് ഉടൻ അരയിൽ ചുററി, കടലിലേക്കു കുതിച്ചുചാടി, യേശുവിന്റെ അടുക്കലേക്കു നീന്തി എത്തുവാൻ. വല വലിച്ചു കയററുവാൻ മററുള്ളവരും ശ്രമിച്ചില്ല. മത്സ്യങ്ങളുള്ള ആ വലയും വലിച്ചുകൊണ്ടു് അവർ വള്ളത്തേൽ കരയ്ക്കടുത്തു. വള്ളത്തിൽ നിന്നും ഇറങ്ങിയപ്പോൾ അവർ കണ്ടു ജ്വലിക്കുന്ന തീക്കനലുകളും അതിന്മേൽ വച്ചിരിക്കുന്ന മത്സ്യവും. മത്സ്യവും കൊണ്ടായിരിക്കണം പത്രോസ് നീന്തി കര പിടിച്ചതു്. അവരെ കണ്ടപ്പോൾ കർത്താവു പറഞ്ഞു: "നിങ്ങൾ ഇപ്പോൾ പിടിച്ച മൽസ്യങ്ങളിൽ ചിലതു കൊണ്ടുവരിക." പത്രോസാണ് അപ്പോൾ എഴുന്നേററു് ആ വല കരയിലേയ്ക്കു വലിച്ചുകയററിയതു് അവരെല്ലാവരുംകൂടി എണ്ണിനോക്കി നൂററിയമ്പത്തിമൂന്നെണ്ണമുണ്ടായിരുന്നു.

സമൃദ്ധമായിരുന്നു അവരുടെ അന്നത്തെ പ്രാതൽ. അതിനുശേഷം ദിവ്യരക്ഷകൻ പത്രോസിന്റെ നേരെ തിരിഞ്ഞുചോദിച്ചു: "യോനായുടെ പുത്രനായ സിമയോനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നോ?" പത്രോസിന്റെ മറുപടി: "എന്റെ കർത്താവെ, ഉവ്വ്; ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലൊ." യേശു സംപ്രീതനായി പറഞ്ഞു: "എന്റെ കുഞ്ഞാടുകളെ എനിക്കായി നീ മേയ്ക്കുക." സിമയോനോടു വീണ്ടും കർത്താവു ചോദിച്ചു: "യോനായുടെ പുത്രനായ സിമയോനെ, എന്നെ സ്നേഹിക്കുന്നുവോ?"

പത്രോസിന്റെ മറുപടി പഴയതുതന്നെ, "എന്റെ കർത്താവെ, ഉവ്വ്; ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലൊ." ദിവ്യനാഥൻ രണ്ടാമതൊരധികാരം കൂടി പത്രോസിനു നൽകി. "എന്റെ കുഞ്ഞാടുകളെ എനിക്കായി നീ മേയ്ക്കുക."

ഇതുകൊണ്ടും തൃപ്തനായില്ല എന്നമട്ടിൽ കർത്താവു് മൂന്നാംപ്രാവശ്യം ചോദിച്ചു: "യോനായുടെ പുത്രനായ സിമയോനെ, നീ എന്നെ സ്നേഹിക്കുന്നോ?" മൂന്നാമത്തെ തവണയും അതേ ചോദ്യം തന്നെ ആവർത്തിച്ചപ്പോൾ പത്രോസ് വിവശനായി. മറുപടി എങ്ങനെ പറയേണ്ടു എന്നയാൾ പകച്ചുനിന്നു. "എന്റെ കർത്താവെ, നീ എല്ലാം തിരിച്ചറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നുവല്ലൊ." അതായിരുന്നു ഗദ്ഗദം കൊണ്ടു പതറിയ സ്വരത്തിൽ അയാളുടെ മറുപടി. "എന്റെ ആടുകളെ എനിക്കായി നീ മേയ്ക്കുക." കർത്താവിന്റെ കല്പന.

ഭാരം കേറിയാൽ കുമ്മായക്കല്ലുപോലെ പൊടിഞ്ഞുപോകുന്ന സിമയോനെ പാറ എന്നർത്ഥമുള്ള പത്രോസ് എന്നു ദിവ്യനാഥൻ വിളിക്കുവാൻ കാരണമെന്തു് എന്ന ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു. അഞ്ചപ്പംകൊണ്ടു് അയ്യായിരം പേർക്കും ഏഴപ്പംകൊണ്ടു് നാലായിരംപേർക്കും സമൃദ്ധിയായി ഭക്ഷിക്കുവാനുള്ള ഭക്ഷണം അത്ഭുതംമൂലം ഉണ്ടാക്കിക്കഴിഞ്ഞിരുന്ന ഒരു കാലഘട്ടത്തിലാണ് യേശു അതു വെളിപ്പെടുത്തുവാൻ തിരുമനസ്സായതു്. അവിടുന്നു ഫിലിപ്പോസിലെ കേസറിയാ പ്രദേശത്തു് തന്റെ ശിഷ്യന്മാരോടുകൂടി ഒരിക്കൽ വന്നുചേർന്നു. അവിടെവച്ച് ശ്ലീഹന്മാരെ ഒന്നു പരീക്ഷിക്കുവാൻ വേണ്ടി അവിടുന്നു് ഒരു ചോദ്യം ചോദിക്കയുണ്ടായി, "മനുഷ്യപുത്രനായ ഞാൻ ആരാകുന്നു എന്നാണു മനുഷ്യർ എന്നെക്കുറിച്ച് പറയുന്നതു്?" അവരിൽ മൂന്നുപേർ അതിനു മറുപടി പറഞ്ഞു. ഒന്നാമന്റെ പ്രത്യുത്തരം: "അങ്ങു് സ്നാപക യോഹന്നാൻ ആണെന്നാണു ചിലർ പറയുന്നതു്." രണ്ടാമൻ. "അങ്ങു് ഏലിയാ ദീർഘദർശിയാകുന്നു എന്നാണു ചിലരുടെ അഭിപ്രായം" മൂന്നാമൻ: "അങ്ങു് ഏറമിയായോ, അല്ലെങ്കിൽ പ്രവാചകരിൽ ഒരുവനോ ആണെന്നാണു ചിലരുടെ അഭിപ്രായം."

ജനങ്ങളുടെ ഇടയിൽ തന്നെപ്പററിയുള്ള അഭിപ്രായങ്ങൾ എന്തെല്ലാമാണെന്നു് അറിഞ്ഞതിനുശേഷം പുഞ്ചിരിതൂകിക്കൊണ്ടു് അവിടുന്നു മറെറാരു ചോദ്യംകൂടി ചോദിച്ചു. "എന്നാൽ ഞാൻ ആരാകുന്നു എന്താണു നിങ്ങളുടെ അഭിപ്രായം". അതിനു മറുപടി പറയുവാൻ ആർക്കും അത്ര എളുപ്പമായി തോന്നിയില്ല. ആദ്യത്തെ ചോദ്യത്തിനു മറുപടി പറയുവാൻ മൂന്നുപേർ ചാടി എഴുന്നേൽക്കയുണ്ടായി എന്നാൽ രണ്ടാമത്തെ ചോദ്യം എല്ലാവരുടെയും അധരങ്ങളെ പൂട്ടിക്കളഞ്ഞു. അല്പം ബുദ്ധിമുട്ടുള്ള പ്രശ്നങ്ങൾ വരുമ്പോൾ എല്ലാവരും പത്രോസിന്റെ നേരെ നോക്കുക പതിവാണ്. അങ്ങനെ ഇത്തവണയും അവർ നോക്കി. പത്രോസ് സ്വസ്ഥാനത്തുനിന്നും എഴുന്നേററു

പറഞ്ഞു: "അങ്ങ് ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹാ ആകുന്നു."

അഭിനന്ദനസൂചകമായി എല്ലാവരുടെയും കണ്ണുകൾ ഇളകി. കർത്താവ് പത്രോസിനെ നോക്കി പറഞ്ഞു "യോനായുടെ പുത്രനായ സിമയോനെ, നീ ഭാഗ്യവാൻ. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിലുള്ള എൻെറ പിതാവല്ലാതെ ജഡവും രക്തവുമല്ല ഇതു നിനക്കു വെളിപ്പെട്ടത്തിയതു്. ഞാനും നിന്നോടു പറയുന്നു: നീ പാറയാകുന്നു; ഈ പാറമേൽ എൻെറ പള്ളി ഞാൻ പണിയും; നരകവാതില്വകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും: നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും: നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും."

ബലഹീനനായ ഒരു മനുഷ്യനായിരുന്നു പത്രോസ്. തിരുസ്സഭയുടെ അടിസ്ഥാനക്കാരൻ, സ്വർഗ്ഗത്തിൻെറ താക്കോൽക്കാരൻ, എന്നീ സ്ഥാനങ്ങൾ അയാളെ അഹങ്കാരത്തിൻെറ കുതിരപ്പുറത്തേക്കു തള്ളിക്കയററിക്കളഞ്ഞു. അതിനാൽ മനുഷ്യപുത്രൻ പീഡനങ്ങൾ സഹിക്കും, കുരിശുമരണമനുഭവിക്കും എന്നൊക്കെ ദിവ്യഗുരു നടത്തിയ പ്രവചനങ്ങൾ പത്രോസിനു് അരോചകമായിത്തീർന്നു. ഒരു വലിയ രഹസ്യം പറയുവാനെന്നമട്ടിൽ ഒരു ദിവസം പത്രോസ് കർത്താവിനെ വിളിച്ചു് അല്പം ദൂരെ കൊണ്ടുപോയിട്ടു മന്ത്രിച്ചു: "എൻെറ കർത്താവെ, ഇതൊന്നും അങ്ങേയ്ക്കു സംഭവിക്കുവാൻ ഇടയാകാതിരിക്കട്ടെ." ദിവ്യരക്ഷകൻ രൂക്ഷമായി പത്രോസിനെ നോക്കിയിട്ടു സ്വരമുയർത്തി പറഞ്ഞു: "സാത്താനെ, നീ എൻെറ പിന്നിലേക്കു മാറുക; നീ എനിക്കു് ഇടർച്ചയാകുന്നു; എന്തെന്നാൽ നീ മാനുഷികമായിട്ടുള്ളതല്ലാതെ ദൈവികമായിട്ടുള്ളതല്ല വിചാരിക്കുന്നതു്."

കർത്താവിൻെറ ശകാരം മററു ശിഷ്യന്മാർ കേൾക്കയുണ്ടായി. പത്രോസിനെ പ്രഥമസ്ഥാനത്തുനിന്നും അവിടുന്നു തള്ളിക്കളഞ്ഞു എന്നാണവർ കരുതിയതു്. എന്നാൽ അടുത്തു നടന്ന ഒരു സംഭവം ആ തെററിദ്ധാരണയെ ദൂരീകരിച്ചു. കാപർനാഹോമിൽ എത്തിയപ്പോൾ തലക്കാണം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ വന്നു് പത്രോസിനോടു ചോദിച്ചു: "നിങ്ങളുടെ റബ്ബി തലക്കാണം കൊടുക്കുന്നില്ലയോ" എന്നു്, "കൊടുക്കുന്നു" എന്നായിരുന്നു പത്രോസിൻെറ മറുപടി. പക്ഷേ പത്രോസ് അടുത്തുചെന്നപ്പോൾ കർത്താവു് ചോദിച്ചു: "സിമയോനെ, നിനക്കെന്തുതോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ആരിൽനിന്നാണു് ചുങ്കവും തലക്കാണവും പിരിക്കുന്നതു്? സ്വന്തം മക്കളിൽ നിന്നോ, അന്യരിൽ നിന്നോ?"

"അന്യരിൽനിന്നു്."

"എന്നാൽ മക്കൾ സ്വതന്ത്രരാണു്. എങ്കിലും നാം അവയ്ക്കു് ഇടർച്ച വരുത്താതിരിക്കുന്നതിനു് നീ കടലിലേക്കു പോയി ചൂണ്ടയിട്ടു കിട്ടുന്ന ആദ്യമത്സ്യത്തിൻെറ വായ് തുറക്കുക. ഒരു എസ്തേറാ നീ കണ്ടെത്തും. നീ അതെടുത്തു് എനിക്കും നിനക്കും വേണ്ടി കൊടുക്കുക."

പത്രോസ് മീൻ പിടിക്കുവാൻ കടലിലേക്കു പോയി. ആദ്യം കിട്ടിയ മീനിൻെറ വായിലിരുന്നു കിട്ടി ഒരു എസ്തേറാ. പത്രോസ് അതു് തൻെറ ഗുരുവിനും തനിക്കും വേണ്ടി ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചു. അപ്പോൾ ശിഷ്യന്മാർ മനസ്സിലാക്കി പത്രോസിൻെറ സ്ഥാനത്തിനു കോട്ടമൊന്നും പററിയിട്ടില്ലെന്നു്.

ഒരിക്കൽ ദിവ്യനാഥൻ പ്രാർത്ഥനയെക്കുറിച്ചു് ശിഷ്യന്മാരോടു പ്രസംഗിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോഴാണു് പത്രോസിനൊരു സംശയമുണ്ടായതു്. "എൻെറ കർത്താവെ, എൻെറ സഹോദരൻ എന്നോടു തെററു ചെയ്താൽ ഞാൻ അവനോടു് എത്രപ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യം വരെയോ?"

കർത്താവിൻെറ മറുപടി: "ഏഴുവരെ എന്നല്ല ഞാൻ നിന്നോടു പറയുന്നതു് ഏഴേഴുവീതം എഴുപതു പ്രാവശ്യം വരെ." ഇതേ തുടർന്നാണു് പതിനായിരം കക്രാ കടം വാങ്ങിയിരുന്ന ഒരു ഭൃത്യൻെറയും നൂറു ദനാറാമാത്രം കടം കൊണ്ടിരുന്ന കൂട്ടു ഭൃത്യൻെറയും കഥ അവിടുന്നരുളിച്ചെയ്തതു്.

പിന്നീടു ധനവാനായ ഒരു യുവാവു് കർത്താവിൻെറ അടുക്കൽ വരികയുണ്ടായി. പരിപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നവൻ തനിക്കുള്ളതെല്ലാം വിററു ദരിദ്രർക്കു കൊടുത്തശേഷം യേശുവിൻെറ പിന്നാലെ ചെല്ലണമെന്നു കേട്ടപ്പോൾ അയാൾ മ്ലാനവദനനായി പൊയ്ക്കളഞ്ഞു. അതു കണ്ടപ്പോൾ അവിടുന്നരുളിച്ചെയ്തതു്: "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതു് എളുപ്പമാകുന്നു" എന്നാണു്. അപ്പോൾ പത്രോസ് ഒരു ചോദ്യവുമായി എഴുന്നേററു: "ഇതാ! ഞങ്ങൾ എല്ലാം ഉപേക്ഷിച്ചു നിൻെറ പിന്നാലെ വന്നിരിക്കുന്നു. ഞങ്ങൾക്കു് എന്തു ലഭിക്കും?" ഇതായിരുന്നു അവിടുത്തെ മറുപടി. "എൻെറ നാമം നിമിത്തം വീടുകളെയോ, സഹോദരന്മാരെയോ, സഹോദരികളെയോ, അപ്പനേയോ, അമ്മയേയോ, ഭാര്യയേയോ, മക്കളേയോ, നിലങ്ങളെയോ ഉപേക്ഷിക്കുന്ന ഏവനും ഒന്നിനു നൂറായി ലഭിക്കും; നിത്യജീവനെ അവൻ അവകാശപ്പെടുത്തുകയും ചെയ്യും."

തൻെറ മാംസം ഭക്ഷിക്കയും തൻെറ രക്തം പാനം ചെയ്യുകയും ചെയ്യാത്തവൻ ജീവിക്കയില്ല എന്നു തുടങ്ങി കുർബാനയെക്കുറിച്ചു് ദിവ്യരക്ഷകൻ ഒരിക്കൽ ജനക്കൂട്ടത്തോടു ദീർഘമായി പ്രസംഗിച്ചു. യഹൂദന്മാരുടെ ഇടയിൽ അതു് ഇടർച്ചയ്ക്കു കാരണമായി. "ഈ വാക്കു കഠിനമാകുന്നു. ഇതു് അനുസരിക്കുവാൻ ആർക്കു കഴിയും?" എന്നു ചോദിച്ചുകൊണ്ടു് അവിടുത്തെ ശിഷ്യന്മാരിൽ പലരും കൂട്ടത്തിൽ നിന്നും പിരിഞ്ഞുപോയി. എന്നിട്ടും

കർത്താവു തന്റെ വാക്കുകളെ മയപ്പെടുത്തിയില്ല. പന്ത്രണ്ടു പേരുടെ നേരേ തിരിഞ്ഞു് ചോദിച്ചു: "നിങ്ങളും എന്നെ വിട്ടുപോകുവാൻ ഉദ്ദേശിക്കുന്നോ?" എന്നു്. പത്രോസാണു് അതിനു മറുപടി പറഞ്ഞതു്. "എന്റെ കർത്താവെ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിനക്കുണ്ടു്, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നുവെന്നു ഞങ്ങൾ വിശ്വസിക്കയും അറിയുകയും ചെയ്തിരിക്കുന്നു." പത്രോസിനോടു പ്രത്യുത്തരമായി അവിടുന്നു് ഒരു വലിയ രഹസ്യം വെളിപ്പെടുത്തി. "ഞാനല്ലയോ നിങ്ങൾ പന്ത്രണ്ടുപേരേ തിരഞ്ഞെടുത്തതു്? എങ്കിലും നിങ്ങളിൽ ഒരുത്തൻ സാത്താനാകുന്നു."

അഞ്ചപ്പംകൊണ്ടു് അയ്യായിരം പുരുഷന്മാർ തിന്നു തൃപ്തരായി. അവർക്കു പുറമേ അനേകം സ്ത്രീകളും കുഞ്ഞുങ്ങളും അവിടെയുണ്ടായിരുന്നു. ഇവരെല്ലാം ഭക്ഷിച്ചതിനു ശേഷം മിച്ചം വന്നതുതന്നെയുണ്ടായിരുന്നു പന്ത്രണ്ടു കൊട്ടനിറയെ. ഈ അത്ഭുതം കണ്ടപ്പോൾ ജനങ്ങളുടെ ഇടയിൽ ഒരു പുതിയ അഭിപ്രായം പൊങ്ങിവന്നു. യേശുവിനെ ഉടൻരാജാവായി വാഴിക്കണമെന്നായിരുന്നു അതു്. അപ്പസ്തോലന്മാരുടെ പ്രതീക്ഷകൾ സഫലമാകാൻ പോകുന്നു, എന്നവർ വിചാരിക്കയുണ്ടായി. അതിനാൽ അവരും അതിനനുകൂലികളായിരുന്നു. ഈ ബഹളങ്ങളിൽ അതൃപ്തനായ ഒരാൾ മാത്രമാണു് അവിടെയുണ്ടായിരുന്നതു്—യേശു. വ്യർത്ഥമായ കാര്യങ്ങളിൽ തലയിടാതെ ഉടൻ വള്ളത്തിൽ കയറി അക്കരയ്ക്കു പൊയ്ക്കൊള്ളുവാൻ പന്ത്രണ്ടു പേരോടുമായി അവിടുന്നു് അരുളിച്ചെയ്തു. അവർ മനസ്സില്ലാ മനസ്സോടെ പടവിൽ കയറി ഗലീലിയാ തടാകത്തിന്റെ മറുകരയിലേക്കു നീങ്ങി. ജനങ്ങളെയെല്ലാം പിരിച്ചുവിട്ട ശേഷം ദിവ്യഗുരു ഒരു വിജനപ്രദേശത്തേക്കുപോയി. അവിടുന്നു പ്രാർത്ഥനയിൽ മുഴുകുകയും ചെയ്തു.

അപ്പസ്തോലന്മാരുടെ വള്ളത്തിനു് ആദ്യം കാററു് അനുകൂലമായിരുന്നു. അവർ ഒരു പാട്ടുംപാടി അതിവേഗം മുന്നോട്ടുപോയി. നേരം അർദ്ധരാത്രി കഴിഞ്ഞിരുന്നു. തങ്ങളുടെ നാഥൻ ഒരു വലിയ രാജാവായി അഭിഷേകം ചെയ്യപ്പെടുമെന്നു തന്നെ ആയിരുന്നു അവരുടെ വിചാരം. പല മധുരസ്വപ്നങ്ങളും അവർ കണ്ടുകൊണ്ടിരുന്നു.

പെട്ടെന്നുണ്ടായി അന്തരീക്ഷത്തിൽ ഒരു മാററം. കല്ലോലങ്ങൾക്കു മുകളിൽ നൃത്തം ചെയ്തു നിന്നിരുന്ന നക്ഷത്രങ്ങൾ നിഷ്പ്രഭങ്ങളായി. കൊടുങ്കാററിന്റെ ലക്ഷണങ്ങളാണെന്നു കണ്ടപ്പോൾ അവരുടെ ഭയം വർദ്ധിച്ചു. അവരുടെ കൊച്ചു വള്ളത്തെ അമ്മാനയാടിക്കൊണ്ടു് തിരമാലകൾ കുതിച്ചുപൊങ്ങി. അവരുടെ വിദഗ്ദ്ധമായ കരങ്ങൾ കാററിനും പെരുമഴയ്ക്കും എതിരായി പ്രവർത്തിച്ചുകൊണ്ടിരുന്നു. എങ്കിലും കൊടുങ്കാററിന്റെ അജയ്യമായ ശക്തിയാൽ അവരുടെ വള്ളം നേർവഴിയിൽ നിന്നും വ്യതിയാനം ചെയ്യുകയും നടുക്കടലിൽ അങ്ങുമിങ്ങുമിട്ടടിച്ചുലയ്ക്കപ്പെടുകയും ചെയ്തു.

വെളുപ്പാൻ കാലമായിട്ടും അവർ പകുതി വഴിയെത്തിയില്ല. ആ രംഗത്തിന്റെ ചിത്രീകരണം ആബെഹം വാർഡിന്റെ വാക്കുകളിൽ ചെയ്തുകൊള്ളട്ടെ. കൊടുങ്കാററുമായുള്ള പോരാട്ടം അപ്പോഴും തുടർന്നുകൊണ്ടിരുന്നു. പെട്ടെന്നു് അലകളുടെ മുകളിൽക്കൂടി വളരെ ദൂരത്തായി ആരോ നടന്നുവരുന്നതു് അവർ കണ്ടു. തങ്ങളുടെ തോണിയുടെ കുറുകേ കഴിയത്തക്കവണ്ണം ആ സത്വം അവരുടെ അടുത്തു വരുന്നതായി അവർക്കുതോന്നി. അവർ കണ്ടതു് ഒരു ഭൂതമാണെന്നു് അന്ധാളിക്കയാൽ അവർ ഭയംകൊണ്ടു വിറച്ചു നിലവിളിച്ചുപോയി. എന്നാൽ ഉടൻതന്നെ അവർക്കു സുപരിചിതമായിരുന്ന ആ പ്രശാന്ത സുന്ദരമായ സ്വരം കൊടുങ്കാററിന്റെയും അലകളുടെയും ഘോരഗർജ്ജനത്തിനിടയിൽ കൂടി അവരുടെ ശ്രവണ പുടങ്ങളിൽ സുസ്പഷ്ടമായി പതിക്കയും അവരുടെ ഭീതിയെ നിശ്ശേഷം നശിപ്പിക്കയും ചെയ്തു.—ഞാൻ തന്നെ, ഭയപ്പെടേണ്ടാ—അതെ, അതു്, അവരുടെ ആപത്തിൽ അനുകമ്പാകുലനായ യേശുതന്നെയായിരുന്നു. അവിടുത്തെ ദിവ്യമായ സഹായത്തെപ്പററി അവർക്കുറപ്പുണ്ടായിരുന്നു. അവിടുത്തേക്കു സ്വാഗതം പറയുന്നതിനു് അവർ ബദ്ധപ്പെട്ടു. എന്നാൽ പത്രോസ് തനിക്കു സഹജമായ ഉത്സാഹത്തോടും ധൃതഗതിയോടുംകൂടി വിളിച്ചുപറഞ്ഞു: "ഗുരുവേ, അതു് അങ്ങാണെങ്കിൽ വെള്ളത്തിൽക്കൂടി അങ്ങേയടുക്കൽ വരുന്നതിനു് എന്നോടു കല്പിക്കുക." ഉടൻ ആ ജഗൽക്കർത്താവു അരുളിച്ചെയ്തു. "ഇറങ്ങിവരിക." ഉത്തരക്ഷണത്തിൽ ആ ശിഷ്യപ്രമുഖൻ വള്ളത്തിൽ നിന്നും എടുത്തുചാടി തന്റെ ഗുരുവിന്റെ അടുക്കലേക്കു നടന്നു തുടങ്ങി. ആദ്യം ഒട്ടും പതറാതെ തന്നെ അയാൾ തിരമാലകളുടെ മുകളിൽക്കൂടി നടന്നു. എന്നാൽ ചുററും കാററിന്റെ ശക്തി വർദ്ധിച്ചപ്പോൾ അയാൾ ഭയപ്പെടുകയും മുങ്ങിപ്പോകുവാൻ ഭാവിക്കയും ചെയ്തു. "ഗുരുവേ, ഞങ്ങളെ രക്ഷിക്കണേ" എന്നയാൾ നിലവിളിച്ചുപോയി. യേശു കൈനീട്ടി അയാളെ പൊക്കിപ്പിടിച്ചുകൊണ്ടു ചോദിച്ചു. "ഹാ മന്ദ വിശ്വാസിയായ മനുഷ്യാ, നീ എന്തുകൊണ്ടു സംശയിച്ചു?"

കർത്താവിന്റെ അന്ത്യ അത്താഴത്തിലെ മനോഹരമായ ഒരു ചിത്രം വി. യോഹന്നാൻ മാത്രമാണു നൽകുന്നതു്. എല്ലാവരും ഭക്ഷണമേശക്കരുകിൽ ഉപവിഷ്ടരായിക്കഴിഞ്ഞപ്പോൾ യേശുനാഥൻ അവരുടെ ഇടയിൽ നിന്നും എഴുന്നേററു്, മേൽവസ്ത്രം മാററി, ഒരു കച്ച അരയിൽ ചുററി. ദിവ്യഗുരു ഇങ്ങനെ ഒരുങ്ങുന്നതെന്തിനെന്നു് ശ്ലീഹന്മാർക്കു മനസ്സിലായില്ല. അവർ കർത്താവിനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അവിടുന്നു് ഒരു കഴിഞ്ഞ തട്ടവും ഒരു ജഗ്ഗ് നിറയെ വെള്ളവും വരുത്തി. ശ്ലീഹന്മാരുടെ വിസ്മയം അപ്പോഴും അവസാനിച്ചിട്ടില്ല. ഓരോരുത്തരുടെയും മുമ്പിൽ മുട്ടുകുത്തി അവരുടെ കാലുകൾ കഴുകുവാനും കച്ചകൊണ്ടു തുടയ്ക്കുവാനും തുടങ്ങിയപ്പോഴാണു് അവർക്കൊരു ഞെട്ടലുണ്ടായതു്. ഒരുത്തർക്കും സംസാരിക്കുവാൻ കഴി

# ഉത്തരീയധാരികൾ കർമ്മെലീത്തരോ?

(വെരി. റവ. ഫാദർ ബർണർഡിൻ, ഒ. സി. ഡി.)

ക്രിസ്ത്വാബ്ദം 1245. പൗരസ്ത്യദേശത്തുനിന്നും പാശ്ചാത്യദേശത്തേയ്ക്കു വ്യാപിച്ച കർമ്മലീത്താ സഭയുടെ, പൊതുശ്രേഷ്ഠനായി തിരഞ്ഞെടുക്കപ്പെടുന്നു വിശുദ്ധസൈമൺ സ്റ്റോക്ക്. അങ്ങനെ ദൈവമാതാവിനു പ്രിയംകരമായ സഭയെ സുരക്ഷിതമായ തുറമുഖത്തിലെത്തിക്കുകയെന്ന ക്ലേശകരവും വിഷമമേറിയതുമായ കൃത്യം തപോവൃദ്ധനും വയോവൃദ്ധനുമായ അദ്ദേഹത്തിന്റെ തോളിൽ നിപതിക്കുന്നു. പാശ്ചാത്യ ദേശത്തു വന്നതോടെ സഭയുടെ അകത്തുതന്നെ നവീന സാഹചര്യങ്ങൾക്കനുസരണമായ ചില വ്യതിയാനങ്ങൾ ആവശ്യമാണെന്നു് അദ്ദേഹത്തിനു തോന്നിയതനുസരിച്ചു് ഉന്നത വിദ്യാഭ്യാസത്തിനായി സഭയിലെ യുവാക്കന്മാരെ സർവ്വകലാശാലകളിലേയ്ക്കയയ്ക്കുന്നു അദ്ദേഹം. പാരമ്പര്യത്തിൽ നിന്നും അണുപോലും വ്യതിചലിക്കരുതെന്നു് മർക്കടമുഷ്ടിയോടെ വാദിച്ചിരുന്ന പഴമക്കാരായ സന്യാസികൾക്കു് ഇതു് അത്ര രസിച്ചില്ല. ഏതു തരത്തിലുള്ള പ്രതികൂല സാഹചര്യത്തെയും തരണം ചെയ്തു് മുമ്പോട്ടു പോകുന്നതിനുതന്നെ അദ്ദേഹം നിശ്ചയിച്ചു. അപ്പോഴാണു് ഇദംപ്രഥമമായി യൂറോപ്പിൽ പ്രചരിപ്പിക്കപ്പെട്ട ഈ പൗരസ്ത്യ സന്യാസ സഭയെ ഉന്മൂലനം ചെയ്യുന്നതിനുള്ള ഗൂഢശ്രമങ്ങൾ സഭയ്ക്കു പുറത്തും നടക്കുന്നതു്. ലാറററൻ സൂനഹദോസിന്റെ നിശ്ചയപ്രകാരം പുതിയതായി സന്യാസ സഭകൾ ആരംഭിക്കുന്നതു് അക്കാലത്തു് നിഷിദ്ധമായി കരുതപ്പെട്ടിരുന്നതിനാൽ ആ പ്രമാണത്തെ ആധാരമാക്കി, പല വൈദികശ്രേഷ്ഠന്മാരും, ഇടവക വൈദികരും, അൽമായ പ്രമുഖരും പ്രതിഷേധ കാഹളം മുഴക്കിക്കൊണ്ടു് ശത്രുപക്ഷത്തു ചേർന്നണിനിരന്നുകഴിഞ്ഞു. ഒരു പക്ഷേ കർമ്മലസഭ ഭൂമുഖത്തുനിന്നും ഉന്മൂലനം ചെയ്യപ്പെട്ടേയ്ക്കുമോ എന്നുപോലും പലരും ബലമായി ശങ്കിച്ചു. ഈ മഹാവിപൽഘട്ടത്തിൽ, കർമ്മെലീത്താസഭയ്ക്കും, തന്റെ അരുമസന്താനങ്ങൾക്കും നിരന്തരമായി അകത്തുനിന്നും പുറത്തുനിന്നും നേരിട്ടുകൊണ്ടിരുന്ന വിപത്തുകൾമൂലം ആകുല ചിത്തനായിത്തീർന്ന പ്രിയോൾ ജനറാൾ - വി. സൈമൺ സ്റ്റോക്ക്-പുത്രനിർവ്വിശേഷമായ സ്നേഹത്തോടും അചഞ്ചലമായ മനോവിശ്വാസത്തോടുകൂടി തന്റെ സഭയെയും അതിന്റെ അംഗങ്ങളെയും ഈ ആപത്തിൽ നിന്നു് രക്ഷിക്കണമെന്നു് കർമ്മെലസഭയുടെ അലങ്കാരമായ സ്വർഗ്ഗറാണിയോടു് അനുദിനം പ്രാർത്ഥിച്ചുവന്നു. കന്യകാ മറിയ

---

ഞ്ഞില്ല. തന്റെ അടുക്കലേക്കു നീങ്ങുന്നതുവരെ സിമെയോൻ മൗനമവലംബിച്ചു. പക്ഷേ ദിവ്യനാഥൻ പത്രോസിന്റെ കാലുകൽ കഴുകുവാൻ തുടങ്ങിയപ്പോൾ പത്രോസ് പ്രതിഷേധം പ്രകടിപ്പിക്കുവാൻ തയാറായി. യേശുവും പത്രോസും തമ്മിൽ അതേ സംബന്ധിച്ചു നടന്ന സംഭാഷണം രസകരമാണു്.

"എന്തു്! അങ്ങു് എന്റെ പാദങ്ങളെ കഴുകാൻ പോകുന്നോ?"

"ഞാൻ എന്തു ചെയ്യുവാൻ ആഗ്രഹിക്കുന്നുവെന്നു് ഇപ്പോൾ നിനക്കറിഞ്ഞുകൂടാ; എന്നാൽ നീ താമസിയാതെ അറിയും."

"ഒരിക്കലും പാടില്ല, ഒരിക്കലും അങ്ങു് എന്റെ പാദങ്ങളെ കഴുകുവാൻ പാടില്ല."

"ഞാൻ നിന്റെ കാലുകളെ കഴുകാതിരുന്നാൽ നിനക്കു് എന്നോടുകൂടി പങ്കുണ്ടായിരിക്കയില്ല."

"കർത്താവെ, എന്നാൽ എന്റെ പാദങ്ങൾ മാത്രമല്ല, എന്റെ കൈകളും തലയും കൂടി കഴുകിക്കൊള്ളുക."

"കുളിച്ചിരിക്കുന്നവനു് അവന്റെ കാലുകൾ മാത്രമല്ലാതെ കഴുകുവാൻആവശ്യമില്ല; അവൻ മുഴുവൻ ശുദ്ധിയുള്ളവനാകുന്നു. നിങ്ങളും ശുദ്ധിയുള്ളവരാകുന്നു; എങ്കിലും നിങ്ങളെല്ലാവരുമല്ല."

ഇങ്ങനെ സംസാരത്തിലും പ്രവൃത്തിയിലും പത്രോസ് പ്രാമാണ്യം വഹിച്ചിരുന്നുവെന്നു് വേദപുസ്തകത്തിൽ ധാരാളം തെളിവുകളുണ്ടു്. മത്തായി, മർക്കോസ് ലൂക്കാ എന്ന മൂന്നു സുവിശേഷകന്മാരും പന്ത്രണ്ടപ്പസ്തോലന്മാരുടെ ഒരു പട്ടിക കൊടുക്കുന്നുണ്ടു്. മൂന്നുപേരും പത്രോസിന്റെ പേരുതന്നെ ആദ്യം വച്ചിരിക്കുന്നു. നാലു സുവിശേഷങ്ങളിലും നടപടികളിലുമായി വി. പത്രോസിന്റെ നാമം 190 പ്രാവശ്യം വരുന്നുണ്ടു്. അടുത്തു വരുന്നതു വി. യോഹന്നാന്റെതു്. എന്നാൽ അതു് 29 പ്രാവശ്യമേ കാണുന്നുള്ളു.

ശ്ലീഹന്മാരുടെ നടപടികളിലേക്കു പ്രവേശിച്ചാലും പത്രോസിനെത്തന്നെ എല്ലാവർക്കും മുമ്പനായി കാണാം. യൂദാസിനു പകരം ഒരാളെ തിരഞ്ഞെടുക്കണമെന്നു മററുള്ളവരോടു പറയുന്നതു പത്രോസാണു്. ജനങ്ങളോടു് ആദ്യമായി പ്രസംഗിക്കുന്നതും പത്രോസുതന്നെ. ആദ്യത്തെ അത്ഭുതവും പത്രോസുതന്നെ ചെയ്യുന്നു. എല്ലാ തർക്കങ്ങളിലും പത്രോസിന്റെ സ്വരം വിധിതീർപ്പു കല്പിക്കുന്നവന്റേതുപോലാണു്. അങ്ങനെ യേശുനാഥൻ പത്രോസിനു നൽകിയ പരമാധികാരം മററു ശ്ലീഹന്മാരും ശിഷ്യന്മാരും ക്രിസ്ത്യാനികളും അംഗീകരിക്കയും ആദരിക്കയും ചെയ്തിരുന്നുവെന്നു ചരിത്രം ഘോഷിക്കുന്നു.

ത്തിന്റെ പുഷ്പവാടിയായ കർമ്മലീത്താസഭ വാടിക്കരിയാറാകുന്നു. പൈശാചികമായ അനൈക്യവും മർദ്ദനവും അതിനെ അന്മാനമാട്ടുന്നു. അങ്ങനെയിരിക്കെ 1251 ജൂലൈ 16-ാം തീയതിയിലെ നിശാവേളയിൽ കർമ്മലനാഥയുടെ സ്വരൂപത്തിൽ മുമ്പിൽ പതിവനുസരിച്ച് മനമുരുകി പ്രാർത്ഥിക്കുകയാണ് സഭാശ്രേഷ്ഠൻ. പതിവിലധികം ശോകപൂർണ്ണമായിരുന്ന അദ്ദേഹത്തിന്റെ ഹൃദയം. എങ്കിലും പൂർവ്വാധികം തീക്ഷ്ണതയോടും ശരണത്തോടുംകൂടി നമ്രശിരസ്കനായി സാഷ്ടാംഗം പ്രണമിച്ച് സങ്കടനിവാരണത്തിനായി ദുഃഖിതരുടെ ആശ്വാസമായ ദൈവമാതാവിനോട്ട് കണ്ണുനീർ ചിന്തിക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു:

കർമ്മലസുമമേ,
ഫലസമൃദ്ധമായമുന്തിരിവള്ളിയേ,
സ്വർഗ്ഗീയ പ്രതാപമേ,
ദൈവപുത്രന്റെ കന്യകാ മാതാവേ,
ആരും നിനക്കു സമമല്ല,
സ്നേഹസമ്പൂർണ്ണയായ മാതവേ,
നിത്യകന്യകയേ
കർമ്മലീത്തരായ നിന്റെ സന്താനങ്ങളുടെമേൽ
അനുഗ്രഹങ്ങൾ വർഷിക്കണമേ,
ഓ, സമുദ്രതാരമേ.

താപഭാരത്താൽ തകന്നും ദൈവജനനിയോടുള്ള സ്നേഹത്താൽ തുടിക്കുന്നതുമായ ഹൃദയാന്തർഭാഗത്തുനിന്നും പൊട്ടിപ്പുറപ്പെട്ട നിഷ്ക്കളങ്കവും ഹൃദയസ്പർശകവുമായ ഈ പ്രാർത്ഥന ഫലപ്രദമാവുകതന്നെ ചെയ്തു. പ്രാർത്ഥനാനന്തരം നമ്മുടെ വിശുദ്ധൻ അശ്രുപൂർണ്ണങ്ങളായ നയനങ്ങളെ ഉയർത്തിയപ്പോൾ അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്ന മുറി മുഴുവൻ സ്വർഗ്ഗീയപ്രഭാപൂരിതമായി കാണപ്പെട്ടു. കാരണമെന്തെന്നറിയാതെ വിസ്മയിക്കവേ, ദുഃഖിതരുടെയും പീഡിതരുടെയും ആശ്വാസവും സങ്കേതവുമായ കന്യകാമറിയം കർമ്മലവസ്ത്രധാരിണിയായി ദിവ്യ ഉണ്ണിയെ ഒരു കരത്തിലും കർമ്മലോത്തരീയം മറു കരത്തിലും വഹിച്ചുകൊണ്ട് നിരവധി വാനാരൂപികളാൽ പരിസേവിതയായി അദ്ദേഹത്തിനു പ്രത്യക്ഷപ്പെടുന്നതായികണ്ടു. ദൈവമാതാവു വാൽസല്യപൂർവ്വം അരുളിച്ചെയ്യുന്നു: "എന്റെ പ്രിയമകനേ, നിന്റെ സഭയുടെ ഈ തിരുവസ്ത്രം സ്വീകരിക്കുക. ഇതു നിനക്കും മറ്റെല്ലാ കർമ്മലീത്തക്കും ഒരു പ്രത്യേകാനുകൂല്യമായിയിരിക്കും. ഈ വിശുദ്ധവസ്ത്രം ധരിച്ചുകൊണ്ടുമരിക്കുന്ന യാതൊരുവനും നിത്യനാശത്തിൽ ഉൾപ്പെടുകയില്ല."

മരിയഭക്തരുടെ നിത്യരക്ഷയിൽ ആകാംക്ഷയോടുകൂടി പ്രവർത്തിക്കുന്ന ദൈവമാതാവ് വിണ്ണിൽനിന്നും വീണ്ടും മണ്ണിലേക്കു ഗമിക്കുന്ന വേറൊരു വരം നൽകുന്നതിന്. 1316-ൽ 22-ാം യോഹന്നാൻ മാർപ്പാപ്പായിക്ക് ദൈവജനനി പ്രത്യക്ഷയായി പറയുകയാണ്;-"ഉത്തരീയം സഭയുടെ അംഗങ്ങളിൽ ആരെങ്കിലും ഈ ലോകജീവിതാനന്തരം കാലത്തിനടുത്ത ശിക്ഷയ്ക്കു വിധേയരായി ശുദ്ധീകരസ്ഥലത്തു് അടയ്ക്കപ്പെട്ടാൽ കൃപാവരത്തിന്റെ മാതാവായ ഞാൻ അവരുടെ മരണത്തിനു ശേഷം വരുന്ന ആദ്യത്തെ ശനിയാഴ്ച ശുദ്ധീകരസ്ഥലത്തിലിറങ്ങിച്ചെന്ന് അവിടെനിന്ന് അവരെമോചിക്കും." "നിങ്ങൾക്കെല്ലാവർക്കും ഒരു പൊതുഭാഷയും ഒരു പൊതു സമരായുധവും ഉണ്ടായിരിക്കട്ടെ. സുവിശേഷപ്രബോധനം—അതാകുന്നു പൊതുഭാഷ. കർമ്മലകന്യകയുടെ ഉത്തരീയം-അതാകുന്നു പൊതു സമരായുധം. മരണാനന്തരവും നിങ്ങളെ സംരക്ഷിക്കുന്ന ഈ ആയുധം നിങ്ങളെല്ലാവരും ധരിക്കണം" എന്നു പ്രസ്താവിക്കുന്നതിന് സുഭഗസ്മരണാർഹനായ പതിനഞ്ചാം ബനദിക്തോസ് മർപ്പാപ്പായെ പ്രേരിപ്പിച്ചതു് ഈ വരമത്രേ.

ഇത്ര വിശിഷ്ടമായ കർമ്മലോത്തരീയം നാമെല്ലാവരും രാപകൽ ധരിക്കുന്നുണ്ട്. നാമെല്ലാവരും തന്നെ ഉത്തരീയ സഖ്യതയിൽ ചേർന്നവരുമാണ്. എന്നാൽ ദൈവമാതാവിന്റെ സ്വർഗ്ഗീയ വാഗ്ദാനങ്ങളുടെ ഒരടയാളം എന്നതിൽ കവിഞ്ഞ ഒരു സ്ഥാനം നാം ഉത്തരീയത്തിനു നൽകുന്നുണ്ടോ? കർമ്മലോത്തരീയം ഒരു അൽമായന്റെ മതാചാരങ്ങളുടെ അടയാളമായി നാം പരിഗണിക്കുന്നുണ്ടോ? ഉത്തരീയധാരികളെ എല്ലാം ഒരു പ്രത്യേകഗണമായി നാം വീക്ഷിക്കുന്നുണ്ടോ? നിത്യരക്ഷയും ശനിയാഴ്ചവരപ്രാ ഭക്തിയോടു കൂടിയതും മററു നിബന്ധനകൾ പാലിച്ചു കൊണ്ടുമുള്ള ഉത്തരീയധാരണം വഴി ലഭിക്കുമെന്നുള്ളതു ശരിയാണ്. എന്നാൽ ഇവയേക്കാൾ കൂടുതലായ ഒരു സ്ഥാനം ഉത്തരീയത്തിനുണ്ടെന്നുള്ളതു് നാം ഒരിക്കലും മറക്കുകയോ, മറയ്ക്കുകയോ ചെയ്തുകൂടാ. കർമ്മലീത്താ സന്യാസിയുടെ വസ്ത്രത്തിന്റെ സുപ്രധാനമായ ഭാഗമാണ് ഉത്തരീയം. തിരുസഭതന്നെ ഉത്തരീയത്തെ അവളുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ വിളിക്കുന്നതു് "ചെറുവസ്ത്ര"മെന്നല്ലേ? സഭാവസ്ത്രം ധരിക്കുന്ന ഒരു സന്യാസിക്കോസന്യാസിനിക്കോഅതെന്തായിരിക്കുന്നുവോ അതായിരിക്കണം ഉത്തരീയം ധരിക്കുന്ന വ്യക്തിക്ക് അയാളുടെ ഉത്തരീയം. ദൈവത്തോടും ദൈവമാതാവിനോടും അയാളെ ഗാഢമായി ബന്ധിക്കുന്നതിന്റെയും ദൈവത്തെയും അവിടുത്തെ ദൈവ്യജനനിയെയും നിതരാം കർമ്മലസഭയുടെ അരൂപി അനുസരിച്ച് സേവിക്കുന്നതിന്റെയും ഒരു ബാഹ്യചിഹ്നമാണ് ഉത്തരീയം. ഉത്തരീയഭക്തിയിലെ ഏററം കാതലായ ഭാഗം വാഗ്ദാനങ്ങളല്ലാ, പിന്നെയൊ, ഉത്തരീയം ധരിക്കുന്നവർ കർമ്മലസഭയുടെ അംഗങ്ങളാകുന്നുവെന്നും കർമ്മലസഭയുടെ ആധ്യാത്മിക ജീവിതത്തിൽ ഭാഗഭാക്കുകളാകുന്നുമെന്നതാണ്. ഉത്തരീയ സാഹിത്യത്തിൽ ഏററം മികച്ചുനിൽക്കുന്ന പണ്ഡിതനായ വെരി റവ. ഫാദർ എൻറിക്കോ എസ്റ്റേവ്വ് പറയുന്നതു് പ്രകൃതത്തിൽ സ്മരണീയമാണ്: "വിശ്വാസികൾ ഉപ-

### അൽമായ കർമ്മലീത്തരോട്

# പ്രസാദവരത്തിന്റെ പ്രവർത്തനരീതി

(റവ. ഫാ. ആക്കെയിൻജൽ ഒ. സി. ഡി.)

സ്വാഭാവികവും സ്വഭാവാതീതവുമായ ദൈവസാന്നിദ്ധ്യത്തെ കുറിച്ചായിരുന്നു മുൻ ലേഖനങ്ങളിലെ പ്രതിപാദനം. തുടർന്നു്, നമ്മുടെ ആത്മാവിൽ അധിവസിക്കുന്ന അതിഥിയുടെ പ്രവർത്തനം ഏതു തരത്തിലുള്ളതാണെന്നു പരിശോധിക്കാം.

ആത്മാവിന്റെ അതിഥി അതിൽ പ്രവർത്തിക്കുന്നതു്, പ്രസാദവരം, അതിനോടു് അനുബന്ധിച്ചു നിൽക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ, പുണ്യങ്ങൾ മുതലായവ കൊണ്ടാണു്, അതിഥിയുടേയും ആതിഥേയന്റേയും (പരിശുദ്ധാത്മാവിന്റെയും ആത്മാവിന്റെയും) സഹകരണത്തിലാണു് ആദ്ധ്യാത്മിക ജീവിതം അടങ്ങിയിരിക്കുന്നതു്. ആധുനിക വേദശാസ്ത്രജ്ഞന്മാർ ഈ തത്വം കൂടുതൽ ആവിഷ്ക്കരിച്ചു് പഠിച്ചു വരുകയാണു്. പുരാതനർ സ്ഥിരവരപ്രസാദത്തിനു് ആദ്ധ്യാത്മിക ജീവിതത്തിൽ പ്രമുഖസ്ഥാനം നൽകിയെങ്കിൽ ഇന്നുള്ളവർ ദൈവസാന്നിദ്ധ്യത്തെക്കുറിച്ചാണു് കൂടുതൽ പ്രതിപാദിക്കുന്നതു്. ദൈവസാന്നിദ്ധ്യമാണു് ആദ്ധ്യാത്മിക ജീവിതത്തിന്റെ അസ്ഥിവാരമെന്നു് സമകാലീനർ സമർത്ഥിക്കുന്നു. ദൈവത്തിനു മാത്രമേ ദൈവീകമാക്കാൻ കഴിയൂ.

പരിശുദ്ധാത്മാവിൽ ആഗതനായി പ്രവർത്തിക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കുകയാണു് സ്ഥിരവരപ്രസാദം ആദ്യമായി ചെയ്യുന്നതു്. അതും ആത്മാവിലെ അശുദ്ധി അകററുകയും അതിഥിയുടെ ആഗമനത്തിനും പ്രവർത്തനത്തിനും ആവശ്യമാം വിധം ആത്മാവിനെ ദൈവത്തിന്റെ നിലവാരത്തിലേക്കു് ഉയർത്തുകയും ചെയ്യുന്നു.

പ്രവർത്തകന്റെ സ്വഭാവത്തിന്നനുരൂപമായ മണ്ഡലത്തിലല്ലാതെ അയാൾക്കു പ്രവൃത്തിക്കുവാൻ കഴിയുകയ!

---

യോഗിക്കുന്ന ഉത്തരീയം എത്ര ചെറുതായാലും, ഉത്തരീയ ഭക്തിയുടെ അസ്ഥിവാരം കർമ്മെലീത്താസഭയുടെ വസ്ത്രത്തിൽ മാത്രമാണു് തേടേണ്ടതു്. അതിന്റെ പ്രധാനപ്പെട്ടതും പ്രത്യേകവുമായ ഒരു ഭാഗമാണു് ഉത്തരീയം. ഇതിൽ നിന്നും നമുക്കനുമാനിക്കാം ഉത്തരീയഭക്തിയുടെ പ്രധാനപ്പെട്ട ഫലവും അതിനോടു ബന്ധിക്കപ്പെട്ടിരിക്കുന്ന ആനുകൂല്യങ്ങളും അടങ്ങിയിരിക്കുന്നതു് സഭയുമായുള്ള ബന്ധത്തിലാണു്, ഏകീകരണത്തിലാണു് എന്നു്. അങ്ങനെയുള്ള ഏകീകരണത്തിൽ പല വിധത്തിലുള്ള പദവികൾ ഉണ്ടാകാമെങ്കിലും, ഒരുവൻ വസ്ത്രംസ്വീകരിക്കുമ്പോൾ അതിന്റെ ആധ്യാത്മികാനുകൂല്യങ്ങളും അനുഗ്രഹങ്ങളും പ്രാപിക്കുന്നതിനും ഏതെങ്കിലും വിധത്തിൽ ആസഭയുമായിബന്ധപ്പെടുന്നതിനും ആഗ്രഹിക്കുന്നുവെന്നും നാം അനുമാനിക്കണം......സർവ്വോപരി ഉത്തരീയത്തിനു് അതിന്റേതായ ആധ്യാത്മികമൂല്യം ലഭിക്കുന്നതു് സഭയുടെ ജീവിതവുമായുള്ള അതിന്റെ ഗാഢമായ ബന്ധത്തിൽ നിന്നുമാണു്. അതുകൊണ്ടു് സഭയുടെ ഒരു അടയാളമായ അതിന്റെ ആധ്യാത്മികത്വം സഭയുടെ ആധ്യാത്മികത്വത്തിൽ നിന്നും വ്യത്യസ്ഥമായതായിരിക്കയില്ല.'' അങ്ങനെയെങ്കിൽ നമ്മുടെഅമ്മ കന്യകാമറിയം അവളുടെ വാഗ്ദാനങ്ങളുടെ അടയാളമായി ഉത്തരീയം നൽകിയപ്പോൾ കർമ്മെല സഭക്കു പുറത്തു നിന്നും പുതുതായി ഒന്നും നൽകുകയല്ലാ ചെയ്തതു്. കർമ്മെലീത്താ സഭയുടെ ജീവിതത്തെ അവൾ അംഗീകരിക്കമാത്രമാണു് ചെയ്തതു്. കർമ്മെലീത്താസഭയുടെ വസ്ത്രമായ ഉത്തരീയത്തോടു് നിത്യരക്ഷയും ശനിയാഴ്ചവരവും എന്ന രണ്ടു വാഗ്ദാനങ്ങൾ ഘടിപ്പിക്കുകമാത്രം ചെയ്തു. അതായതു് കർമ്മെലീത്താ സഭയുമായി ബന്ധപ്പെട്ടു് അതിന്റെ അരൂപി അനുസരിച്ചു ജീവിക്കുന്നവരെ അവൾ സഹായിക്കുമെന്നു് വാഗ്ദാനം ചെയ്തു.

ഉത്തരീയം ചെറുപ്പം മുതൽ ധരിക്കുന്നവരായ നമ്മുടെ ഉത്തരീയഭക്തിയെ മതിക്കുന്നതിലും ശോധന ചെയ്യുന്നതിലും നമ്മെ സഹായിക്കേണ്ട ചിന്തകൾ മേൽ പ്രസ്താവിച്ചവ ആയിരിക്കണം. ഉത്തരീയം ധരിക്കുന്നവരായ നാം കർമ്മെലീത്തരാണു്. കർമ്മെലീത്തരെന്ന നിലയിൽ കർമ്മെലീത്താജീവിതത്തിന്റെ അരൂപി അനുസരിച്ചു് ജീവിക്കുന്നതിനുള്ള കടമയും സന്ദർഭവും നമുക്കു ലഭിക്കുന്നു. കർമ്മെലീത്താസഭയുടെ അരൂപി പ്രധാനമായി പ്രാർത്ഥനയിലും പരിത്യാഗത്തിലും അടങ്ങിയിരിക്കുവെന്നു പറയാം. യഥാർത്ഥ ഉത്തരീയ ഭക്തരായിരിക്കണമെന്നാഗ്രഹിക്കുന്നവർ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പരിമളം വീശുന്ന ഒരാന്തരിക ജീവിതം നയിക്കണം. എന്നാൽ മാത്രമേ ദൈവമാതാവിന്റെ സഭയുടെ തിരുവസ്ത്രമായ ഉത്തരീയം ധരിക്കുമ്പോൾ ബാഹ്യമായി കാണപ്പെടുന്നതുപോലെ ആന്തരികമായി രൂപാന്തരപ്പെട്ടവരായിരിക്കുകയുള്ളൂ നാം.

ല്ലല്ലോ. അതിനാൽ ആത്മാവിനെ ദൈവീകമാക്കിയെങ്കിലേ ദൈവം അതിൽ പ്രവത്തിക്കൂ. അതുകൊണ്ടു് ദൈവസാന്നിദ്ധ്യത്തിനും പ്രവത്തനത്തിനും അനപേക്ഷണീയമായ പശ്ചാത്തലം സ്ഥിരവരപ്രസാദം ഒരുക്കുന്നു.

മാത്രമല്ല, ആത്മാവിൽ വരുന്ന പരിശുദ്ധ ത്രീത്വവുമായി പ്രത്യേകബന്ധം ഉളവാക്കുകയും ചെയ്യുന്നു. നമ്മെ പിതാവിൻെറ മക്കളും പുത്രൻെറ മൗതിക ശരീരാവയവങ്ങളും പരിശുദ്ധാത്മാവിൻെറ ആലയങ്ങളുമാക്കിത്തീർക്കുന്നതു് പ്രസാദവരമാണു്. പ്രസ്തുത പ്രസാദവരം നമ്മിലുണ്ടെങ്കിൽ നാം ഈശ്വരൻെറ ഇഷ്ടഭാജനങ്ങളായി; ഇല്ലെങ്കിൽ ശത്രുവിൻെറചേരിയിലാണു നാം. അപ്പോൾ ദൈവം നമ്മിൽ വസിക്കുകയില്ല സ്വന്തം ആലയത്തിലെന്നപോലെ.

പ്രസാദവരം ചെയ്യുന്നതു്, ദൈവദത്തമായ സ്വാഭാവിക ശക്തികളെ സ്വഭാവാതീതമായി ഉയർത്തി, ദൈവീകമാക്കി പ്രവത്തിപ്പിക്കയാണു്. അതിനാൽ സ്വഭാവാതീത പ്രവർത്തനങ്ങൾ സ്വഭാവികങ്ങളെ നശിപ്പിക്കുന്നില്ല, പൂണ്ണമാക്കുകയാണു്. വിദ്യുച്ഛക്തി മോട്ടോറിനുള്ളിൽ പ്രവേശിച്ചു് അതിനെ പ്രവത്തിപ്പിക്കുന്നതുപോലെ സ്വാഭാവിക വ്യാപാരങ്ങളുടെ ഉള്ളിലേക്ക് കടന്നു് അവയിൽ നല്ലതെല്ലാം ദൈവീകമാക്കിത്തീക്കുന്നു, ദൈവീകമാം വിധം പ്രവത്തിപ്പിക്കുന്നു.

സ്വാഭാവികശക്തികളെ നശിപ്പിക്കാതെ അവയെ ദൈവീകമാക്കി പ്രവത്തിപ്പിക്കുന്നതുകൊണ്ടും കൂടെ, ശാരീരികാവയവങ്ങളുടെ ഘടനയോട് തുലനം ചെയ്യത്തക്ക ഒരു സ്ഥിതിവിശേഷമാണു് സ്വഭാവാതീത ജീവിതത്തിനുള്ളതു്.

## അതിസ്വാഭാവിക ജീവിതത്തിലെ അവയവഘടന

ശരീരസംബന്ധമായ ജീവിതത്തിൽ സവ്വപ്രധാനമായി കാണുന്ന ജീവസത്തയും (Vital principles) പ്രവത്തകശക്തികളും (അവയവങ്ങൾ) പ്രവൃത്തികളും ആദ്ധ്യാത്മിക ജീവിതത്തിലും നിണ്ണയിക്കാവുന്നതാണു്. ജീവസത്തയുടെ സ്ഥാനത്തു് സ്ഥിരവരപ്രസാദവും, പ്രവത്തനശക്തികളുടെ സ്ഥാനത്തു് പുണ്യങ്ങളും ദാനങ്ങളും പ്രവൃത്തികളുടെ സ്ഥാനത്തു് പ്രേരക പ്രസാദവരവും (actual grace) സ്ഥതിചെയ്യുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ ജീവസത്തയെ സ്ഥിരവരപ്രസാദവും പ്രവർത്തനശക്തികളെ പുണ്യങ്ങളും ദാനങ്ങളും, പ്രവത്തനങ്ങളെ പ്രേരകപ്രസാദവരവും ഉയർത്തി സ്വഭാവാതീതങ്ങളാക്കുന്നു.

### 1. സ്ഥിരവരപ്രസാദമാകുന്ന ജീവസത്ത

നമ്മുടെ സ്വാഭാവികജീവിതം ശാരീരികമായ ജനനത്തോടു കൂടിയാണല്ലോ ആരംഭിക്കുന്നതു്. അതുപോലെ ആദ്ധ്യാത്മിക ജീവിതവും സമാരംഭിക്കുന്നതു് ഒരു നവജന്മത്തോടു കൂടിയാണു്. "ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴിയുകയില്ല." എന്നു വി. ജോണും (John 3/5), "തൻെറ വല്യതായ കരുണയാൽ നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു" എന്നു് വി. പീററും (Pet. 1/3), "അവിടുന്നു സത്യത്തിൻെറ വചനത്താൽ നമ്മെ ജനിപ്പിക്കുകയും ചെയ്തിരിക്കുന്നു" എന്നു വി. ജേയിംസും (Jac. 1/28) ഉൽഘോഷിക്കുന്നുണ്ടു്.

ശാരീരിക ജീവസത്തയായ ആത്മാവിനാൽ നാം ലോകത്തിൽ ജീവിക്കുന്നതുപോലെ, ആത്മാവിൻെറ ജീവസത്തയായ വരപ്രസാദത്താൽ നാം ദൈവത്തിൽ, സ്വാഭാവതീതമായി, ദൈവസദൃശമായി ജീവിക്കുന്നു. അതിനാൽ ദൈവസ്വഭാവത്തിലും ദൈവികജീവിതത്തിലും നമ്മെ ഭാഗഭാക്കുകളാക്കിത്തീക്കുന്ന സ്വഭാവാതീത ദാനമാണു് സ്ഥിരവര പ്രസാദമെന്നു് നിർവ്വചനം ചെയ്യാം.

"ദൈവികസ്വഭാവത്തിൽ പങ്കുകാരാകുന്നു" എന്നു വി. പത്രോസിൻെറ വാക്കുകളിൽ നിന്നു് (2 Pet. 1/4) അനുമാനിക്കേണ്ടതു്, സ്ഥിരവരപ്രസാദം മൂലം ദൈവസ്വഭാവത്തിൽ യഥാത്ഥ ഭാഗഭാഗിത്വം നമുക്കുണ്ടെന്നാണു്. യഥാത്ഥ ഭാഗഭാഗിത്വമെന്നു പറഞ്ഞതുകൊണ്ടു് ദൈവസ്വഭാവത്തിൽനിന്നു് ഒരു ഭാഗം ഛേദിച്ചെടുത്തു നമുക്കു തരുന്നുവെന്നോ നാം ദൈവങ്ങളായി ഭവിക്കുന്നുവെന്നോ അർത്ഥമാകുന്നില്ല. രണ്ടും അസാദ്ധ്യം തന്നെ. സ്ഥിരവരപ്രസാദം നമ്മിൽ നിലകൊള്ളുന്നതു് ഒരു സത്തയായിട്ടല്ല ഒരു ഗുണവിശേഷമായിട്ടാണു്. സൂര്യരശ്മി പളുങ്കിൽ പ്രവേശിച്ചു് അതിനെ ഒരു കുഞ്ഞു സൂര്യനാക്കി പ്രകാശിപ്പിക്കുന്നതിനോടു ഒരു വിധത്തിൽഉപമിക്കാം ദൈവസ്വഭാവത്തിൻെറ ഭാഗഭാഗിത്വത്തെ. ശരീരത്തോടു് ആരോഗ്യം ബന്ധപ്പെട്ടിരിക്കുന്നതുപോലെ ആത്മാവിൻെറ സത്തയോടു് സ്ഥിരമായി പററി നിൽക്കുന്ന ഒരു വിശേഷ ഗുണമാണു് പ്രസാദവരം. ഗരീയസ്സായരോഗം ശാരീരികാരോഗ്യത്തെ നശിപ്പിക്കുന്നു. ഘനമായ പാപമോ ആത്മാവിൻെറ ആരോഗ്യവും ജീവനുമായ സ്ഥിരവരപ്രസാദത്തെ നഷ്ടപ്പെടുത്തുന്നു. വിദ്യുച്ഛക്തി നമ്മുടെ മുറിയിലുള്ള ബൾബിനുള്ളിൽ പ്രവേശിച്ചു് അതിനെ പ്രകാശിപ്പിക്കുന്നതിനോടു് തുലനം ചെയ്യാം, വരപ്രസാദത്തിൻെറ ആത്മാവിലെ പ്രവൃത്തിയെ. അതു മാത്രമല്ല, മോട്ടോറിനുള്ളിൽ കടക്കുന്ന വിദ്യുച്ഛക്തി അതിനെ പ്രവൃത്തിപ്പിക്കുന്നതുപോലെ ആദ്ധ്യാത്മിക പ്രവത്തനത്തിനുള്ള ശക്തി സ്ഥിരവരപ്രസാദം നൽകുന്നു.

മുമ്പു സൂചിപ്പിച്ചതുപോലെ, ആത്മാവിനു് ദൈവവുമായി ഐക്യപ്പെടുന്നതിനു് തടസ്സമായി നിൽക്കുന്ന പാപത്തെ ആദ്യമായി നീക്കുകയും, അതേ സമയംതന്നെ ആത്മാവിനെ ദൈവത്തിൻെറ നിലവാരത്തിലേയ്ക്കു് ഉയത്തുകയും

# അതൊക്കെ പെണ്ണുങ്ങൾക്കു

(Rev. Sr. Mary John. Adoration Convent Vazhappally)

ഏതാണ്ടു അഞ്ചു കൊല്ലം മുമ്പ് ഞാനൊരു തീർത്ഥാടനം നടത്തി. ലൂർദ്ദിലേയ്ക്കോ, ഫാത്തിമായിലേയ്ക്കോ, ലിസ്യൂവിലേയ്ക്കോ, റോമിലേയ്ക്കോ ആയിരുന്നില്ല എന്റെ തീർത്ഥാടനം. നമ്മുടെ നാട്ടിൽത്തന്നെ. ഓഹോ! ഈ കേരളക്കരയിൽ അല്ഫോൻസാമ്മയുടെ കബറിടമല്ലാതെ വേറെ തീർത്ഥസ്ഥലമേതാണ്? അതോ, പറയാം. നമ്മുടെ വത്സലപിതാവായ മാർത്തോമ്മാ ശ്ലീഹായുടെ പരിപാവനപാദങ്ങളാൽ സംപൂതമാക്കപ്പെട്ടതും, അദ്ദേഹത്താൽ സ്ഥാപിക്കപ്പെട്ടതെന്ന് പാരമ്പര്യവിശ്വാസമുള്ളതുമായ ആ ഏഴ പള്ളികൾ. അവിടെഎന്താണിത്ര വിശേഷം? പുതിയ നിയമത്തിലെ പുതിയ പ്രമാണമായ ദിവ്യബലി അർപ്പിക്കപ്പെടുന്നു.

ഒരു ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ വി. കുർബ്ബാനയുടെ സമയമാണ്. അച്ചനും കപ്യാരും വെള്ളിക്കമ്പിപോലെ തലനരച്ച രണ്ടു കിഴവികളും ഒരു കുട്ടിയും ഞങ്ങൾ രണ്ടുപേരുമുൾപ്പെടെ ഏഴ വ്യക്തികളുണ്ട് ആ ചെറിയ ദൈവാലയത്തിൽ. ഞാൻ വിചാരിച്ചു തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഏഴ പള്ളികളെയാണു ഇവർ പ്രതിനിധീകരിക്കുന്നതെന്ന്. വി. കുർബ്ബാനസ്വീകരണത്തിനുള്ള സമയമായി. ആ രണ്ടു കിഴവികളും ഞാനും അൾത്താരയെ സമീപിച്ചു. ഞങ്ങളുടെപള്ളിയിൽ ആദ്യവെള്ളിയാഴ്ച ദിവസം തിക്കിത്തിരക്കി ബഹളത്തിൽ കുർബ്ബാന കൈക്കൊള്ളുന്ന ഒരു പതിവേ ഞാൻ ഇതേവരെ അഭ്യസിച്ചിട്ടുള്ളു. അതോർത്തു മഞ്ഞളിച്ച ഒരു ചിരിയും എനിക്കു വരാതിരുന്നില്ല വി. കുർബ്ബാന കഴിഞ്ഞു് ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ ആ കുട്ടി അമ്മൂമ്മയോടു്—അമ്മൂമ്മേ ഇതു കണ്ടോ രണ്ടു പട്ടത്തികൾ. സാരി ഉടുത്തവേഷത്തിൽ ആ പള്ളിയിലാരും വന്നിട്ടില്ല. അതുകൊണ്ടു ഞങ്ങൾ പട്ടത്തികളായി. മുത്തപ്പനു നേർച്ചയ്ക്കു വന്നതാ മകളെ, എന്നും പറഞ്ഞു അമ്മൂമ്മ ഞങ്ങളെ സമീപിച്ചു കുശലപ്രശ്നങ്ങൾ നടത്തി.........

ചരിത്രപ്രസിദ്ധവും പുരാതനവും, അതിവിസ്തൃതവും കമനീയവുമായതായിരുന്നു പിന്നത്തെആഴ്ചയിൽ ഞങ്ങളുടെ തീർത്ഥാടനകേന്ദ്രം. മുതലാളികൾ, തൊഴിലാളികൾ, പ

---

ചെയ്യുന്നു. തീയിലിട്ട ഇരുമ്പിന്റെ തണുപ്പുംനിറവും മാററി അഗ്നിസദൃശമാക്കുന്നതുപോലെ ദൈവവരപ്രസാദംആത്മാവിനെ ദൈവസദൃശമാക്കുന്നു. പ്രസാദവരംനഷ്ടപ്പെട്ടപ്പോൾ ചൂളയിൽ നിന്നെടുത്ത ഇരുമ്പുകഷണത്തിന്റെ പ്രാകൃത പ്രകൃതി തന്നെ ആത്മാവിന്റേയും.

ഈശ്വരൻ തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്നാണല്ലോ വി. ലിഖിതം പ്രഘോഷിക്കുന്നതു്. ഈശ്വരനുള്ളതു പോലുള്ള ബുദ്ധിയും മനസ്സും (പരിമിതമായ രീതിയിൽ) നൽകിക്കൊണ്ടു് അവിടുന്നു തന്റെ ഛായ നമ്മിൽ പ്രതിബിംബിപ്പിക്കുന്നു. എന്നാൽ ദൈവസാദൃശ്യം നമ്മിൽ ഉളവാക്കുന്നതു് ബുദ്ധിക്കു് സ്വഭാവാതീതമായ പ്രകാശവും മനസ്സിനു് ദൈവീകമായ ശക്തിയും നൽകിക്കൊണ്ടാണു്. ഈശ്വരന്റെ ആന്തരിക ജീവിതത്തന്റെ സാദൃശ്യമാണിതു്. അവിടുത്തെ ആന്തരിക ജീവിതം സ്വയം അറിയുന്നതിലും സ്നേഹിക്കുന്നതിലും അടങ്ങിയിരിക്കുന്നു. സ്ഥിരവരപ്രസാദം ദൈവം അറിയുന്ന വിധത്തിൽ അറിയുവാൻ ബുദ്ധിയേയും ദൈവം സ്നേഹിക്കുന്ന വിധത്തിൽ സ്നേഹിക്കുവാൻ മനസ്സിനേയും പ്രാപ്തമാക്കുന്നു. അതുമൂലം ബുദ്ധിക്കു പ്രകാശവും മനസ്സിനു് ശക്തിയും ലഭിക്കുന്നു.

ചാലുകളിലും കുളങ്ങളിലും കുഴലുകളിലും മററുംകൂടെ കടന്നു പോകുന്ന ജലം അവയുടെ രൂപം പ്രാപിക്കുന്നതു പോലെ പ്രസാദവരവും ഏതുശക്തിയെ സ്വഭാവതീതമാക്കുന്നുവോ അതിന്റെ സ്വഭാവം അനുസരിച്ച് പ്രവർത്തിക്കുന്നു. സ്വഭാവാതീതം സ്വഭാവികത്തെ നശിപ്പിക്കുകയല്ല, ഉയർത്തി ദൈവികമാക്കുകയാണ് ചെയ്യുന്നതു്.

നമ്മുടെ ശരീരത്തിൽ "Blood plasma" എന്നൊന്നുണ്ടു്. അതു് ആഹാരസാധനങ്ങളിലെ പോഷകാംശങ്ങൾ രക്തത്തിൽ അലിഞ്ഞുചേരുമ്പോൾ ഉണ്ടാകുന്നു. അതു് ശരീരത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ച് ഓരോ രന്ധ്രത്തിനും ആവശ്യമുള്ള മജ്ജയ്ക്കോ, മസ്സിലുകൾക്കോ, മസ്തിഷ്കത്തിനോ, മാംസപേശികൾക്കോ, ഹൃദയത്തിനോ,ശ്വാസകോശങ്ങൾക്കോ, എന്നല്ല ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തിനൊ ആവശ്യമുള്ള ഭോഗങ്ങളും നൽകുന്നതു് പ്രസ്തുത "Blood plasma" യാണു്. ഇതുപോലെ സ്ഥിരവരപ്രസാദം എന്ന ഏക ദാനം നാനാവിധ പുണ്യ പ്രവൃത്തികൾക്കാവശ്യമായ ദൈവികസഹായം പ്രാപിച്ചു കൊടുക്കുന്നു.

പ്രസ്തുത സ്ഥിരവരപ്രസാദം നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനമായി സ്ഥിതിചെയ്യുന്നു. നമുക്കു ദൈവസദൃശമായ ജിവിതം നൽകുകയും നമ്മെ ദൈവത്തോടു് ഏററവും ഗാഢമായി യോജിപ്പിക്കുകയും ചെയ്യുന്നു. പ്രസാദവരത്താൽ നാം കുഞ്ഞു ദൈവങ്ങളായി ഭവിക്കയാണ്. "Dii estis" "നിങ്ങൾ ദൈവങ്ങളാകുന്നു" എന്ന ദിവ്യോക്തിയുടെ അർത്ഥം ഇതാണു്.

ണ്ഡിതവരേണ്യന്മാർ, ഉദ്യോഗസ്ഥപ്രമുഖന്മാർ, ബിസ്സിനസ്സുകാർ, പട്ടിണിപ്പാവങ്ങൾ തുടങ്ങി സഹസ്രസഹസ്രക്കണക്കിനാളുകൾ തിങ്ങിപ്പാർക്കുന്ന ഒരു പട്ടണപ്രദേശം. മാത്രമോ ഒരു കത്തോലിക്കാ കേന്ദ്രവും. ഞങ്ങൾ പള്ളിയിൽ പ്രവേശിച്ചു. എല്ലാ ദിവസവും മൂന്നും നാലും ദിവ്യബലികൾ അർപ്പിക്കപ്പെടുന്ന ആ ബ്രഹ്മാണ്ഡദൈവാലയത്തിന്റെ മുക്കാൽ ഭാഗവും സ്ത്രീകളേയും കുട്ടികളേയുംകൊണ്ടു നിറഞ്ഞു. കൈവിരലിൽ എണ്ണാൻമാത്രം പുരുഷന്മാർ ഒരു വശത്തു മുട്ടുകുത്തി നിൽക്കുന്നുണ്ട്. പാപസങ്കീർത്തനവേദിക സ്ത്രീകളെ കൊണ്ട് തിക്കും തിരക്കും ബഹളവും. ഇതെന്താ ചന്തയാണൊ ഞാൻ വിചാരിച്ചു. ദൈവമേ, ശാന്തശീലനായ ഒരു വൈദികൻ ആ കുംഭമാസക്കാലത്തു് അതിനുള്ളിലിരുന്നു തന്റെ ചുമതല നിർവ്വഹിക്കയാണ്. ഹോ; എന്തൊരു ക്ഷമാശീലം. ആ സ്ത്രീകളിൽ 90 ശതമാനവും വി. കുർബ്ബാന സ്വീകരിച്ചു, അവിടേയും തിക്കും തിരിക്കും ബഹളവും ഒന്നും കുറവല്ല. ഏതായാലും അഭിമാനപൂർവ്വം ഒരു കാര്യം ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ. തള്ളമാരും പെൺകുഞ്ഞുങ്ങളും എന്നോടു കോപിക്കരുതു്. ഇന്നത്തെ അഭ്യസ്ഥവിദ്യരായ യുവതികൾ ഈജാതി ബഹളമുണ്ടാക്കുകയില്ലെന്നു്. അവരുടെ സന്താനപരമ്പര ഇവയ്ക്കെല്ലാം വിരാമമിടട്ടെ. ഞങ്ങൾ തിരിച്ചു പോരാൻ ബസ്സ്സ്റ്റാന്റിലെത്തി. ആ സ്ഥലത്തു് ഞങ്ങൾ അപരിചിതരെന്നു മനസ്സിലാക്കിയ ഒരു യുവാവു് ഉപചാരപൂർവ്വം സമീപിച്ചു് കുശലാന്വേഷണം നടത്തി. സംസാരമദ്ധ്യേ പള്ളിയിലെ കാര്യം വിളമ്പാൻ തുടങ്ങി. ഞങ്ങളുടെ ഈ പള്ളിയിൽ വന്നപ്പോൾ ഒരു പക്ഷേ നിങ്ങൾ വിചാരിച്ചുകാണും ഈ നാട്ടിൽ പെണ്ണുങ്ങൾ മാത്രമേയുള്ളുവെന്നു്. പള്ളിയിൽ പോക്കും പ്രാർത്ഥനയുമൊക്കെ ഞങ്ങൾ പെണ്ണുങ്ങൾക്കു വിട്ടുകൊടുത്തിരിക്കയാണു്. അവക്കു വിശേഷാൽ ജോലിയൊന്നമില്ലല്ലോ. ശരി, അതൊക്കെ പെണ്ണുങ്ങൾക്കു്. കൊള്ളാം നല്ലകാര്യം, എന്റെ കൂട്ടുകാരി പ്രതിവചിച്ചു. ഈ സമയത്തു് പുരുഷന്മാർക്കു് എന്താണു ജോലി എന്നു് ഞാനും ചോദിച്ചു. അതോ; ഞങ്ങൾ ബിസ്സിനസ്സുകാർ, ജോലിക്കാർ, കുടുംബത്തിനു പണം സമ്പാദിക്കേണ്ടവർ. അതൊക്കെ ശരിപ്പെടാൻ പെണ്ണുങ്ങൾ പ്രാർത്ഥിക്കട്ടെ. ഞങ്ങൾ പിരിഞ്ഞു.

ആകട്ടെ ഞാൻ ഈ പുരുഷന്മാരോടു് ഒന്നു ചോദിച്ചുകൊള്ളട്ടെ. ദിവസത്തിൽ നാലഞ്ചു പ്രാവശ്യം ഭക്ഷണം പാകപ്പെടുത്തി നിങ്ങളെതീററിപ്പോററി പ്രസാദിപ്പിക്കുന്നതിനായി മാത്രം വെമ്പൽകൊള്ളുന്ന ഈ പെണ്ണുങ്ങൾ ബിസ്സിനസ്സുകാരല്ലേ? അവരുടെ അടുക്കള ഒരു ഫാക്ടറിയല്ലേ? കുടുംബമാകുന്ന ഫാക്ടറിയിൽ അഹോരാത്രം അവർ ജോലി ചെയ്യുന്നില്ലേ? ഏതു ശൈത്യകാലത്തും കോഴി കൂവുമ്പോൾ ഉണർന്നു്; പിഞ്ചുകുഞ്ഞുങ്ങളുടെ ആവശ്യം സാധിച്ചു് നിങ്ങൾക്കു Bed coffee യുംതന്നു് പ്രഭാത ഭക്ഷണത്തിനുള്ള ക്രമീകരണവും നടത്തിയ ശേഷമല്ലേ അവർ പള്ളിയിലെത്തുന്നതു്? കായക്ലേശമെന്നു പറയുന്നതു ഈ പെണ്ണുങ്ങൾക്കില്ലേ? വിശ്രമവും ഉറക്കവും അവക്കാവശ്യമല്ലേ? തങ്ങളുടെ വരവിൽ നിന്നും മിതമായി ചെലവുചെയ്തു് മിച്ചം വരുത്തി പെൺ കുഞ്ഞുങ്ങളെ നല്ല സ്ത്രീധനം കൊടുത്തു ഉയന്ന നിലയിലാക്കുക, ആൺമക്കൾക്കു സ്വത്തു സൂക്ഷിക്ക, എന്നീ ചിന്തകൾ ഈ പെണ്ണുങ്ങൾക്കില്ലെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്? അങ്ങനെയെങ്കിൽ പെണ്ണുങ്ങളെ പള്ളിയിൽ അയച്ചിട്ടു നിങ്ങൾ വിശ്രമിക്കുന്നതു നീതിയല്ല.

താഴെപ്പറയുന്നകാര്യങ്ങൾ ഒരു സ്ത്രീയുടെ വീക്ഷണകോണത്തിൽ അസൂയാവഹങ്ങൾതന്നെ. മനുജപരിത്രാണാർത്ഥം അവതീർണ്ണനായ ക്രിസ്തുനാഥൻ പുരുഷവ്യക്തിയായിരുന്നു. അന്തിമഭോജനശാലയിൽ നമ്മുടെ കർത്താവു പുതിയ നിയമത്തിലെ പുതിയ ബലിയായി വി. കുർബ്ബാന സ്ഥാപിച്ചപ്പോൾ പുരുഷന്മാരായ അപ്പസ്തോലന്മാരാണ് തന്റെ ഇരു പാർശ്വങ്ങളിലും ഉപവിഷ്ടരായതു്. ഇതു എന്റെ ഓർമ്മയ്ക്കായി ചെയ്യിൻ എന്നു് അവരോടാണു് താൻ കല്പിച്ചതു്. വി. കൂദാശകൾ കൈകാര്യം ചെയ്യുന്നതിനുള്ള അവകാശവും അധികാരവും ശ്ലീഹന്മാർക്കും അവരുടെ പിൻഗാമികൾക്കുമാണു നൽകിയിരിക്കുന്നതു്. ഒരാൾ മാർപ്പാപ്പായാകുന്നതിനു എന്തെല്ലാം ലക്ഷണങ്ങൾ ആവശ്യമുണ്ടു് എന്നു ചോദിച്ചാൽ ഒന്നാമത്തെ ഉത്തരം അയാൾ ഒരു പുരുഷനായിരിക്കണമെന്നുള്ളതാണു്. വി. പൗലോസ് കൊറിന്ത്യാക്കാർക്കെഴുതിയ ലേഖനത്തിൽ പുരുഷന്മാക്കു വലിയ സ്ഥാനമാണു് പള്ളിക്കകത്തു കൊടുത്തിരിക്കുന്നതു്. സ്ത്രീകളാകട്ടെ മാലാഖമാരെ പ്രതി തല മൂടിയിരിക്കുക മാത്രമല്ല, മൗനമായിരിക്കുകയും വേണം. വി. പൌലോസ് ഇക്കാലത്തു് നമ്മുടെ പള്ളികൾ സന്ദർശിക്കാൻ വന്നിരുന്നെങ്കിൽ, പുരുഷന്മാരെ അവിടെയെങ്ങും കാണാത്തതിനാൽ, തന്റെ ലേഖനത്തിന്റെ ആ ഭാഗം സ്ത്രീകൾക്കു കൂടുതലനുകൂലമായി എഴുതുകയില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഒരു നിമിഷം ഒഴിവില്ലാതെ വലിയ ജോലിത്തിരക്കിലിരുന്ന ആളുകൾപോലും ദിവ്യപൂജ കാണുന്നതിൽ കാണിച്ചിരുന്ന ശ്രദ്ധയും തീക്ഷ്ണതയും അലസമായി സമയം കഴിക്കുന്നവരെ ലജ്ജിപ്പിക്കേണ്ടതല്ലേ?

ഇംഗ്ലണ്ടിലെ പ്രധാന മന്ത്രിയായ തോമസ്മൂർ ദിവസേന ദിവ്യബലിയിൽ സംബന്ധിച്ചിരുന്നു. ഒരു ദിവസം വി. കുർബാനയിൽ സംബന്ധിക്കവേ സേവകൻവന്നു രാജകല്പന അറിയിച്ചു. "ഞാൻ എന്റെ രാജാധിരാജനായ ഈശോയുമായി അഭിമുഖസംഭഷണത്തിൽ പെട്ടിരിക്കയാണു്. അതു കഴിഞ്ഞു് രാജാവിന്റെ കല്പന നിർവ്വഹിച്ചുകൊള്ളാമെന്നു് അറിയിച്ചാലും."

രാജാക്കന്മാർ സായാഹ്നത്തിൽ കുതിരസവാരി ചെയ്യവേ വൈദികർ വി. കുർബ്ബാന എഴുന്നെള്ളിച്ചുകൊണ്ടു

# കമ്മ്യൂണിസ്ററുകളും മഹറോൻ ശിക്ഷയും

## (ഈ. ലൂയീസ് റോച്ചു്, പി. എച്ചു്. എൽ. ഡി. ഡി.)

നാരകീയ ശക്തികൾ സനാതന തത്വങ്ങളെ വെല്ലു വിളിയ്ക്കാനൊരുമ്പെടുന്ന ഈ വേളയിൽ കത്തോലിക്കാസഭയുടെ അണികളെ ശക്തിപ്പെടുത്തേണ്ടതു ഏററവും അടിയന്തിരമായ കാര്യമാണു്. യഥാർത്ഥ കത്തോലിക്കരെ കമ്മ്യൂണിസ്റ്റും കത്തോലിക്കരിൽനിന്നും വേർതിരിച്ചെടുക്കേണ്ട സമയം കൂടിയാണിതു്. സഭയുടെ പ്രബോധനങ്ങളുടെ നേർക്കു നെററി ചുളിയ്ക്കുന്ന കത്തോലിക്കാ നാമധാരികളെ ഒററപ്പെടുത്തേണ്ടതു ഇന്നത്തെ നിലയിൽ ഗൗരവസംപൂർണ്ണമായ ഒരാവശ്യമാണു്. ഈ യത്നത്തിൽ അങ്ങിങ്ങായി ചില അടിയൊഴുക്കുകൾ ഉണ്ടാകുന്നുവെങ്കിൽ തന്നെയും അതിനെ അത്ര ഗണ്യമാക്കേണ്ടതില്ല. ലോകത്തിൽ ഒരൊററ കത്തോലിക്കനെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ ക്രിസ്തുനാഥൻെറ "നരക വാതിലുകൾ സഭയോടു് പ്രബലപ്പെടുകയില്ലെന്ന" പ്രവചനം അന്വർത്ഥമാവുകതന്നെ ചെയ്യും. നിത്യരക്ഷ അഭിലഷിക്കുന്നവർക്കു് അതിനു് ആവശ്യമായ ആദർശങ്ങൾസ്വീകരിച്ചു് മുന്നോട്ടു് പോകുന്നതിനാണു് സഭ നിലകൊള്ളുന്നതു്. ആദർശം ബലികഴിച്ചുകൊണ്ടു് ആരേയുംപ്രീണിപ്പിക്കുന്ന സ്വഭാവം സഭയ്ക്കില്ല. ചക്രവർത്തിയായാലും പ്രസിഡൻറായാലും സഭയുടെ അംഗത്വം വേണമെങ്കിൽ അവളുടെ ശാസനങ്ങൾ സ്വീകരിച്ചേ മതിയാവു. സനാതന സഭയുടെ ആദർശങ്ങൾക്കുകടകവിരുദ്ധമായി പ്രവർത്തിയ്ക്കുന്നവരെ ശിക്ഷിയ്ക്കാനുള്ള അധികാരം അവൾക്കുണ്ടു്. കത്തോലിക്കാസഭ ഒരു പരിപൂർണ്ണ സംഘടനയാണു്. നെപ്പോളിയനെയും പ്രഥമ എലിസബത്തുരാജ്ഞിയേയും ശിക്ഷാവിധിയ്ക്കു വിധേയമാക്കുകയും കാർഡിനൽ മിൻസെൻന്തിയെ അറസ്റ്റിനും കാരാഗൃഹവാസത്തിനും വിധേയനാക്കിയ ഹങ്കേറിയൻ ഗവൺമെൻറിനെ ഒന്നടങ്കം മഹറോൻ ചൊല്ലുകയും ചെയ്ത പാരമ്പര്യം സഭയ്ക്കുണ്ടു്. ഭവിഷ്യത്തുകൾ അവളുടെ മുമ്പിൽ ഒരു പ്രശ്നമേയല്ല. ആദർശത്തിനു വേണ്ടി ഒരു സാമ്രാജ്യം-ബ്രിട്ടീഷ് സാമ്രാജ്യം മുഴുവൻ പരിത്യജിച്ച ചെയ്തികൾ സുവിദിതമാണല്ലോ. സഭയ്ക്കൊരു നിർബന്ധമുണ്ടു്. അംഗത്വം വേണമെങ്കിൽ അവളുടെ ശാസനങ്ങളും നിയമങ്ങളും അതേപടി അനുസരിക്കണം. അവിടെ കമ്മ്യൂണിസ്റ്റും ചിന്താഗതിക്കാരുടെ വിട്ടുവീഴ്ചയ്ക്കും വിശാലമനസ്ഥതയ്ക്കും സ്ഥാനമില്ല. തെററിൻെറ മുൻപിൽ പുരോഗതിയുടെ പേരിൽ തലകുനിയ്ക്കാൻ സഭ ഒരുക്കമല്ല. സഭയെ സംബന്ധിച്ചിടത്തോളം വിട്ടുവീഴ്ച വരുത്താനുള്ള സമയം സമാഗതമായിരിക്കുന്നുവെന്നു ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അവർ മൂഢസ്വർഗ്ഗത്തിലാണെന്നു വേണം വിചാരിക്കുവാൻ.

---

പോകുന്നതിനെ അനുഗമിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ചില പാശ്ചാത്യരാജ്യങ്ങളിൽ കത്തിച്ച തിരികളുമായി വി. കുർബ്ബാനയെ അനുപദം ചെയ്യുന്ന സജീവമായ വിശ്വാസപ്രകടനങ്ങൾ കാണാൻ സാധിക്കും. ഇവയിലെല്ലാം പങ്കുകൊള്ളുന്നതു് അധികവും ആണുങ്ങൾതന്നെ.

അടുക്കളക്കാര്യംപോലെ ഭക്തിക്കാര്യവും സ്ത്രീകളെ ഏല്പിച്ചാൽ പുരുഷന്മാർ എവിടെ ചെന്നവസാനിക്കുമോ, ആവോ?

---

ഈ ദശാസന്ധിയിൽ സഭയുടെ താല്പര്യങ്ങളെ കമ്മ്യൂണിസ്റ്റും സമ്മർദ്ദനങ്ങളിൽ നിന്നും രക്ഷിക്കുവാൻ ഓരോ കത്തോലിക്കനും ഒഴിച്ചുകൂടുവാൻ പാടില്ലാത്ത കടമയുണ്ടു്. സഭാപിതാക്കന്മാർ വേണ്ട നേതൃത്വം നൽകാൻ ഒരുങ്ങിയിരിക്കുകയാണു്. അതിൻെറ സൂചനയത്രേ അഭിവന്ദ്യ തിരുമേനിമാരുടെ ബാംഗളൂർ കോൺഫ്രൻസ് തീരുമാനങ്ങൾ! "ഒരു കത്തോലിക്കനു" കമ്മ്യൂണിസ്റ്റായിരിക്കുക ഒരിക്കലും സാദ്ധ്യമല്ല. ക്രൈസ്തവവിരുദ്ധവും ഭൗതികവുമായ കമ്മ്യൂണിസ്ററു സിദ്ധാന്തം അനുസരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കത്തോലിക്കരെ സഭയിൽനിന്നും ബഹിഷ്ക്കരിക്കുന്നതാണു്. മനുഷ്യസ്വഭാവം സമൂഹത്തിൻേറയും സത്യത്തിൻേറയും പ്രകൃതം ജീവിതോദ്ദേശ്യം ജീവിതത്തിൻെറ അർത്ഥം എന്നീ കാര്യങ്ങളിലുള്ള കത്തോലിക്കാ പ്രബോധനത്തോടു ഒരിക്കലും പൊരുത്തപ്പെടാത്ത ഒന്നാണു് കമ്മ്യൂണിസ്റ്റും തത്വശാസ്ത്രം." സുധീരമായ ഈ നടപടിയോടൊപ്പം കമ്മ്യൂണിസത്തിൻെറ യഥാർത്ഥരൂപം അതിൻെറ ഉന്നം, പൈശാചിക പ്രവണത തുടങ്ങിയവയെപ്പററി ലളിതമായ ഭാഷയിൽ കത്തോലിക്കരെ ഉൽബോധിപ്പിക്കേണ്ടതു് കത്തോലിക്കാ മതാധികാരികളുടെ ചുമതലയാണു്. കൂടാതെ ഒരു കത്തോലിക്കൻ കമ്മ്യൂണിസവുമായുള്ള വേഴ്ച മൂലം മഹറോൻ ശിക്ഷയ്ക്കു വിധേയനാകുന്നതാണെന്നു പൊതുജനങ്ങളെ നല്ലവണ്ണം ഗ്രഹിപ്പിക്കേണ്ട കടമ സഭാപിതാക്കന്മാരുടേതത്രേ. ഭൂരിപക്ഷത്തിൻേറയും അഭിപ്രായത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയെന്നതിൽ കവിഞ്ഞു കമ്മ്യൂണിസത്തിനു സ്ഥാനമില്ല. വെറും രാഷ്ട്രീയമാണെങ്കിൽ മതാധികാരികൾ ഇത്ര ഒച്ചപ്പാടുണ്ടാക്കുന്നതെന്തിനാണെന്നാണു് അവരുടെ ചോദ്യം. പക്ഷെ ഒരു കാര്യം മറക്കരുതു്. കമ്മ്യൂണിസം വയറിൻെറ പ്രശ്നത്തിൽ ശ്രദ്ധ ചെലുത്തി ആത്മാവിൻെറ നാശത്തിനു വഴിതെളിയ്ക്കുന്ന ആത്മാവും മരണാന്തരജീവിതവുമൊക്കെ വെറും മിഥ്യയായിത്തള്ളുന്ന ഒരു വ്യവസ്ഥിതിയാണു് അഥവാ ജീവിതക്രമമാണു്.

ഏതൽക്കാരണങ്ങളാൽ ഓരോ വീട്ടകളിലും കമ്മ്യൂണിസത്തിൻെറ മതവിരുദ്ധതയെപ്പററി പരിപൂർണ്ണ ജ്ഞാനം നൽകാൻ വേണ്ടപ്പെട്ടവർ അമാന്തിയ്ക്കരുതു്. അജ്ഞതമൂലമാണ് ഏററിയ പങ്കാളുകളും ചങ്കൊടിയുടെ പിന്നിൽ അണിനിരക്കുന്നതു്. അജ്ഞതാനിവാരണംപോലെ കമ്മ്യൂണിസത്തെ ഫലപ്രദമായി നേരിടാൻ മററൊരു മാർഗ്ഗവുമില്ല. ഉദാഹരണമായി മഹറോൻ ശിക്ഷ ഒരു കത്തോലിക്കന്ന ഏതെല്ലാം സന്ദർഭങ്ങളിൽ കമ്മ്യൂണിസ്റ്റാദി സമ്പർക്കംമൂലം വന്നുചേരുന്നുവെന്നതിനെക്കുറിച്ചു പ്രതിപാദിക്കുന്ന ലഘുലേഖകൾ ഓരോ കത്തോലിക്കാഭവനത്തിലും സ്ഥലം പിടിക്കേണ്ടിയിരിക്കുന്നു. ഈ ലേഖനത്തിൽ ഒരു കത്തോലിക്കൻ എപ്പോഴാണു് കമ്മ്യൂണിസവുമായുള്ള വേഴ്ചമുഖേന മഹറോൻ ശിക്ഷയ്ക്കർഹനാകുന്നുവെന്നതിനെപ്പററി സമഗ്രമായി ചിന്തിയ്ക്കാം?

കത്തോലിക്കാസഭയുടെ ഏററവും വലിയ ശിക്ഷയാണു് മഹറോൻ, Excommunication - away from the Community. സ്വന്തം സമുദായത്തിൽ നിന്നും സ്ഥാനഭ്രഷ്ടനാക്കപ്പെടുക എണാർത്ഥം.

ഒരു യാഥാർത്ഥകത്തോലിക്കൻ മഹറോൻ ശിക്ഷയ്ക്കുവിധേയനാകുന്ന വ്യക്തിയുമായിട്ട സമ്പക്കം പുലർത്തുന്നതു് ഉചിതമല്ലാ. ചില വ്യക്തികളോട്ട (Vitandi) എല്ലാക്കൂട്ടക്കെട്ടകളുംപരിച്ഛേദിക്കപ്പെട്ടിരിയ്ക്കുന്നു. സഭയുടെ 2414 നിയമങ്ങളിൽ 11 എണ്ണം(CC 2257-2267 inclusive)സഭയിൽ നിന്നുള്ള ബഹിഷ്ക്കരണത്തെ വിവരിക്കുന്നവയാണു്. സഭാശത്രുക്കൾക്കു ഭീതി ഉളവാക്കുന്ന ഈ ശിക്ഷയ്ക്കു വിധേയനാകുന്ന വ്യക്തി സഭയുടെ എല്ലാ ആനുകൂല്യങ്ങളിൽനിന്നു ഒഴിവാക്കപ്പെട്ടിരിക്കുന്നു. മൃത്യുവിന്നിരയായാൽ വിശ്വാസികൾ ആ വ്യക്തിയുടെ ശവസംസ്കാരത്തിൽമതപരമായി പങ്കുകൊള്ളുകയോ മതാധികാരികൾ ശവസംസ്കാരത്തിനു സ്ഥലം അനുവദിയ്ക്കുകയോ ചെയ്യുന്നതല്ല. മഹറോൻ ശിക്ഷയ്ക്കു് രാഷ്ട്രീയ ശിക്ഷകളുമായി യാതൊരു ബന്ധവുമില്ല. രാഷ്ട്രീയ മുതലെടുപ്പും ഇതിലില്ല. അതുകൊണ്ടാണു് കക്ഷി രാഷ്ട്രീയത്തിൽ കത്തോലിക്കാസഭാനേതാക്കന്മാർക്കു യാതൊരു താല്പര്യവുമില്ലെന്നു് അവർ ആവർത്തിച്ചാവർത്തിച്ചു പറയാറുള്ളതു്. എന്നാൽ മതത്തേയും സാന്മാർഗ്ഗികമൂല്യങ്ങളേയും സംബന്ധിക്കുന്ന രാഷ്ട്രീയ പരിപാടികളുടേയും നയങ്ങളുടേയും നേരെ കണ്ണടയ്ക്കുന്നതിന്നു് അപ്പോസ്തലന്മാരുടെ പിൻഗാമികൾക്കു സാദ്ധ്യമല്ല. സഭയുടെ പഠനങ്ങൾക്കു വിരുദ്ധമായി ആരുതന്നെ വന്നു പഠിപ്പിച്ചാലും അവൻ ശപിക്കപ്പെട്ടവനാകട്ടെ (anathema) എന്നാണു് വി. പൗലോസ് പ്രസ്താവിക്കുന്നതു്.

സഭയുടെ ആനുകൂല്യങ്ങളിൽ നിന്നും വിശിഷ്യകൂദാശസ്വീകരണങ്ങളിൽനിന്നും കഴിയുമെങ്കിൽ വിശ്വാസികളെ മാററി നിറുത്തേണ്ട എന്നതാണു് സഭയുടെ നയം. എന്തുകൊണ്ട കഴിഞ്ഞതവണ കമ്മ്യൂണിസ്റ്റു പാർട്ടിയ്ക്കു വോട്ടുചെയ്തവരെ സഭ ബഹിഷ്കരിച്ചില്ല എന്നെല്ലാം ചോദിക്കുന്നവർക്കുള്ള മറുപടി ഇതാണു്. നാം ഒന്നു മനസ്സിലാക്കണം. റോം വളരെ സാവധാനത്തിലെ നീങ്ങാറുള്ളൂ. Slow and steady സാമം-ഭേദം എന്നീ ഉപാധികൾ അരങ്ങത്തു കൊണ്ടുവന്നതിനു ശേഷമേ സഭ മഹറോൻ ശിക്ഷയുമായി മുന്നോട്ടു വരികയുള്ളൂ. ഗത്യന്തരമില്ലായ്കയാൽ—ആദർശങ്ങൾ അവഹേളിയ്ക്കപ്പെടാനിടയുണ്ടെന്നു കാണുമ്പോൾ - When the eternal principles are at stake. ഇതിൽനിന്നും രാഷ്ട്രീയ മുതലെടുപ്പിനല്ല സഭ മഹറോൻ ശിക്ഷ ഉപയോഗിക്കുന്നതെന്നു വ്യക്തം.

## കമ്മ്യൂണിസം സഭയുടെ ദൃഷ്ടിയിൽ

ദിവംഗതനായ പീയൂസ് പതിനൊന്നാമൻ മർപ്പാപ്പായുടെ ചാക്രിക ലേഖനത്തിൽ നിന്നുതന്നെ ഉദ്ധരിയ്ക്കാം. 1937-ൽ തിരുമേനി എഴുതിയ "Atheistic Commuunism"ത്തിൽ ഇപ്രകാരം പ്രസ്താവിച്ചു കാണുന്നു. "Communism is intrinsically wrong". അതുകൊണ്ട ഒരു ക്രിസ്ത്യാനി യാതൊരു കാരണവശാലും കമ്മ്യൂസിസ്റ്റു പ്രസ്ഥാനത്തോടു സഹകരിച്ചുകൂടാ.

ഇതേ ആശയംതന്നെ കാലത്തിനൊത്ത രീതിയിൽ പിയൂസ്സ് പന്ത്രണ്ടാമൻ തിരുമേനിയും നൽകുന്നു. ചില കത്തോലിക്കാമന:സാക്ഷികളുടെ ഇരട്ടത്താപ്പു നയത്തിൽ തിരുമേനി അത്ഭുതം പ്രകടിപ്പിക്കുന്നു. ഉദാഹരണമായി "Catholic Communists" "Catholic party of the left" തുടങ്ങിയ ഗ്രൂപ്പുകാർക്കു ദൈവവും പിശാചും കൂടിയേതീരൂ. ഈ വിശാല വീക്ഷണക്കാരുടെ അഭിപ്രായത്തിൽ ഒരാൾക്കു് ഏകകാലത്തു് ക്രൈസ്തവസഭയുടെ അംഗമായിരിയ്ക്കുകയും മതവിരുദ്ധന്മാരുടെ അണികളിൽനിന്നു സമരം ചെയ്യുകയും ചെയ്യാം. അതിൽ യാതൊരു അസാംഗത്യവുമില്ല. ഒന്നു വയററിൻെറ പ്രശ്നം, മററതു് ആത്മാവിൻെറ കാര്യം. അവർക്കു തിരുമേനി നൽകുന്ന പേരാണു് Progressive christians എന്നതു്. "Those, who on the plane of religion want to be authentic Christians while on the political plane they collaborate with Communism againstforces of Capitalism" തിരുമേനി അവരെ കുരിശിൻെറ ശത്രുക്കളായി ചൂണ്ടിക്കാണിക്കുന്നു Enemies of the cross of Christ. അവരോടു് ലോകത്തിൻെറഗതികളെ നന്നായി ഉററു പാർക്കാനും മനുഷ്യൻെറ വഴിയും സത്യവും ജീവനുമായ ക്രിസ്തുനാഥനെ അനുഗമിക്കുവാനും അവിടുന്നു് ആഹ്വാനം ചെയ്യുന്നു. ഇതു വസ്തുതകളുടെ ഒരു വശംമാത്രം. വേറൊരു ഭാഗം കൂടിയുണ്ടു് ഈപ്രശ്നത്തിന്നു്, ഇന്നത്തെ സാമ്പത്തിക സാമൂഹ്യ ഉച്ചനീചത്വങ്ങൾ. ഇവയൊക്കെ ക്രൈസ്തവ പരസ്നേഹത്തിൽ പരിഹൃദങ്ങളാകാനേയുള്ളൂ ലോകത്തിലെ എല്ലാ നല്ലയാളുകളും ഇന്നു ലോകത്തിൽ നടമാടുന്ന വൈകൃതങ്ങളെ കാര്യമായി, താല്പര്യമായി പരിഹരിക്കുവാൻ ശ്രമിക്കുമെങ്കിൽ. എന്നാൽ സാധാരണ

ക്കാരൻെറ ദൃഷ്ടിയിൽ കമ്മ്യൂണിസം നിരവധി വാഗ്ദാനങ്ങളുമായി പുഞ്ചിരിയും പൊഴിച്ച് ഒരു നല്ല നാളയെ അദ്ധ്വാനിക്കുന്ന വിഭാഗത്തിനു നൽകാൻ വെമ്പൽകൊള്ളുന്നതു പോലെ തോന്നുന്നു. ഈ വിശ്വസാമ്രാജ്യത്തിലെ സകല നൂലാമാലകൾക്കും ഏക പരിഹാരമാർഗ്ഗം കമ്മ്യൂണിസത്തിൽ അവർ ദർശിക്കുന്നു. പോരെങ്കിൽ ഈശ്വരവിശ്വാസികളെ വഞ്ചിക്കണമെന്ന ഏക ഉദ്ദേശത്തോടുകൂടി മതവിരുദ്ധ ചിന്താഗതികളെ ഗോപനം ചെയ്തുകൊണ്ടുമാണ് കമ്മ്യൂണിസത്തിൻെറ പ്രാരംഭപുറപ്പാടു തന്നെയും.

## 1. കത്തോലിക്കർക്കു കമ്മ്യൂണിസ്റ്റും പാർട്ടിയോട് അനുഭാവം പ്രകടിപ്പിയ്ക്കാമോ? *

പാടില്ല. കമ്മ്യൂണിസം ഭൗതികവും ക്രൈസ്തവവിരുദ്ധവുമെന്നതുതന്നെ കാരണം. കമ്മ്യൂണിസ്റ്റാശയങ്ങളേയും ആചാരങ്ങളേയും അനുകൂലിക്കുന്ന ലഘുലേഖകൾ, വാരികകൾ, പത്രങ്ങൾ, പുസ്തകങ്ങൾ ഇവ സമുദ്രണം ചെയ്യുകയോ (Edit) വിതരണം ചെയ്യുകയോ (Propagate) വായിക്കുകയോ (read) അവയിൽ ലേഖനങ്ങൾ എഴുതുകയോ പാടുള്ളതല്ല. മേലുദ്ധരിച്ചവ അറിവോടും (knowingly) സ്വന്തം മനസ്സാലെയും (freely) (scienter ac sponte seu libere) ചെയ്യുന്ന കത്തോലിക്കർക്കു കൂദാശകൾ നൽകാവുന്നതല്ല. അന്യഥാ പറഞ്ഞാൽ അവർക്കു കൂദാശകൾ പരസ്യമായി നിഷേധിയ്ക്കാം. പരിശുദ്ധമായവ സ്വീകരിക്കേണ്ടവൻ ചിന്തയിലും വാക്കുകളിലും പ്രവൃത്തിയിലും പരിശുദ്ധനായിരിക്കണം (Sacraments must be denied to those who are not well disposed to receive them) തീർച്ചയായിട്ടും മതത്തിൻെറ നാരായവേരിനു കത്തിവയ്ക്കാൻ കൂട്ടുനിൽക്കുന്ന - മതത്തിൻെറ പാവന തത്വങ്ങൾക്കു തുരങ്കംവയ്ക്കുവാൻ ഒരുമ്പെടുന്ന ഒരു വ്യക്തി കത്തോലിക്കാസഭയുടെ കൂദാശകൾ സ്വീകരിയ്ക്കാൻ അയോഗ്യനാണെന്ന വസ്തുത ആരെങ്കിലും നിഷേധിക്കുമെന്നു തോന്നുന്നില്ല.

## 2. ഏതെല്ലാം വ്യവസ്ഥകൾക്കു വിധേയനായിട്ടാണ് ഒരാൾ മഹറോൻ ശിക്ഷയ്ക്കർഹനാകുക?

കമ്മ്യൂണിസ്റ്റുകളുടെ ക്രൈസ്തവവിരുദ്ധ ആശയങ്ങളെ താലോലിയ്ക്കുകയും ഭൗതികമാത്രവാദം തത്വത്തിലും പ്രയോഗത്തിലും ഏററുപറയുകയും (profess) ന്യായീകരിക്കുകയും (defend) പ്രചരിപ്പിക്കുകയും (spread) ചെയ്യുന്ന ഒരു വ്യക്തിയെ മതത്യാഗി എന്നു വിളിയ്ക്കാം.

മതത്യാഗികൾ അഥവാ കത്തോലിക്കാ വിശ്വാസത്തിൽനിന്നു വ്യതിചലിച്ചവർ പരിശുദ്ധസിംഹാസനത്തിനുമാത്രം മോചനം നൽകാവുന്ന മഹറോൻ ശിക്ഷയ്ക്കു സ്വതേ വിധേയരായിരിക്കുകയാണ്.

സനാതനസഭയിൽ കത്തോലിക്കാ മതത്യാഗികളുടെ സ്ഥാനമാണ് കമ്മ്യൂണിസ്റ്റുകൾക്കുള്ളത്. സഭയുടെ നിയമാവലി 1325/2-ാം വകുപ്പു പ്രകാരമാണ് ഒരാളെ മതത്യാഗി (Apostate) എന്നു വിളിക്കുന്നത്.

## 3. കമ്മ്യൂണിസ്റ്റുകാർ മതത്യാഗികളാകുന്നതെങ്ങനെ?

സഖാക്കൾ ഈശ്വരൻെറ ആസ്തികൃത്തെ നിഷേധിക്കുന്നു. ആത്മാവിൻെറ അമർത്ത്യതയിലും മരണാനന്തര ജീവിതത്തിലും അവർക്കു വിശ്വാസമില്ല. ഇച്ഛയുടെ സ്വാതന്ത്ര്യം രക്ഷാ ശിക്ഷാവിധികൾ ഇവയെല്ലാം അവരുടെ ദൃഷ്ടിയാൽ മിഥ്യാബോധങ്ങളും അന്ധവിശ്വാസങ്ങളുമത്രേ. താദൃശ ചിന്താഗതികളോടു കൂടിയ ഒരു വ്യക്തിയെ ആർക്കാണ് മതത്യാഗിയല്ലെന്ന് പറയുവാൻ സാധിക്കുക. അങ്ങനെ കമ്മ്യൂണിസ്റ്റുകൾ മതത്തിൽനിന്നു വ്യതിചലിച്ചവർക്കുള്ള ശിക്ഷയിൽ ഭാഗഭാക്കുകളാകുന്നു. കാനൻ നിയമം 2314; (Omnes Apostatae a Christiana fide incurrunt ipso facto excommunicationem." A communist who professes—defends and spreads materialistic and anti-Christian doctrine of communism ipso facto incurs excommunication especially reserved to the Holy see.

## 4. കമ്മ്യൂണിസ്റ്റുപാർട്ടിയ്ക്കു വോട്ടു നൽകുന്നവർ മഹറോൻ ശിക്ഷയ്ക്കു വിധേയരാകുമോ?

ഒരു വ്യക്തി വിശ്വസിക്കുകയും പരിപാലിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന തത്വസംഹിതയെ പ്രയോഗത്തിൽ കൊണ്ടുവരികയാണ് അയാളുടെ വോട്ടു രേഖപ്പെടുത്തൽ. ഈ കാഴ്ചപ്പാടിൽ കമ്മ്യൂണിസ്റ്റുകാരനെന്നു പ്രസ്താവിക്കുകയും വിശേഷ്യ ക്രൈസ്തവവിരുദ്ധവും ഭൗതികവുമായ കമ്മ്യൂണിസ്റ്റു തത്വങ്ങളെ പരിപാലിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന "കത്തോലിക്കർ" കമ്മ്യൂണിസ്റ്റുപാർട്ടിയ്ക്കുവേണ്ടി തങ്ങളുടെ വോട്ടുകൾ രേഖപ്പെടുത്തുമ്പോൾ പരിശുദ്ധസിംഹാസനത്തിനുമാത്രം മോചനം നൽകാവുന്ന മഹറോൻ ശിക്ഷയ്ക്കു സ്വതേ വിധേയരായിത്തീരുന്നുവെന്നതു് അവിതർക്കിതമാണ്. ഇവിടെ ശീലിച്ചതിനെ പാലിക്കുന്നു-വിശ്വസിക്കുന്നതിനെ പ്രായോഗികമാക്കുന്നു. എന്നാൽ "without however inteding to adhere to the materialistic and anti-Christian doctrine of Communism" ഒരാൾ സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലവും ജീവനില്ലുള്ളകൊതികൊണ്ടും പീ

# പരിശുദ്ധത്രീത്വത്തിന്റെ നിർമ്മലലില്ലി *

(റവ. ഫാ. ഹെർമൻ, ഒ. സി. ഡി.)

## പ്രാരംഭം

തന്റെ സന്നിധിയിൽ നമ്മൾ വിശുദ്ധരും കളങ്കമില്ലാത്തവരുമായിത്തീരുവാൻ വേണ്ടിയാണ് ലോകസ്ഥാപനത്തിനു മുമ്പേ തന്നെ ദൈവം മിശിഹായിൽ നമ്മെ തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ എഫേസിയക്കെഴുതിയ ലേഖനത്തിൽ പറയുന്നു. ഉൽഭവത്തിൽതന്നെ നിർമ്മലയായിത്തീർന്ന പരിശുദ്ധകന്യകയേപ്പോലെ ആ ആദർശം ആരും പ്രാപിച്ചിട്ടില്ല. പരിശുദ്ധത്രീത്വത്തിന്റെ സന്നിധിയിൽ പരിമളം വീശുന്ന ഒരു നിർമ്മലലില്ലിപ്പുഷ്പമായി അവൾ സദാ പരിലസിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും അതീവസംതൃപ്തിയോടുകൂടെ അവളിൽ അധിവസിക്കുന്നു. അതുപോലെ പരിശുദ്ധത്രീത്വത്തിന് ആലയമായിത്തീരേണ്ട എല്ലാ ആത്മാക്കളുടെയും മാതൃകയും മാതാവും മദ്ധ്യസ്ഥയുമാണവൾ. മാമ്മോദീസായുടെയും വിശുദ്ധീകരണത്തിന്റെയും അനുഗ്രഹങ്ങൾ അവൾ വഴിയായിട്ടാണ് എല്ലാവരും പ്രാപിക്കുന്നത്, മറിയത്തെ അറിയുകയും സ്നേഹിക്കുകയും വണങ്ങുകയും ചെയ്യുന്നതിന്റെ അളവനുസരിച്ചാണ് അതിസ്വാഭാവികവും ആന്തരികവുമായ നമ്മുടെ ജീവിതത്തെ സംബന്ധിച്ച ആകാംക്ഷ നമ്മിൽവർദ്ധിക്കുന്നത്. പരിശുദ്ധത്രീത്വവുമായി അവൾക്കുള്ള വിസ്മയനീയമായ ചാർച്ച നമുക്കു പരിചിതമാകണം. പിതാവിന്റെ പുത്രിയും, പുത്രന്റെ മാതാവും, പരിശുദ്ധാത്മാവിന്റെ പ്രിയതമയുമാണവൾ. പിതാവിന്റെ ശക്തിയും പുത്രന്റെ ജ്ഞാനവും പരിശുദ്ധാത്മാവിന്റെ സ്നേഹവും നമ്മിലേക്കു പ്രവഹിക്കുന്നത് സ്വർഗ്ഗവാതിലായ മറിയം വഴിയാണ്. "സ്വർഗ്ഗത്തിന്റെ വാതിലേ! ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമെ." എന്നു ലിത്തനിയായിൽ നമ്മൾ ചൊല്ലുന്നുണ്ടല്ലോ. "പരിശുദ്ധത്രീത്വത്തിന്റെ നിർമ്മലലില്ലീ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ." എന്നു വേറൊരുസുകൃതജപവുമുണ്ട്. പരിശുദ്ധത്രീത്വത്തിലെ ദൈവ ആളുകൾ ഓരോരുത്തരും പരിശുദ്ധകന്യകയ്ക്കു നൽകിയിട്ടുള്ള വിശേഷവരങ്ങൾക്കു നന്ദിപറയുവാനും മറിയത്തിന്റെ സംരക്ഷണയിൽ ചാവുദോഷത്തിൽനിന്നു സുരക്ഷിതരായിരിക്കുവാനും വേണ്ടി കാലത്തും വൈകിട്ടും മൂന്നു "നന്മനിറഞ്ഞമറിയം" ചൊല്ലുന്ന ഒരു അതിഭക്തസഖ്യവും തിരുസ്സഭ അംഗീകരിച്ചിട്ടുണ്ട്. ഇവയിലെല്ലാം അന്തർഭവിച്ചിട്ടുള്ള ആശയങ്ങൾ വിശദീകരിച്ച്, മറിയത്തോടൊന്നിച്ചു പരിശുദ്ധത്രീത്വത്തിന്റെ അധിവാസം അഭ്യസിക്കുവാൻ നന്മനസ്സുള്ളയാളുകളെ സഹായിക്കുവാനായി, "പരിശുദ്ധത്രീത്വത്തിന്റെ നിർമ്മലലില്ലി" എന്നൊരു ലേഖനപരമ്പര "കാർമ്മൽ" ത്രൈമാസികത്തിൽ ആരംഭിക്കുകയാണ്." "മറിയംവഴി പരിശുദ്ധത്രീത്വത്തിലേയ്ക്കു്" എന്നതാണ് ഇതിന്റെ ലക്ഷ്യം. നമ്മുടെ പരമലക്ഷ്യമായ ആ പരിശുദ്ധത്രീത്വമെന്ന മഹാരഹസ്യത്തിന്റെ ഒരു ലഘുവിവരണംകൊണ്ടു നമുക്കാരംഭിക്കാം. "പരിശുദ്ധത്രീത്വത്തിന്റെ നിർമ്മലലില്ലീ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ."

## I പരിശുദ്ധത്രീത്വത്തിന്റെ പരമരഹസ്യം

"സ്വർഗ്ഗത്തിൽ സാക്ഷ്യം വഹിക്കുന്നവർ മൂന്നുണ്ട്; പിതാവും വചനവും പരിശുദ്ധാത്മാവും. അവർ മൂന്നും ഒന്നാകുന്നു." (1 യോഹ. v, 7): ഒരേകദൈവസ്വഭാവത്തിൽ യഥാർത്ഥമായ മൂന്നാളുകൾ. മൂവരിൽ ഓരോരുത്തരിലും ഒരേ ദൈവസ്വഭാവം തന്നെയാണുള്ളത്. അതിനാൽ ദൈവം ഒന്നുമാത്രമേയുള്ളൂ.

---

ഘനത്തിനു വിധേയനാവുകയാലും മനസ്സില്ലാമനസ്സോടെ കമ്മ്യൂണിസ്റ്റുപാർട്ടിക്കു വോട്ടുചെയ്യുകയാണെങ്കിൽ അയാൾ മഹറോൻ ശിക്ഷയ്ക്കു വിധേയനാകുന്നില്ലെന്നതാണ് സാന്മാർഗ്ഗികശാസ്ത്രജ്ഞന്മാരുടെ നിഗമനം. ഇവയൊക്കെ വിധിക്കേണ്ടതു് സഭാധികൃതന്മാരാണ്, വിശ്വാസികളല്ല. ഇമ്മാതിരിയുള്ള വ്യക്തികൾക്കു് കൂദാശകൾ ഉടനടി സ്വീകരിക്കാമോ ഇല്ലയോ എന്നുള്ളതു് വൈദികരുടെ ഔചിത്യബോധത്തേയും കുററക്കാരൻ പൊതുജനങ്ങൾക്കു നൽകിയ ഉതപ്പിനുള്ള പരിഹാരപ്രവർത്തനങ്ങളേയും ആശ്രയിച്ചിരിക്കുന്നു.

### 5. മഹറോൻ ശിക്ഷയിൽനിന്നു എങ്ങിനെ വിമുക്തരാകാം ?

കമ്മ്യൂണിസ്റ്റും തത്വസംഹിതയ്ക്കു വശഗരായി നട്ടംതിരിഞ്ഞതിനുശേഷം കത്തോലിക്കാസഭാമാതാവിന്റെ അങ്കതലത്തിലേയ്ക്കു പശ്ചാത്താപഹൃദയരായി പിന്തിരിയുന്നവരെ സ്വീകരിച്ചാശ്ലേഷിക്കുവാൻ അധികാരം പരിശുദ്ധസിംഹാസനത്തിനു മാത്രമേയുള്ളൂ (Specially reserved to the holy see) ഈ അധികാരം മെത്രാന്മാർക്കും മെത്രാന്മാർ മുഖേന വൈദികർക്കും (delegate) നൽകിയെന്നു വരാം. പ്രസ്തുത സന്ദർഭങ്ങളിൽ രൂപതാദ്ധ്യക്ഷന്മാർക്കോ അവർ നിയോഗിക്കുന്ന വൈദികർക്കോ പരിശുദ്ധസിംഹാസനത്തിന്റെ അധികാരം ഉപയോഗിക്കാവുന്നതാണ്.

---

* FIDELIS എന്ന അജ്ഞാതനാമാവിന്റെ A la Sainte Trinite par Marie എന്ന പുസ്തകത്തിൽനിന്ന്.

നമ്മുടെ വിശ്വാസത്തിന്റെ ഒന്നാമത്തെ രഹസ്യം ഇതാണ്. ഇത്രയും ആഴമുള്ള രഹസ്യംവേറെ ഒന്നുമില്ല. പരിശുദ്ധത്രീത്വത്തെക്കുറിച്ച് നമുക്കെന്തറിയാം? അതിനെക്കുറിച്ച് എന്തെങ്കിലുംഊഹിക്കുവാൻ നമുക്കു സാധിക്കുമോ? തിരുസ്സഭയുടെ പ്രമുഖമല്പാന്മാരായ വി. ആഗസ്റ്റീനോസിന്റെയും, വി. തോമസ് അക്വിനാസിന്റെയും പ്രബോധനങ്ങൾ നമുക്കു മാർഗ്ഗദർശനം നൽകും. ത്രീത്വത്തെക്കുറിച്ച് ഏതാണ്ടൊരാശയം നമുക്കു നൽകുവാൻ വേണ്ടി മനുഷ്യാത്മാവിന്റെ സാദൃശ്യമാണ് അവർ ഉപയോഗപ്പെടുത്തുന്നത്.

## മനുഷ്യാത്മാവിന്റെ സാദൃശ്യം

മനുഷ്യാത്മാവെന്നു പറയുന്നത് ചിന്തിക്കയും സ്നേഹിക്കയും ചെയ്യാൻ കഴിവുള്ള ഒരു ചൈതന്യവിശേഷമാണെന്നു പറയാം. ആ ചൈതന്യത്തിൽ മൂന്നു തത്വങ്ങൾ നമുക്കു വിശ്ലേഷിച്ചറിയാൻ കഴിയും. ഒന്ന്: ചിന്തയുടെയും സ്നേഹത്തിന്റെയും സ്രോതസ്സായ (ഉറവിടം) ആത്മസത്ത; രണ്ട്: ചിന്ത; മൂന്ന്: സ്നേഹം.

എന്നാൽ കാര്യ (effect) ത്തിലുള്ള ഗുണവിശേഷങ്ങൾ കാരണ (cause) ത്തിലും അവശ്യം ഉണ്ടായിരിക്കേണ്ടതാണ്. അതിനാൽ മനുഷ്യാത്മാവെന്ന കാര്യത്തിന്റെ കാരണമായ ദൈവത്തിലും മേല്പറഞ്ഞ മൂന്നു തത്വങ്ങൾ ഉണ്ടെന്നു നമുക്കനുമാനിക്കാം: അതായത്, ഒന്ന്: ചിന്തയുടെയും സ്നേഹത്തിന്റെയുംസ്രോതസ്സായ ആത്മസത്ത; രണ്ട്: ചിന്ത; മൂന്ന്: സ്നേഹം.

## അല്പംകൂടെ മുന്നോട്ട്

മനുഷ്യാത്മാവിൽ, ചിന്തയുടെയും സ്നേഹത്തിന്റെയും സ്രോതസ്സിന്നു മാത്രമേ ഒരു സത്തയും ഒരു ആളും ആയിരിക്കാൻതക്ക സംപൂർണ്ണതയുള്ളൂ. ചിന്തയും സ്നേഹവും അങ്ങനെയല്ല; അവ രണ്ടും അവയെ ഉല്പാദിപ്പിക്കുന്ന സത്തയുടെ അഥവാ ആളിന്റെ തന്നെ അപ്പഴപ്പോഴുള്ള അവസ്ഥാന്തരം മാത്രമാണ്. ചിന്ത, ദീപസ്തംഭത്തിലെ വിളക്കുപോലെ പെട്ടെന്നു തെളിയുകയും ഉടനെതന്നെ അപ്രത്യക്ഷമാകയും ചെയ്യുന്നു; അതുപോലെ തന്നെ സ്നേഹവും ക്ഷണം വികസിക്കയും അനന്തരം സങ്കോചിക്കയും ചെയ്യും.

ദൈവത്തിലോ എന്നാൽ സമസ്തവും സാരസംപൂർണ്ണമാകയാൽ, ചിന്തയും സ്നേഹവും മേല്പറഞ്ഞതുപോലെ കേവലം യാദൃച്ഛികമായിരിക്കുക സാദ്ധ്യമല്ല. അനന്തസ്വരൂപനായ ദൈവത്തിന്റെ സംപൂർണ്ണതയെന്ന നിലയിൽ അവയും അവിടത്തെ ആത്മസത്തയായിരിക്കുക തന്നെവേണം; അവ തമ്മിൽ ദ്രവ്യാത്മകമായ സമ്മിശ്രത (Confusion of substance) സംഭവിക്കാൻ പാടില്ല. ചിന്ത ചിന്തയായിട്ടും സ്നേഹം സ്നേഹമായിട്ടും നിലനില്ക്കണം; അതിനുവേണ്ടി ഓരോന്നിനും പുരുഷാത്മകമായ വ്യത്യസ്ഥത ആവശ്യമാണ്. ഇതിൽ നിന്നെല്ലാം സിദ്ധിക്കുന്നത് ദൈവത്തിൽ അനന്തമായ ഒരു സത്തയുണ്ടെന്നും, അനന്തമാകയാൽ അവിഭാജ്യമായ ആ സത്ത മൂന്നാളുകളിൽ സത്തവത്തായിരിക്കുന്നുവെന്നുമാണ്. ഒന്ന്: ചിന്തയുടെയും സ്നേഹത്തിന്റെയും സത്തവത്തായ സ്രോതസ്സ്; രണ്ട്: സത്തവത്തായ ചിന്ത; മൂന്ന്: സത്തവത്തായ സ്നേഹം.

## കുറച്ചുകൂടെ ഉള്ളിലേയ്ക്കു്

മനുഷ്യാത്മാവിൽ, ചിന്തയുടെയും സ്നേഹത്തിന്റെയും സ്രോതസ്സ്, ചിന്ത, സ്നേഹം എന്ന മൂന്നു സംജ്ഞകൾക്കു് പരസ്പരബന്ധമില്ലായ്കയില്ല. ഒന്നു മറ്റൊന്നിൽ നിന്നുൽഭവിക്കുന്നു: ആത്മാവു് തന്നെക്കുറിച്ചു തന്നെയുള്ള ധ്യാനത്താൽ ദർപ്പണത്തിൽ ഛായയെന്നവണ്ണം സ്വന്തം രൂപമായ ചിന്തയെ തന്നിൽതന്നെ ഉളവാക്കുന്നു. അതുപോലെതന്നെ ആത്മാവു് സ്വന്തം ചിന്തയുടെ വിഷയത്തിൽ ആനന്ദിച്ചുകൊണ്ടു് അതിന്റെ നേർക്കു സ്നേഹമുളവാക്കുന്നു. ഇതുപോലൊരു പ്രവർത്തനപദ്ധതി ദൈവത്തിലുമുണ്ടെന്നനുമാനിക്കുന്നതു യുക്തിയുക്തമാണ്.

ദൈവത്തിൽ ചിന്തയുടെയും സ്നേഹത്തിന്റെയും സ്രോതസ്സിനു് ആരംഭവും ഉൽഭവവുമൊന്നുമില്ല. അതു വേറെ ആരിൽനിന്നും ഉത്ഭവിക്കാത്ത ഒരു ആൾ ആണ്. ആ ആളിനെ 'ഒന്നാമാൾ' എന്നു നിർദ്ദേശിക്കാം. തന്നെപ്പററിയുള്ള ധ്യാനത്താൽ ദൈവത്തിൽനിന്നു സ്വന്തം ചിന്ത പുറപ്പെടുന്നു. രൂപം അതിന്റെ മാതൃകയിൽനിന്നു വ്യത്യസ്ഥമായിരിക്കുന്നതുപോലെ, ചിന്ത അതിന്റെ ഉൽഭവസ്ഥാനത്തുനിന്നും വ്യത്യസ്ഥമാണ്. ദൈവത്തിന്റെ ചിന്തയാകുന്ന ഈ ആൾ ആദ്യത്തെ ആളിൽ നിന്നാണല്ലൊ ഉത്ഭവിക്കുന്നതു്. അതിനാൽ ഈ ആളിനെ 'രണ്ടാമാൾ' എന്നു നാമകരണംചെയ്യാം. സത്തവത്തായ തന്റെ ചിന്തയെന്ന ഈ ദ്വിതീയ ആത്മ (self) ത്തിൽ ദൈവം ആനന്ദിക്കുന്നു; അതുപോലെ തന്നെ ആ ചിന്തയും, സത്തവത്തും ചൈതന്യമുള്ളതുമാകയാൽ, അഥവാ ദൈവ ആളാകയാൽ ദൈവികമായ ആ സ്വന്തം ഉത്ഭവസ്ഥാനത്തിൽ ആനന്ദിക്കുന്നു. ഒന്നാമാളും, രണ്ടാമാളും തമ്മിൽ പരസ്പരമുള്ള ഈ ആനന്ദത്തിൽ നിന്നാണ് ദൈവത്തിൽ സ്നേഹം ഉളവാകുന്നതു്. ആ സ്നേഹം ചൈതന്യം സംപൂർണ്ണവും സത്തവത്തും ആണ്. അതുൽഭവിക്കുന്ന ഉഭയസ്ഥാനങ്ങളിൽ നിന്നും അതു വ്യത്യസ്ഥമാണ്, അവയെ തമ്മിൽ യോജിപ്പിക്കുന്ന ബന്ധവുമാണ്. അങ്ങനെ സ്നേഹമെന്ന ആൾ മററു രണ്ടാളുകളിൽനിന്നും പുറപ്പെടുന്നു. അതാണു 'മൂന്നാമാൾ.'

## കൂടുതൽ ആഴത്തിലേയ്ക്കു്

ദൈവ ആളുകളെ സംഖ്യാക്രമം കൊണ്ടുമാത്രം നിർണ്ണയിച്ചാൽ പോരാ. മനുഷ്യജീവിതത്തിൽ, മനുഷ്യസ്വഭാവത്തെ പകർന്നുകൊടുത്തു സ്വന്തം സാദൃശ്യത്തിൽ ഒരു ശിശുവിനെ ജനിപ്പിക്കുന്ന ആളെ 'പിതാവ്' എന്നു വിളി

ക്കുന്നു. ദൈവത്തിൽ, ഒന്നാമാൾ തൻെറ സ്വഭാവം മുഴുവനും രണ്ടാമാളിനു നൽകുന്നു. അതിനാൽ ആ ഒന്നാമാളിന് "പിതാവ്" എന്ന നാമം സമുചിതമാണ്. അതു തന്നെയാണ് അവിടുത്തെ വ്യക്തിനാമം.

അതുപോലെ തന്നെ, മററൊരാളിൽനിന്നു മനുഷ്യസ്വഭാവം ജനനംവഴി സ്വീകരിക്കുന്നയാളെ അയാളുടെ 'പുത്രൻ' എന്നു വിളിക്കുന്നു. ദൈവത്തിൽ, രണ്ടാമത്തെയാൾ പിതാവിനാൽ ജനിപ്പിക്കപ്പെടുന്നു, പിതാവിൽനിന്നു ദൈവസ്വഭാവം സ്വീകരിക്കുന്നു. അതിനാൽ രണ്ടാമാൾ 'ദൈവപുത്രൻ' എന്നു വിളിക്കപ്പെടണം. മനുഷ്യാത്മാവിൻെറ പ്രവൎത്തനത്തിൽ, ചിന്തയ്ക്കു മാനസികവചനം അഥവാ ആന്തരികശബ്ദം എന്നു പേരുപറഞ്ഞു വരുന്നു. ദൈവത്തിൽ രണ്ടാമാൾ, ദൈവം തന്നെത്താൻ ചിന്തിക്കുന്ന ചിന്തയും, ഒരേകവാക്കിനാൽ അഥവാ വചനത്താൽ തന്നെത്താൻ സംപൂൎണ്ണമായി ഉദീരണം ചെയ്യുന്ന ആന്തരീകശബ്ദവുമാകയാൽ ആ രണ്ടാമാളിനെ 'വചനം' എന്നും കൂടെ നാമകരണം ചെയ്യുന്നു. അങ്ങനെ രണ്ടാമാളിന്, "ദൈവപുത്രൻ" എന്നും "നിത്യവചനം" എന്നും രണ്ടു പേരുകൾ ഉണ്ട്.

മനുഷ്യാത്മാവിൽ, സ്നേഹം എന്നു പറയുന്നതു് സ്നേഹിക്കുന്നയാളെ തൻെറ സ്നേഹഭാജനത്തിലേയ്ക്കാകർഷിക്കുന്ന ഒരു ചായ്‌വ്, ഒരു പ്രചോദനം, സർവതോന്മുഖമായ ഒരാവേശം ആണെന്നു പറയാം. ആ ആവേശത്തിന്നു് കാററിൻെറ നിശ്വസനത്തോട് ഏറെക്കുറെ സാദൃശ്യമുണ്ട്. നിശ്വസനത്തിനു ലത്തീനിൽ പറയുന്ന പേർ സ്പിരീത്തുസ് (spiritus) എന്നാണ്.

ആവേശം, നെടുവീൎപ്പ് എന്ന പദങ്ങൾ നിശ്വസനത്തിൻെറ ഉഗ്രത വെളിവാക്കുന്നു. ദൈവത്തിൽ, മൂന്നാമത്തെയാൾ, പിതാവിനെ പുത്രൻെറനേർക്കും പുത്രനെ പിതാവിൻെറ നേർക്കും പരസ്പരം പ്രചോദിപ്പിക്കുന്ന സ്നേഹഭാവമാകയാൽ, അവിടുത്തേയ്ക്കു "പരിശുദ്ധാത്മാവ്" എന്ന വ്യക്തിനാമം കല്പിക്കപ്പെട്ടിരിക്കുന്നു. അതിനെക്കാൾ ഉത്തമമായ ഒരു നാമത്തിൻെറ അഭാവം മാത്രമേ അതുദ്യോതിപ്പിക്കുന്നുള്ളു, ദൈവത്തിൻെറ പിതൃത്വത്തേയും, വചനത്തിൻെറ ജ്ഞാനത്തേയും, പോലെതന്നെ സ്നേഹത്തിൻെറ ആത്മാവും അവൎണ്ണനീയമാണ്.

നമുക്കു സുപരിചിതമായ മനുഷ്യാത്മാവെന്ന ആശയത്തെ ദൈവത്തിൻെറ തോതിൽ അനന്തമായി വിപുലപ്പെടുത്തിയപ്പോൾ, ദൈവത്തിലുള്ള പിതാവ്, പുത്രൻ അഥവാ വചനം, പരിശുദ്ധാത്മാവ് എന്ന മൂന്നാളുകളെ പ്പററി എന്തോ അല്പം മനസ്സിലാക്കാൻ നമുക്കു സാധിച്ചു.

ഈ മൂന്നു ദൈവ ആളുകൾ മൂന്നു ദൈവങ്ങളായിരിക്കാത്തതെന്തുകൊണ്ടാണ്? ദൈവസ്വഭാവം അഥവാ ദൈവത്തിൻെറ സത്ത അനന്തമാകയാൽ അതു്അവിഭാജ്യമാണ്, തന്നിമിത്തം മൂന്നാളുകൾക്കും അതു പൊതുവേ സ്വായത്തമാണ്. ഓരോ ആളിനും അതിൻെറ മൂന്നിലൊരംശമാണ് സ്വന്തമെന്നു നാം സങ്കല്പിച്ചുകൂടാ. ഓരോരുത്തർക്കും അതു മുഴുവൻ സ്വന്തമാണ്. മാനവഭാഷയിൽ നിന്നും വേണമെങ്കിൽ ഈ വിസ്മയനീയരഹസ്യത്തിനു് ഒരു സാദൃശ്യം എടുത്തു കാണിക്കാവുന്നതാണ്. ഒരേ ആശയം അഥവാ സത്യംതന്നെ വ്യത്യസ്ഥങ്ങളായ മൂന്നു ശൈലികൾ കൊണ്ടു് മൂന്നുവിധത്തിൽ പ്രകാശിപ്പിക്കാൻ പാടുള്ളതാണല്ലോ.

പരിശുദ്ധ ത്രീത്വമെന്ന പരമരഹസ്യത്തിൻെറ ലളിതമായ ഒരു സാമാന്യവിവരണമാണ് ഇതുവരെയും നൽകിയതു്. കുറച്ചുകൂടെ

## സംക്ഷിപ്തമായ ഒരു വിവരണം

കൂടെ നൽകിക്കൊണ്ടു് ലേഖനത്തിൻെറ ഈ ഭാഗം അവസാനിപ്പിക്കാം. "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്" എന്ന മൂന്നാളുകളുള്ള ഏക ദൈവത്തിൻെറ രഹസ്യമാണ് പരിശുദ്ധത്രിത്വത്തിൻെറ പരമരഹസ്യം. സുവിശേഷത്തിൽനിന്നു നമുക്കു ലഭിക്കുന്ന ഏററവും ലഘുവായ വിവരണം ഇതാണ്. സുവിശേഷകാലം വരെയും ദൈവം തൻെറ ഈ രഹസ്യം വ്യക്തമാക്കിയിട്ടില്ലായിരുന്നു എന്നാൽ ക്രിസ്തുനാഥൻവഴി ദൈവം തൻെറ ആന്തരികജീവിതത്തിൻെറ രഹസ്യം നമുക്കു വെളിപ്പെടുത്തിത്തന്നു; പ്രഥമവീക്ഷണത്തിൽ കേവലം ശുഷ്ക്കമെന്നു തോന്നിയേക്കാവുന്ന ഒരു വിസ്മയനീയരഹസ്യംകൊണ്ടു നമ്മുടെ ബുദ്ധിയെ വൃഥാ അമ്പരപ്പിക്കുവാനല്ല അങ്ങനെയൊരു വെളിപാടു ദൈവം നമുക്കു നൽകിയതു്. പ്രത്യുത ബുദ്ധിയുടെ സ്വാഭാവികമായ കഴിവിനെ അതിശയിക്കുന്ന ദൈവികയാഥാൎത്ഥ്യങ്ങളെക്കുറിച്ചുള്ള അറിവ് അതിൽ നിക്ഷേപിക്കുവാൻ വേണ്ടിയാണ്. എന്തെന്നാൽ, പ്രപഞ്ചത്തേയും നമ്മുടെ ആത്മാവിനേയും കുറിച്ചുള്ള ധ്യാനപരമായ ആലോചനകൊണ്ടു് ദൈവാസ്തിക്യം ഗ്രഹിക്കുവാൻ നമുക്കു കഴിയുമെങ്കിലും, ദൈവസത്തയുടെ ആഴത്തിൽ മറഞ്ഞുകിടക്കുന്ന ജ്ഞാനത്തിൻെറയും സ്നേഹത്തിൻെറയും അഗ്നികുണ്ഡത്തെ പ്രാപിക്കുവാൻ ആ വഴിയേ ഒരിക്കലും നമുക്കു സാധിക്കുന്നതല്ല!

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവത്തിൻെറ ആന്തരികജീവിതത്തിലെ പ്രവൎത്തനങ്ങൾ എന്തെല്ലാമാണ്? മാനവഭാഷയുടെ അപര്യാപ്തതയിൽ നമുക്കു മിഴററുവാൻ കഴിയുന്നതു് കേവലം തുച്ഛമാണ്.

ദൈവം ആത്മാവാണ്. അനന്തനായ അവിടുന്നു തന്നെത്താൻ സംപൂൎണ്ണമായി അറിയുന്നു. ആ അറിവ് അഥവാ ജ്ഞാനം അനന്തമാകയാൽ ദൈവത്തോടു സമമാണ്; ദൈവത്തെപ്പോലെ നിത്യമാണ്; ദൈവത്തെപ്പോലെ സാരവത്താണ്. അതു് ഒരു കണ്ണാടിയിലെന്നപോലെ അവിടുന്നുതന്നെത്താൻ പ്രതിബിംബിപ്പിക്കുന്ന പരിപൂൎണ്ണമായ സ്വന്തം ഛായയാണ്. അതു്, തൻെറ സത്തമുഴുവനും, തൻെറ ശക്തിമുഴുവനും തൻെറ വീര്യം

# അൽഭുത പ്രവർത്തകനായ ആ ദീർഘദർശി

(റവ. ഫാദർ ഗ്രഗറി ററി. ഒ. സി. ഡി.)

ഇസ്രായേലിൽ ആഹാവ് ഒക്കോസിയാസ് എന്ന രാജാക്കന്മാരുടെ കാലത്തുണ്ടായ വിഗ്രഹാരാധനയോട് എതൃക്കുന്നതിനായി ദൈവം പ്രത്യേകവിധം തെരഞ്ഞെടുത്ത ഒരു മഹാ ദീർഘദർശിയാണ് വി. ഏലിയാ. അദ്ദേഹം ലോകത്തിൽ വസിച്ചിരുന്നപ്പോൾ ദൈവത്തിൻ പക്കൽ വളരെ സ്വാധീനശക്തിയുള്ള ആളായിരുന്നുവെന്നു രാജാക്കളുടെ പുസ്തകത്തിൽനിന്നും നമുക്കു നിഷ്പ്രയാസം ഗ്രഹിക്കാം. ആ വിശുദ്ധന്റെ പ്രാർത്ഥനമൂലം മഴ സമൃദ്ധിയായി വർഷിക്കുകയും, പിശാചു തോല്പിക്കപ്പെടുകയും, നന്മ വിജയിക്കയും, ദൈവതിരുനാമം മഹത്വം പ്രാപിക്കുകയും, വിസ്മയകരമായ അത്ഭുതങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹമാകട്ടെ അത്ഭുതകരമായി ഭൂമിയിൽനിന്നും എടുക്കപ്പെട്ട് ഇന്നു പരത്തിൽ വസിക്കുകയാണ്. ആ സ്ഥിതിക്കു ആ പുണ്യാത്മാവിന്റെ മാദ്ധ്യസ്ഥത്തിനു ഇന്നു കൂടുതൽ ശക്തിയുണ്ടായിരിക്കുമെന്നു ന്യായമായി വിചാരിക്കാം. അതിനാൽ, മനഃശരണത്തോടെ ഈ ദീർഘദർശിയെ സമീപിച്ച് താഴെപ്പറയുന്ന പ്രത്യേക കാര്യങ്ങൾക്കായി നമുക്കു അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം തേടാം.

## 1. മഴ ലഭിക്കുന്നതിന്

1779-ൽ റോമാനിവാസികൾ മഴയില്ലാതെ കഠിനമായ ഉണക്കു നിമിത്തം അതിയായി കഷ്ടപ്പെട്ടിരുന്നു. തദവസരത്തിൽ, റോമിലുള്ള നാലു കർമ്മലീത്താ ദേവാലയങ്ങളിൽ മഴയ്ക്കുവേണ്ടി നമ്മുടെ വിശുദ്ധനോടു ഒരു ത്രിദിന പ്രാർത്ഥന നടത്തി. പ്രാർത്ഥനയുടെ ആദ്യ ദിവസം തന്നെ മഴ പെയ്തു തുടങ്ങുകയും ജനങ്ങൾക്കു സമാശ്വാസം ലഭിക്കുകയും ചെയ്തു. മഴയില്ലാതെ കഷ്ടതയനുഭവിക്കുന്ന സന്ദർഭങ്ങളിൽ വി. ഏലിയായോടുള്ള പ്രാർത്ഥനമൂലം മഴ ലഭിക്കുന്നതായി നമ്മുടെ നാട്ടിലും ധാരാളം അനുഭവങ്ങളുണ്ട്.

## 2. വസന്തയും രോഗങ്ങളും നീങ്ങുന്നതിന്

1659-ൽ നേപ്പിൾസ് രാജ്യത്ത്, ഒരു പ്ലേഗുബാധ പടന്നുപിടിച്ചു. അതുമൂലം പ്രതിദിനം അനേകർ മൃതിയ

---

മുഴുവനും താൻ പ്രകാശിപ്പിക്കുന്ന തന്റെ ആന്തരിക വചന (ശബ്ദ)മാണ്. അനന്തനായ ദൈവം തന്നിൽ തന്നെ, തന്നെത്താൻ ധ്യാനിക്കുന്നു; അവിടുത്തെ സൗന്ദര്യത്തിന്റെ ദർപ്പണവും, മഹിമയുടെ വൈഭവവും, സാരാംശത്തിന്റെ പ്രതിഛായയുമാണ് തന്റെ സത്തയുടെ സംപൂർണ്ണരൂപത്തിന്റെ പ്രകാശനമായി താൻ ഉദീരണം ചെയ്യുന്ന വചനം. അതുതന്നെയാണ് തന്റെ ആന്തരിക ശബ്ദം, ആരാധ്യമായ തന്റെ നിത്യവചനം.

ദൈവം തന്റെ വചനത്തിൽ തന്നെത്താൻ ഇങ്ങനെ ദർശിക്കുമ്പോൾ, അനന്തമായ തന്റെ സൗന്ദര്യം പരിലസിക്കുന്ന പ്രകാശമാകുന്ന സാഗരത്തിൽ തന്റെ വീക്ഷണത്തെ ആഴ്ത്തുമ്പോൾ, അത്യന്തം ഉദ്ദീപ്തവും, അതീവപരിശുദ്ധവുമായ ആ രൂപത്തിൽ തന്റെ സത്തയുടെ സംപൂർണ്ണത മുഴുവൻ ദർശിക്കുമ്പോൾ,പരിപൂർണ്ണവും അപരിമേയവും അനന്തവുമായ ഒരു സ്നേഹം, തന്റെ പുത്രനിൽനിന്നുൽഗ്ഗമിക്കുന്ന ആ ആനന്ദസൗന്ദര്യത്തിലേക്കു തന്നെ ആകർഷിക്കുന്നു.

പിതാവിനു പുത്രനിലേക്കും, പുത്രനു പിതാവിലേക്കും പരസ്പരമുള്ള തൃഷ്ണയാണിത്; വെളിച്ചത്തിന്റെയും സ്നേഹത്തിന്റെയും അന്യോന്യവിനിമയമാണിത്; വ്യക്തിത്വത്തെ നിലനിത്തിക്കൊണ്ട് ഇരുവരും ഏകീഭവിക്കുന്ന ഒരു നിത്യചുംബനമാണിത്; ഇതിനു പരിശുദ്ധാത്മാവെന്നു പേരു പറയുന്നു; പരിശുദ്ധാത്മാവ് പിതാവിന്റെയും പുത്രന്റെയും വ്യക്തിഗതവും ഏകസാര (Consubstantiai)വുമായ സ്നേഹമാണ്. പരിശുദ്ധാത്മാവിനു പിതാവിനോടും പുത്രനോടും കൂടെ ഒരേകസ്വഭാവവും ഒരേക ദൈവത്വവും മാത്രമേയുള്ളു. ഇതാണ് അവർണ്ണ്യവും ആരാധ്യവുമായ പരിശുദ്ധത്രീത്വത്തിന്റെ രഹസ്യം, ദൈവത്തിന്റെയുള്ളിൽ നിവത്തിക്കപ്പെടുന്ന സ്നേഹത്തിന്റെ പരമരഹസ്യം!"

വിശുദ്ധ അഗസ്റ്റീനോസിനോടൊന്നിച്ച് നമുക്കും ഉൽഘോഷിക്കാം; "പരിശുദ്ധത്രീത്വത്തിലുള്ള വിശ്വാസത്തേക്കാൾ നമ്മുടെ അന്തസ്സിന് അനുയോജ്യമായും, ഹൃദയത്തിനു മധുരമായും, ആത്മാവിനു ഗുണകരമായും വേറെ യാതൊന്നുമില്ല."

"സർവശക്തനും നിത്യനുമായ ദൈവമേ! സത്യവിശ്വാസത്തിന്റെ അനുസരണംവഴിയായി നിത്യമായ ത്രീത്വത്തിന്റെ മഹിമയെ അറിയുന്നതിനും, ഏകത്വത്തെ മഹത്വശക്തിയിൽ ആരാധിക്കുന്നതിനും അങ്ങേ ദാസന്മാർക്ക് അങ്ങു കൃപചെയ്തുവല്ലൊ; ഈ വിശ്വാസത്തിലുള്ള ദൃഢത കൊണ്ട് സകല അനത്ഥങ്ങളേയും സദാ നേരിടുവാൻ ഞങ്ങളെ ശക്തരാക്കേണമെന്നു ഞങ്ങളുടെ കത്താവീശോമിശിഹായെപ്രതി അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു. ആമേൻ.

(പരിശുദ്ധത്രീത്വത്തിന്റെ തിരുനാൾ ജപം)

ടഞ്ഞിരുന്നു. അവിടെ സ്പ്പെറോനെ എന്ന സ്ഥലത്തു് വി. ഏലിയായുടെ നാമത്തിലുള്ള ഒരു ദേവാലയവും, അതിന്റെ പ്രധാനപീഠത്തിൽ വിശുദ്ധന്റെ ഒരു എണ്ണ ഛായാപടവും ഉണ്ടായിരുന്നു. പ്രസ്തുത ദേവാലയം ഒന്നുനന്നാക്കിപ്പണിയുകയും, തന്റെ ഛായാപടത്തിന്റെ മുമ്പിൽ ഒരു കെടാവിളക്കു സ്ഥാപിക്കുകയും ചെയ്താൽ പ്ലേഗുബാധ നീങ്ങിപ്പോകുമെന്നു വി. ഏലിയാ ദീർഘദർശി പള്ളിവികാരിക്കു പ്രത്യക്ഷപ്പെട്ടറിയിച്ചു. ഭയവിഹ്വലരായി കഴിഞ്ഞുകൂടിയിരുന്ന ജനങ്ങൾ ഈ വിവരം അറിഞ്ഞമാത്രയിൽ ഒത്തൊരുമിച്ചു ധൃതിയിൽ പള്ളി നന്നാക്കാൻ തുടങ്ങി. തൽഫലമായി പ്ലേഗുബാധനീങ്ങി. വസന്ത ശമിച്ചതോടെ പള്ളി നന്നാക്കൽ മാന്ദ്യത്തിലായി. ഉടനെ മുമ്പിലത്തേതിൽ ഇരട്ടി ശക്തിയോടെ പ്ലേഗു വീണ്ടും തലപൊക്കി. ഇതോടെ ജനങ്ങൾ അമ്പരന്നു പുണ്യവാനോടു ക്ഷമയാചിച്ചു കൊണ്ടു പള്ളിപ്പണി ഊർജ്ജിതത്തിൽ നടത്തി പൂർത്തിയാക്കി. അതോടെ പ്ലേഗു നിശ്ശേഷം നീങ്ങി.

### 3. കുടുംബനാശങ്ങളിൽ നിന്നും രക്ഷ നേടുന്നതിനു്

ഇററലിയിലെ കപ്പോനെ നഗരവാസികൾ ഒരു കാലത്തു് യുവജനങ്ങളുടെ അനാശാസ്യ നടപടികൾ കാരണത്താൽ വല്ലതായ സങ്കടമനുഭവിച്ചിരുന്നു. അപ്പോൾ നഗരാധിപന്മാർ തങ്ങളുടെ പട്ടണത്തെ വി. ഏലിയായുടെ സംരക്ഷണത്തിനു് പ്രതിഷ്ഠിക്കുകയും, പ്രതിവത്സരം വിശുദ്ധന്റെ തിരുനാൾ സാഘോഷം നടത്തിക്കൊള്ളാമെന്നു നേർച്ച നേരുകയും ചെയ്തു. തൽഫലമായി എല്ലാവിധ ഇർച്ചകളും ഉടനടി തിരോധാനംചെയ്തു

**തിരുനാൾ ജൂലൈ 20-ാം തീയതി**

### 4. മനഃസമാധാനം പ്രാപിക്കുന്നതിനു്

അയർലണ്ടിന്റെ മദ്ധ്യസ്ഥനും ശ്ലീഹായുമായ വി. പാട്രിക്കു് അതികഠിനമായ പൈശാചിക പരീക്ഷകൾ നിമിത്തം കഷ്ടപ്പെട്ടുകയിൽ നമ്മുടെ വിശുദ്ധന്റെ മാദ്ധ്യസ്ഥം തേടിയെന്നും, തന്മൂലം ഭയമെല്ലാം നീങ്ങി പൂർണ്ണമനഃസമാധാനത്തിൽ എത്തിച്ചേരുന്നതിനു സാധിച്ചുവെന്നും വി. പാട്രിക്കിന്റെ ചരിത്രത്തിൽ പറയുന്നു.

### 5. പുണ്യത്തിൽ പുരോഗമിക്കുന്നതിനു്

വി. യോഹന്നാൻ ക്രൂസു് തന്റെ നവപൂജാവസരത്തിൽ വി. ഏലിയായുടെ ജപതപങ്ങളുടെ ഇരട്ടാരൂപി തനിക്കും പ്രാപിച്ചു കൊടുക്കണമെന്നു ദീർഘദർശിയോടു പ്രാർത്ഥിക്കയുണ്ടായി. അതു എത്രത്തോളം സഫലമായി തീർന്നുവെന്നതു വി. യോഹന്നാന്റെ ജീവചരിത്രത്തിൽ നിന്നും നമുക്കു ഗ്രഹിക്കാവുന്നതാണു്. വി. അമ്മ ത്രേസ്യായും അവളുടെ ഒരു സഹചാരിണിയായിരുന്ന വാഴ്ത്തപ്പെട്ട ബത്തുൽമായുടെ അന്നയും വി. ഏലിയായുടെ ഉത്തമഭക്തരായിരുന്നു. 'നമ്മുടെ പിതാവായ വി. ഏലിയാ' എന്നാണു് വി. അമ്മത്രേസ്യാ എപ്പോഴും ആ പുണ്യാത്മാവിനെപ്പററി പറഞ്ഞിരുന്നതു്. തന്റെ നവീകരണശ്രമത്തിൽ ദീർഘദർശിയുടെ പ്രത്യേക സഹായം തനിക്കു ലഭിച്ചിരുന്നു എന്നും ആ വിശുദ്ധ രേഖപ്പെടുത്തിയിട്ടുണ്ടു്.

### 6. അപകടങ്ങളിൽ സഹായം ലഭിക്കുന്നതിനു്


കർമ്മെലമലയിലെ സന്യാസികളെ ആക്രമിക്കുന്നതിനായി ചെന്നിരുന്ന ഒരു കൂട്ടം മഹമ്മദീയരെ ഒരിക്കൽ വി ദീർഘദർശി ഭയവിഹ്വലരാക്കി ഓടിച്ചിട്ടുണ്ടു്. അങ്ങനെതന്നെ, സിസിലി ദ്വീപിന്റെ ഭരണാധിപനായിരുന്ന റോജർ തന്നെത്തന്നെ വിശുദ്ധന്റെ സംരക്ഷണയിൽ വെച്ചതിന്റെ ഫലമായി അദ്ദേഹത്തോടു യുദ്ധത്തിനു വന്നിരുന്ന സാരസന്മാരെ ആകാശത്തിൽ ഒരു വാളുമായി പ്രത്യക്ഷപ്പെട്ടു് വി. ഏലിയാ ഭയപ്പെടുത്തി ഓടിക്കയുണ്ടായി.

കർമ്മെലമലയിലെ ദേവാലയത്തിലേക്കു് കൂടെക്കൂടെ, പ്രത്യേകിച്ചും നമ്മുടെ വിശുദ്ധന്റെ തിരുനാളായ ജൂലൈ 20-ൽ ഉള്ള തീർത്ഥയാത്രകൾ തന്നെ നമ്മുടെ വിശുദ്ധന്റെ കരുണയെയും മാദ്ധ്യസ്ഥശക്തിയെയും വിളിച്ചറിയിക്കുന്നു. ഈ തീർത്ഥകരിൽ ഒരു നല്ല ഭാഗം മഹമ്മദീയരാണെന്നുള്ളതും സ്മർത്തവ്യമാണു്. മനുഷ്യാവശ്യങ്ങളെ കരുണയോടെ വീക്ഷിക്കുന്ന വി. ഏലിയാ ദീർഘദർശിയുടെ നേർക്കുള്ള ഭക്തി ഇക്കാലത്തിനു വളരെ പററിയതാണു്. എന്തെന്നാൽ ദുഷ്ടത വർദ്ധിച്ചും പരസ്പരവിശ്വാസം ക്ഷയിച്ചും വരുന്ന ഇക്കാലസന്ധിയിൽ ദൈവത്തിൽ നിന്നും ഭയങ്കരമായ ശിക്ഷകൾ ഉണ്ടാകാനിടയുണ്ടു്.

അതിനാൽ, പൂർവ്വകാലത്തു് "കർത്താവിന്റെ കോപത്തെ ശമിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട (എക്ലസി. 48.10)" ആ വി. ഏലിയാ ദീർഘദർശിയുടെ ശക്തിയേറിയ മാദ്ധ്യസ്ഥത്തിൽ മനഃശരണത്തോടെ നമുക്കും അഭയം തേടാം. എല്ലാ തിന്മകളിൽനിന്നും നമ്മെ കാത്തുപാലിക്കുന്നതിനും, ജപം തപം ധ്യാനം പ്രവർത്തനം, സ്നേഹം ത്യാഗം, എളിമ സാധുശീലം, ദൈവസ്നേഹം പരസ്നേഹം എന്നിങ്ങനെ ആ പുണ്യവാനിൽ പ്രശോഭിച്ചിരുന്ന 'ഇരട്ടാരൂപി' (Double Spirit) നമുക്കു പ്രാപിച്ചു തരുന്നതിനും വേണ്ടി എളിമയോടു വി. ദീർഘദർശിയോടു് നമുക്കു പ്രാർത്ഥിക്കാം.

# സെൻറ് തോമ്മസ്സ്.

(എൻ. സി. മാത്യു പൊൻകുന്നം)



(രചയിതാവ്)

വന്നുകേരളനാട്ടിലന്നൊരു
വേദവേദ്യനനാമയം
ഭക്തിയാൽ ദൈവശക്തിയാൽ പരി-
തുഷ്ടിയേററിയനേകരിൽ!
മുക്തിമാർഗ്ഗമുരച്ചു, ശാന്തിതൻ
ശക്തികാട്ടിവിശുദ്ധിയാൽ!
ആരിലും കരുണാമൃതം ചൊരി-
ഞ്ഞാതുരർക്കലിവേകിയും
സത്യദീപംകൊളുത്തി, യേശുവിൻ
നിത്യസത്യങ്ങളോതിയും,
നേർവഴിക്കു വിലങ്ങിസ്വേച്ഛയാൽ
പോകുവോരെത്തിരക്കിയും
വന്നുകേരളനാട്ടിലന്നൊരു
വേദവേദ്യനനാമയം!!
ലാസറിൻ ഗൃഹമെത്തുവാൻ കൊതി-
യെങ്കിലും പുരുഭീതിയാൽ
"വേണ്ട"യെന്നവർ-ശിഷ്യശ്രേഷ്ഠരോ-
ടോതി, ചഞ്ചലമാനസ്സർ
അപ്പൊഴുതു "നമുക്കുമദ്ദേഹ—
മൊത്തുപോയി മരിച്ചിടാം"
എന്നുരച്ചവനൊരു ക്രിസ്തുവി—
ന്നിഷ്ടശിഷ്യരിൽ സത്തമൻ!
സ്വാമിതന്നഭിലാഷപൂർത്തിക്കു
ജീവനും ത്യജിച്ചീടുവാൻ
ആരൊരുങ്ങുകയില്ല—? ചഞ്ചല—
മാനസ്സർക്കതിൽ നീരസം.
നല്ലതെപ്പൊഴും ചെയ്തു മക്കളെ—
യല്ലലേശാതെ കാക്കുവാൻ
ക്രിസ്തുവിൻ തിരുസന്നിധിയണ-
ഞ്ഞീടുവാൻ ദിവമേറുവാൻ
മാർഗ്ഗമോതിയോൻ വൈരിതൻ മദ—
ത്തീയിൽവെന്തു വിഭൂതിയായ്
കൂർത്തുമൂർച്ചയുറച്ചകുന്തമ —
ന്മാറിലേറി മരിക്കുവാൻ
വന്നുകേരളനാട്ടിലന്നൊരു
പ്രേഷിതോത്തമനായി നീ
നിൻമഹത്വമെങ്ങേഴയാമിവർ
നിൻവരങ്ങളെത്തേടുവോർ.
നിന്നുറച്ചവിശ്വാസമെങ്ങിവർ—
ക്കുള്ളഭക്തിയുമെങ്ങഹോ—?

# പ്രേഷിതരാം ഞങ്ങൾ

(ജോൺമാത്യു പെരിയപ്പുറം)

(നാട്ടുണരുന്നു എന്നതിലെ തെയ്യകത്തെയ്യകത്തോം...എം. മ)

പ്രേഷിതരാം ഞങ്ങൾ ഭാരത
പ്രേഷിതരാം ഞങ്ങൾ
ക്രിസ്തുവിൻ പൂന്തോപ്പിലെ വഴിവിളക്കുകൾ
ഭാരത—പ്രേഷിതരാം ഞങ്ങൾ (ഭാരത......)

1. തിരകൾ പുഞ്ചിരിതൂകെ—പൂ
മഴതൂകുതുരെപെയ്തു-
ആയുവജനം ബഹുമേളമായി-
സകലതും വിട്ടകന്നു (പ്രേഷിത......)

2. മണികില്ലുക്കണമേട്ടിൽ—കൽ
പ്രതിമവാഴുന്നനാട്ടിൽ
തെരുതെരെയവർ ക്രൈസ്തവക്കൊടി-
മുകളിലേക്കുയർത്തി (പ്രേഷിത......)

3. മണലണിമരുഭൂവിൽ-വൻ
പൊൻപുഴയൊഴുകുന്നഭൂവിൽ
സുവിശേഷമവർ ചെന്നറിയിച്ചു-
ജനതതികളെയെല്ലാം (പ്രേഷിത......)

# ആത്മ സംസ്കാരം

(എൻ. കെ. ജാൺ എം. ഏ.)

മനുഷ്യൻ സ്വർഗ്ഗസൗഭാഗ്യാമൃതം ആസ്വദിച്ച് നിത്യാനന്ദം അടയേണ്ടവനാണ്. സ്രഷ്ടാവിൻെറ അഭീഷ്ടവും അതുതന്നെ. ലോകം മുഴുവനും നേടിയാലും ആത്മനാശം നേരിടുന്നെങ്കിൽ വിലയേറിയ മർത്ത്യജന്മം നിഷ്പ്രയോജനമാണെന്നാണ് സർവജ്ഞനായ ഈശൻെറ നിദേശം. വിശ്വം മുഴുവനും കീഴടക്കിയാലും സ്വയം കീഴടക്കിയി



(ലേഖകൻ)

ല്ലെങ്കിൽ ജന്മസാഫല്യം നേടാൻ കഴിയുകയില്ല. സ്വയം കീഴടക്കുക ക്ഷിപ്രസാധ്യമല്ല, ശ്രമസാധ്യമത്രേ. ദുഷ്കരമായ ഇക്കാര്യം സുകരമാക്കിത്തീർക്കാൻ ആത്മസംസ്കാരം അവശ്യം ആവശ്യകമാണ്.

മനുഷ്യനു വിവിധമായ പ്രവണതകളുണ്ട്. നന്മ ചെയ്യാനുള്ള പ്രവണത അവനു കുറവാണ്. തിന്മചെയ്യാനുള്ള പ്രവണതയാകട്ടെ കൂടുതലും. വികാരങ്ങളും വിചാരങ്ങളും അവൻെറ ഹൃദയസരസ്സിൽ ഇരമ്പിമറിയുന്നു. കാമക്രോധാദിവികാരങ്ങൾക്ക് അവൻ എളുപ്പം അടിപെട്ടുപോകുന്നു. എന്നാൽ പരോപകാരപ്രദമായ സ്നേഹാനുകമ്പാദിവികാരങ്ങൾ അത്ര എളുപ്പം അവൻെറ ഹൃദയത്തിൽ അലകളിളക്കുന്നില്ല. മർത്ത്യൻ സ്വാർത്ഥതയുടെ മൂർത്തീകരണം; അഹന്തയുടെ ആസ്ഥാനം. പ്രതികാരത്തിൻെറ പ്രതീകം. ദുരാഗ്രഹത്തിൻെറ വിഗ്രഹം.

"നാലഞ്ചുദമ്പടി കിടച്ചിട്ടുമെങ്കിലെന്തു
ജാലത്തിനും ജനമൊരുങ്ങിയിറങ്ങിടുന്നു"

എന്നാണു ക്രാന്തദർശിയായ വള്ളത്തോൾ മഹാകവി മനുഷ്യൻെറ ദുഷിച്ച പ്രവണതയെ ചിത്രണം ചെയ്തിരിക്കുന്നതു്.

മനുഷ്യൻ സാധാരണമായി ആത്മസംസ്കാരരഹിതനാണ്. അവൻ ആത്മസംസ്കാരം സമ്പാദിക്കേണ്ടിയിരിക്കുന്നു. ആത്മസംസ്കാരസമ്പന്നനുമാത്രമേ അന്യനു സംസ്കാരസമ്പത്തു പകർന്നുകൊടുക്കുവാൻ സാധിക്കൂ. സംസ്കാരദരിദ്രനു് സംസ്കാരദാനം അശക്യമാണല്ലോ. സംസ്കാരവിഹീനൻ മിക്കവാറും ദുർഗ്ഗുണങ്ങളുടെ കേദാരമായിരിക്കും. സ്വന്തകണ്ണിൽ വലിയ കരടുകിടക്കുമ്പോൾ അന്യൻെറ കണ്ണിലെ കരടു കണ്ടുപിടിക്കാനോ എടുത്തുകളയാനോ സാധ്യമാണോ? ആദ്യമായി സ്വന്തകണ്ണിലെ കരടു എടുത്തുകളയണം. അപ്പോഴേ അന്യൻെറ കണ്ണിലെ കരടുകണ്ടുപിടിക്കാനും എടുത്തുകളയാനും സാധ്യമാകൂ. ഈ ക്രിസ്തുസൂക്തി അർത്ഥസമ്പുഷ്ടമത്രേ. ആത്മസംസ്കരണം സാധിക്കാത്തവനു് അന്യസംസ്കരണം അസാധ്യംതന്നെ. പ്രസ്തുത വസ്തുത പ്രത്യക്ഷമാക്കാൻ ഇതിലും ഉപരിയായൊരു ദൃഷ്ടാന്തം ആവശ്യമില്ലല്ലോ.

ആത്മസംസ്കരണം സാധിക്കാൻ ആത്മാർത്ഥമായി അഭിലഷിക്കുന്നവർ ആദ്യമായി സ്വന്തദൂഷ്യം കണ്ടുപിടിച്ചു പരിഹരിക്കാൻ പരിശ്രമിക്കണം. എന്നാൽ ഇന്നു നമുക്കു ദൃശ്യമാകുന്നതു് അന്യദൂഷ്യം കണ്ടുപിടിച്ചു പരിഹസിക്കാനുള്ള പരിശ്രമമാണ്. അതിനു് ആധാരമായ ഒരാപ്തവാക്യമാണ്.

Others' faults we easily find;
But our own we easily blind.

എന്നതു്. ഗ്രാമീണർ പറയാറുണ്ടു് "സ്വന്തകുററം നിറഞ്ഞ ചാക്കു പിന്നിലും അന്യകുററം കുറഞ്ഞ ചാക്കു മുന്നിലും പേറിക്കൊണ്ടു മനുഷ്യൻ നടക്കു"ന്നെന്നു്. ഇതു നഗ്നമായ ഒരു പരമാർത്ഥമാണ്.

"കുററമില്ലാത്തജനം കുററമുള്ളവരെയും
ചെററുനിന്ദിക്കയില്ല തങ്ങടെ ഗുണങ്ങളാൽ"

എന്ന നീതിസാരവചസ്സും ഇത്തരുണത്തിൽ സ്മരണീയം തന്നെ. കുററം കൂടിയവരാണു പരദൂഷണവിദ്യയിൽ വിദഗ്ദ്ധർ. കുററത്തിൻെറ കുറവനുസരിച്ചു പരനിന്ദനത്തിൽ വൈദഗ്ദ്ധ്യം കുറയും. കുററമററവരാകട്ടെ കുററമുള്ളവരെപ്പോലും ചെററും പരിഹസിക്കുകയില്ല. നേരെമറിച്ച്, അവർ കുററവാളികളെ ഹാസ്യപാത്രമാക്കാതെ മനസ്സുകൊണ്ടും വചസ്സുകൊണ്ടും അനുകമ്പാപുരസ്സരം അവരെ വശീകരിച്ച് സംസ്കൃതമാനസരാക്കാൻ സർവാത്മനാ യത്നിക്കും. ഇതാണ് ആത്മസംസ്കാരമുള്ളവരുടെ

മുഖ്യലക്ഷണം. സാരാംശപ്രധാനമായ പ്രകൃതസംഗതി പുരസ്കരിച്ച് ഓരോരുത്തരും അവരവരെ ഒന്നു സൂക്ഷ്മമായി പരിശോധിച്ചു നോക്കിയാൽ കാണാം അവരവരുടെ സങ്കുചിതമായ സംസ്കാരത്തിന്റെ കത്തഴിഞ്ഞ നിലവാരം.

ആത്മസംസ്കരണം ലഘുസാധ്യമായ ഒന്നല്ല. ആത്മാർത്ഥമായ നിരന്തരായത്നം കൊണ്ടേ അതു മൊട്ടിട്ടുവിടരൂ. ആത്മനിയന്ത്രണം അഥവാ അച്ചടക്കമാണ് അതിന്റെ അടിത്തറപാകുന്നത്. നമ്മുടെ വികാരങ്ങളെയും വിചാരങ്ങളെയും നിയന്ത്രിക്കാത്ത കാലത്തോളം സംസ്കാരം നമ്മിൽ അങ്കുരിക്കുകയില്ല. വികാരസംയമനം കൊണ്ടേ ആത്മസംസ്കാരം വികസിച്ചു വെണ്മവീശൂ. കാമക്രോധാദി വികാരങ്ങളെ സ്ഥാനത്തേ പ്രയോഗിക്കാവൂ. അസ്ഥാനത്തായാൽ അവ ഓരോന്നും ചെയ്യുന്നത് ആത്മസംസ്കരണത്തിന്റെ ആത്മഹത്യയാണ്. അവ അസ്ഥാനത്തു പ്രയോഗിച്ചു ശീലിച്ചവന് ആത്മസംസ്കരണം ദുസ്സാധമത്രേ.

മഞ്ജിമയണിഞ്ഞ സംസ്കാരദീപം സമുജ്ജ്വലിപ്പിക്കുന്നതിനാണ് മാതാപിതാക്കന്മാർ ശൈശവത്തിൽത്തന്നെ നമ്മെ നിയന്ത്രണവിധേയരാക്കുന്നത്. മാതാപിതാക്കന്മാരുടെ നിയന്ത്രണം നമുക്കു ഒരു വലിയ അനുഗ്രഹമാണ്. ആദ്യമാദ്യം തിക്തമായിത്തോന്നുമെങ്കിലും അതു ക്രമേണ മധുരമായിപ്പകരും. "മൂത്തോർവാക്കും മുതുനെല്ലിക്കായും ആദ്യം കയ്ക്കും പിന്നെ മധുരിക്കു"മെന്നാണല്ലോ പഴമൊഴി. ബാല്യത്തിൽ രക്ഷാകർത്താക്കളുടെ നിയന്ത്രണത്തിനു വിധേയരാകാൻ സൗഭാഗ്യം ലഭിക്കുന്നവർ അനുഗൃഹീതർ തന്നെ. ശൈശവദശയിൽ അനാഥരായിത്തീരാൻ ഇടയാകുന്ന ബാലികാബാലന്മാരുടെ ദുരവസ്ഥ ആരുടെ ഹൃദയത്തെയാണ് സാരമായി സ്പർശിക്കാതിരിക്കുന്നത്?

ഒരു പുഴയിലെ ജലം കരകവിഞ്ഞൊഴുകിയാൽ അനവധി ആളുകളുടെ പ്രയത്നഫലം വെള്ളത്തിലാകും. തന്നിമിത്തം നഷ്ടവും നാശവും ഒട്ടല്ല നേരിടുന്നത്. അതുപോലെതന്നെയാണ്, അഥവാ അതിലും ഉപരിയായിട്ടാണ് വികാരങ്ങളുടെ അനിയന്ത്രിതമായ തിരത്തള്ളൽകൊണ്ട് കഷ്ടനഷ്ടങ്ങളും അപകടവും നേരിടാവുന്നത്. ആത്മസംയമനം മുഖേന നാനാമുഖമായി അങ്കുരിച്ചു പ്രസരിക്കുന്ന സദ്ഗുണ കിരണാവലി ലോകത്തെ ധവളകോമളമാക്കും. ഒരു ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് അച്ചടക്കമുണ്ടെങ്കിൽ അവരുടെ സ്വഭാവത്തിനും പരീക്ഷാഫലത്തിനും ഉണ്ടാകാവുന്ന നന്മയും മേന്മയും അന്യാദൃശമായിരിക്കും. അദ്ധ്യയനകാലത്തു് അച്ചടക്കം അസാധ്യമായിത്തീർന്നാൽ പിന്നെ ഒരു കാലത്തും സ്വായത്തമാകുകയില്ല. "ചൊട്ടയിലെ ശീലം ചുടലവരെ" എന്നാണല്ലോ പഴഞ്ചൊല്ല്. ആത്മസംസ്കരണത്തിനും പ്രയത്നസാഫല്യത്തിലും ഏററവും പററിയ ഒരു ഗുണവിശേഷമാണ് അച്ചടക്കം.

ആത്മസംസ്കാരത്തിന്റെ പരിണതഫലമാണ് മിതവചനം. മിതഭാഷണം ആർക്കും ഭൂഷണമാണ്. "മിതം ച സാരം ച വചോ ഹി വാഗ്മിതാ" എന്നാണല്ലോ ആപ്തവാക്യം. കാര്യമായി കുറച്ചു പറയുന്നവനാണ് വാഗ്മി. നേരേമറിച്ച്, കാര്യമോ സാരമോ കൂടാതെ ധാരാവാഹിയായി സംസാരിക്കുന്നവൻ അന്തസ്സാരശൂന്യനാണ്. അമിതഭാഷണം ആപൽകരമാണ്. അതു അന്തസ്സാരത്തെ നിഹനിക്കുന്നു. അതു് പലപ്പോഴും പരദൂഷണത്തിനു മാർഗ്ഗം തെളിക്കുന്നു. മാത്രമല്ല ആത്മപ്രശംസയ്ക്കും കൂടി. മിതഭാഷി ബന്ധുരമായ ചിന്തയുടെ ഫലം ഉദാരമായി ഉദീരണം ചെയ്യുന്നു. അതാണ് ആദരണീയവും അനുകരണീയവും.

സംസ്കാരദീപത്തിന്റെ ഭാസുരമായ ശിഖയാണു വിനയം. "വിനയം വിദ്വാനു ഭൂഷണം" എന്നാണു സുഭാഷിതം. യഥാർത്ഥമായ അറിവാണു വിദ്യ.

"സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും"

എന്നാണു കവികുലോത്തംസമായ എഴുത്തച്ഛന്റെ അധ്യാത്മജ്ഞാനഗീതം. വിദ്യ ആസ്തിക്യബോധത്തെ ഉത്തേജിപ്പിക്കുന്നു. സഹോദരസ്നേഹത്തെ ഉജ്ജീവിപ്പിക്കുന്നു. അനുസരണശീലത്തെ ഉദ്ദീപിപ്പിക്കുന്നു. വിദ്യ മനുഷ്യനെ വിനയമാല്യം അണിയിക്കുന്നു. വിനയം അഥവാ എളിമ സർവ സദ്ഗുണങ്ങളെയും സത്ഫലഭരനമ്രമാക്കുന്നു.

"ഫലഭരേണ തരുക്കൾ നമിച്ചിടും
ജലഭരേണ ഘനങ്ങളുമങ്ങനെ
അലഘുസമ്പദി സജ്ജനവും തഥാ
വിലസിടുന്നു ഗുണം ഗുണികൾക്കിതു"

വിനയഗുണത്തിന്റെ വിശ്വവശ്യമായ വൈശിഷ്ട്യം കവീശ്വരനായ കാളിദാസൻ ഇങ്ങനെയാണു സമ്മോഹനമായി പ്രകാശിപ്പിക്കുന്നത്. എളിമ ഹൃദയമുകുളത്തിൽ പരിമളം വീശുമ്പോൾ മനുഷ്യനു് ആത്മജ്ഞാനമുണ്ടാകുന്നു. ആത്മജ്ഞാനമുണ്ടാകുമ്പോഴാണു ഇഹലോകത്തിന്റെ നശ്വരതയും പരലോകത്തിന്റെ അനശ്വരതയും അവനു് അനുഭവവേദ്യമാകുന്നത്. അപ്പോഴാണ് മനുഷ്യന്റെ നിസ്സാരതയും ഈശ്വരന്റെ അന്തസ്സാരതയും ജ്ഞാനദൃഷ്ടിക്കു വിഷയമാകുന്നത്. ദൈവവിശ്വാസവും സുകൃതഭാവവും അക്ഷയഭാസുവീശി പക്ഷപുടമിളക്കി മനുഷ്യനെ മണ്ണിൽനിന്നും വിണ്ണിലേക്കുയർത്തി ജീവന്മുക്തനാക്കിത്തീർക്കുന്നതും അപ്പോൾത്തന്നെ. അന്തരാത്മാവു് സമാശ്വാസത്തിന്റെയും സംതൃപ്തിയുടെയും സമാകർഷകമായ പ്രഭാപൂരം പരത്തി അനന്താനന്ദലഹരിയിൽ മദിച്ചുല്ലസിക്കുന്നതും അപ്പോൾത്തന്നെയാണ്. ഇങ്ങനെ ആത്മസംസ്കാരം ജീവന്മുക്തിക്കും പരമാനന്ദാനുഭൂതിക്കും കളമൊരുക്കുന്നു. ആത്മസംസ്കാരസമ്പന്നരായ പുണ്യതാരങ്ങളുടെ ജീവിതചരിതം ഇതിനു സജീവമായ സാക്ഷ്യം വഹിക്കുന്നു.

# നന്മനിറഞ്ഞ മറിയമേ സ്വസ്തി

(വെ. റവ. ഫാ. ജെ. കോയിൽപറമ്പിൽ)

ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന ആളുകളെ സമീപിച്ചു അവരിൽനിന്നു് ആനുകൂല്യങ്ങൾ പ്രാപിക്കുന്നതിനു് മദ്ധ്യവർത്തികളെ നിയോഗിക്കുന്ന പതിവു് സർവ്വസാധാരണമാണു്. ദൈവം മനുഷ്യാവശ്യങ്ങൾക്കനുസരണം തന്റെ വഴികളെ സജ്ജീകരിക്കുകയും മാനവവംശത്തിനാകമാനം ഒരു മദ്ധ്യവർത്തിയെ-മദ്ധ്യസ്ഥനെ-തരികയുംചെയ്തിട്ടുണ്ടു്. "ദൈവത്തിന്റേയും മനുഷ്യന്റേയും ഇടയിലുള്ള ഏക മദ്ധ്യസ്ഥൻ-യേശുക്രിസ്തു" (തിമത്തി 1: 2. 5). ദൈവവും മനുഷ്യനുമായ ക്രിസ്തുവാകട്ടെ തന്റെ രക്തം വിലയായി കൊടുത്തു് നേടിയ ഈ സ്ഥാനംവഴി ജനതതിക്കു് അനുഗ്രഹങ്ങൾ വിതരണം ചെയ്യുന്നതു് വേറൊരു മദ്ധ്യവർത്തി വഴിയാണു്-തന്റെ ദിവ്യജനനിയായ പരിശുദ്ധ കന്യകാമറിയം വഴി. പരിശുദ്ധകന്യകാമറിയത്തിന്റെ ഈ മദ്ധ്യവർത്തിത്വം തിരുസഭ ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തിട്ടില്ലെങ്കിലും തിരുസഭയുടെ പഠനങ്ങളിലും ആചാരങ്ങളിലും അടങ്ങിയിട്ടുള്ള ഒരു വസ്തുതയാണു്. ദൈവം പരിശുദ്ധമറിയത്തിനു നൽകിയിട്ടുള്ള സമുന്നതസ്ഥാനത്തെപ്പററി ചിന്തിക്കുമ്പോൾ ഈ സത്യത്തിന്റെ അനുയോജ്യത നമുക്കു മനസ്സിലാകുന്നതാണു്.



(ലേഖകൻ)

അനാദിതൊട്ടുതന്നെ ദൈവം മറിയത്തിനുവേണ്ടിയുള്ള തന്റെ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടു്.

"ദൈവം തന്റെ വഴികളുടെ ആരംഭത്തിൽ യാതൊന്നും സൃഷ്ടിക്കുന്നതിനുമുമ്പു് ആദിയിൽ എന്നെ സ്വായത്തമാക്കിയിരുന്നു.

ഭൂമിയെ സൃഷ്ടിക്കുന്നതിനുമുൻപേ പണ്ടുപണ്ടേ ഞാൻ ക്രമപ്പെടുത്തപ്പെട്ടിരുന്നു." (സുഭാഷിതങ്ങൾ 8: 22, 23)

സുന്ദരമായ ഈ പഴയനിയമത്തിലെ വാക്യങ്ങളെ തിരുസഭ തന്റെ കർമ്മക്രമത്തിൽ പരിശുദ്ധമറിയത്തിനു് അനുയോജ്യമാംവിധം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ആദിമാതാപിതാക്കന്മാർ പാപത്തിൽ നിപതിച്ചപ്പോൾ അവരോടു ദൈവം ചെയ്ത രക്ഷകനെപ്പററിയുള്ള വാഗ്ദാനത്തിൽ മറിയത്തെ രക്ഷകനുമായി ബന്ധപ്പെടുത്തിയിരുന്നു. ദൈവം സർപ്പവേഷധാരിയായ സാത്താനു ശിക്ഷ നൽകുകയാണു്. "നീയും സ്ത്രീയും തമ്മിലും നിന്റെ ഫലവും സ്ത്രീയുടെ ഫലവും തമ്മിലും ഞാൻ ശത്രുതയുളവാക്കും. അവൾ നിന്റെ തലയെ തകർക്കും" (ഉല്പത്തി 3: 15). ഈ വാഗ്ദാനം രണ്ടാം ഹേവായായിതീർന്ന പരിശുദ്ധമറിയത്തിൽ അക്ഷരാർത്ഥം സ്വാർത്ഥകമായി തീർന്നിട്ടുണ്ടു്. മറിയം തന്റെ ദിവ്യസുതന്റെ യോഗ്യതകൾവഴിയായി നേരത്തെ തന്നെ ജന്മപാപരഹിതയായി ഉത്ഭവിക്കണമെന്നും ദൈവം നിശ്ചയിച്ചു.

മംഗലവാർത്തദിവസം തന്റെ അതിദൂതന്മാരിൽ ഒരുവനെ ദൈവം തന്റെ സന്ദേശവുമായി മറിയത്തിന്റെ പക്കൽ അയയ്ക്കുകയും, രക്ഷകന്റെ മനുഷ്യാവതാരം മറിയത്തിന്റെ സമ്മതം വാങ്ങിച്ചതിന്റെശേഷംമാത്രം നടന്നാൽ മതിയെന്നു നിശ്ചയിക്കുകയുംചെയ്തു. കാനായിലെ വിവാഹവിരുന്നിൽ വച്ചു മറിയത്തിന്റെ നിർദ്ദേശപ്രകാരം തന്നെ ദിവ്യസുതൻ സമയമായില്ലെങ്കിലും തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിക്കണമെന്നു ദൈവം നിശ്ചയിച്ചു. കാൽ

---

പ്രാർത്ഥന, പശ്ചാത്താപം, ദിവ്യകാരുണ്യസ്വീകരണം എന്നിവ ആത്മസംസ്കാരത്തിനു മകുടം ചാർത്തുന്നു. അവയോരോന്നും ആത്മാർത്ഥമായി നിർവഹിക്കുമ്പോൾ അനുഭവവേദ്യമാകുന്ന ആനന്ദം അനിർവചനീയമാണു്. ചൈതന്യപൂർണ്ണമായ പ്രാർത്ഥന ദൈവത്തെ നമ്മിലേക്കു ആകർഷിക്കുന്നു; ദൈവവുമായി സജീവമായ ബന്ധം പുലർത്തുന്നു. പശ്ചാത്താപം പാപക്ഷാളനം ചെയ്യുന്നു; കളങ്കിതമായ ആത്മാവിനെ നിഷ്കളങ്കമാക്കിത്തീർക്കുന്നു. നിർമ്മലമായ ഹൃദയം ദിവ്യകാരുണ്യാമൃതം ആസ്വദിച്ചു് അഭംഗുരമായ സൗന്ദര്യം പരത്തുന്നു. അവിടം ഈശന്റെ ലാസ്യരംഗമായി പകരുന്നു; നിർമ്മമമായ സ്നേഹത്തിന്റെ കല്ലോലജാലം അവിടെ കളകളം പാടുന്നു. അപ്പോൾ സച്ചിന്മയനായ ഈശനുമായി ആത്മാവു് തന്മയീഭവിക്കുന്നു. അങ്ങനെ അന്തരാത്മാവു് പരമാത്മാവായ മറെറാരീശനായി രൂപാന്തരപ്പെട്ടു് സാധുജനസേവനത്താൽ ലോകോദ്ധാരണകർമ്മം നവീകരിക്കുന്നു. ബത്ലേഹം മുതൽ കാൽവരിവരെ നിസ്സ്വാർത്ഥമായും നിഷ്കാമമായും ലോകസേവനം ചെയ്തു് ചരിതാർത്ഥ്യം പൂണ്ട ഈശനെ ദീനജനങ്ങളിൽ ദർശിച്ചും പരസ്പരം സ്നേഹിച്ചും സഹായിച്ചും സമാശ്വസിപ്പിച്ചും ജീവിതധർമ്മം നിർവഹിച്ചു് അന്തരാത്മാവു് ആനന്ദരൂപനായ ഈശനു് അനുരൂപപ്പെടുന്നു ഇതിൽപരം എന്താണു ഒരു മനുഷ്യനു സാധിക്കാനുള്ളതു്? ആത്മസംസ്കാരധനനായ മനുഷ്യനു് അഭിഗമ്യമായ ഈ ധന്യപദം ആർക്കാണു അഭികാമ്യമാകാതിരിക്കുന്നതു്!!

വരിയിലെ കുരിശിൻചുവട്ടിൽ മറിയം നില്ക്കണമെന്നു-വെറുമൊരു കാഴ്ചക്കാരിയായിട്ടല്ല; കുരിശിൽ കിടക്കുന്ന ക്രിസ്തുവിൻെറ ശരീരത്തെ ഒരുക്കുകയും, ബലിവസ്തുവായിതീൎന്ന ക്രിസ്തുവിൻെറ വികാരങ്ങളോടു സർവ്വവിധേന യോജിക്കുകയും, ക്രിസ്തുവിനോടുകൂടി പരിപൂർണ്ണമായി സഹകരിച്ച് ആ ബലിസമർപ്പണം പൂർത്തിയാക്കുകയും ചെയ്യുന്ന ആ “ധൈര്യവതിയായസ്ത്രീ” എന്നനിലയിൽ മറിയം അവിടെ നില്ക്കണമെന്നു ദൈവം തിരുമനസ്സായി. പെന്തക്കോസ്താദിവസം മറിയത്തിൻെറ വല്ലഭമേറിയ പ്രാർത്ഥനകൾവഴി നവജാതമായ തിരുസഭയുടെമേൽ പരിശുദ്ധാത്മാവ് എഴുന്നെള്ളണമെന്നും ദൈവം തിരുമനസ്സായി. മറിയം തൻെറ ഇഹലോകജീവിതത്തിൻെറശേഷം സശരീരയായി സ്വർഗ്ഗാരോപിതയാകണമെന്നും, സ്വർഗ്ഗഭൂലോകങ്ങളുടെ രാജ്ഞിയായി അവരോധിക്കപ്പെടണമെന്നും ആ ഉന്നതസ്ഥാനത്തിരുന്നുകൊണ്ട് ക്രിസ്തുവഴിയായി ദൈവം നൽകുന്ന അനുഗ്രഹങ്ങളെ മനുഷ്യർക്കു വിതരണം ചെയ്യണമെന്നും ദൈവം തിരുമനസ്സായി. അവസാനമായി മേരിഭക്തന്മാരായ ചില വിശുദ്ധന്മാരുടെ അഭിപ്രായപ്രകാരം ക്രിസ്തു ആദ്യമായി മറിയംവഴി ലോകത്തിലേക്കുവന്നതുപോലെ തൻെറ അവസാനവരവിനുമുൻപ് ഒരു ‘മറിയയുഗം’ ഉണ്ടായിരിക്കണമെന്നും ദൈവത്തിൻെറ പ്ലാനിൽ ഉൾപ്പെട്ടിട്ടുണ്ട്.

“വലിയൊരടയാളം സ്വർഗ്ഗത്തിൽ കാണപ്പെട്ടു. സൂര്യനെ ധരിച്ചവളും ചന്ദ്രനെ പാദപീഠമാക്കിയവളും പന്ത്രണ്ടുനക്ഷത്രങ്ങളുടെ കിരീടം ധരിച്ചവളുമായ ഒരു സ്ത്രീ” (വെളിപാട് 12)

മേൽവിവരിച്ചിട്ടുള്ള വസ്തുതകളിൽ നിന്നു മറിയത്തിനു ദൈവം നൽകിയിട്ടുള്ള സമുന്നതസ്ഥാനത്തിൻെറ മാഹാത്മ്യം, ദൈവപുത്രൻെറ രക്ഷാകരപ്രവർത്തികളിൽ മറിയം വഹിച്ച പങ്ക്, മനുഷ്യൻെറ പ്രസാദവരജീവിതത്തിൽ അവളുടെ പ്രവർത്തനം എന്നിവയെപ്പററിയുള്ള സാമാന്യജ്ഞാനം നമുക്കു സിദ്ധിക്കുന്നതാണ്.

ഇപ്രകാരമുള്ള അസുലഭയോഗ്യതകളുടെ മൂർത്തീകരണമായ ദൈവജനനിയെയാണു നാം “നന്മനിറഞ്ഞ മറിയമേ സ്വസ്തി” എന്ന് അഭിസംബോധനം ചെയ്യുന്നത്. ഇപ്രകാരം മറിയത്തെ അഭിവാദ്യം ചെയ്യുന്നതിൽ നമുക്കു തെററുവാൻ പാടില്ല. ദൈവം തന്നെ തൻെറ അതിദൂതൻ ഗബ്രിയേൽവഴി മറിയത്തെ അഭിസംബോധന ചെയ്ത വാക്യങ്ങൾ നാം ആവർത്തിക്കുകമാത്രമേ ചെയ്യുന്നുള്ളു. മറിയം ദൈവപ്രസാദപൂരിതയാണ്. അന്ധകാരമയമായ ഈ ലോകത്തിനു മാർഗ്ഗദർശനം നൽകുന്ന ഉഷഃകാലനക്ഷത്രമാണ്.

“കർത്താവു നിന്നോടുകൂടെ” ഏററവും വിശിഷ്ടമായ സ്തുതിവാചകം. ദൈവസുതനുമായുള്ള മറിയത്തിൻെറ അനന്യസാധാരണമായ ഐക്യത്തെ ഇതു പ്രദ്യോതിപ്പിപ്പിക്കുന്നു.

“നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു.” ആദ്യഹേവായുടെ സന്താനങ്ങളിൽ എത്ര അഭികാമ്യമായ, ശ്രേഷ്ഠമായ സ്ഥാനമാണ് ഈ രണ്ടാം ഹേവായായ ദിവ്യജനനി വഹിക്കുന്നതെന്നു സുവിദിതമാണ്.

‘ഇതാ, കർത്താവിൻെറ ദാസി’ സ്വർഗ്ഗഭൂലോകങ്ങളുടേയും, മനുഷ്യരുടേയും മാലാഖമാരുടേയും രാജ്ഞിയായി സ്തുതിക്കപ്പെടുന്നു.

“അങ്ങേ വയററിൻെറ ഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു.” മറിയത്തിൻെറ വിശിഷ്ടയോഗ്യതകളുടെ എല്ലാം പശ്ചാത്തലം, അടിസ്ഥാനകാരണം ഈ വാക്യത്തിൽ പ്രകടിതമായിരിക്കുന്നു.

ഇങ്ങനെ ഏതാനും അർത്ഥസംപുഷ്ടമായ വാക്യങ്ങളാൽ ദിവ്യജനനിയുടെ സ്തുതിഗീതങ്ങൾ ആലപിച്ചതിൻെറശേഷം അവളുടെ അസാധാരണമായ വല്ലഭത്വത്തിൽ ശരണം പ്രാപിച്ചുകൊണ്ട് നാം പ്രാർത്ഥിക്കുകയാണ്. “പരിശുദ്ധമറിയമേ, ദൈവജനനിയെ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണനേരത്തിലും ദൈവത്തോടു പ്രാർത്ഥിക്കേണമേ.” നാം പാപികളാണ്. പാപപ്രലോഭനങ്ങളിൽ സദാ വീണുകൊണ്ടിരിക്കുന്നവരാണ്. അതിൽനിന്നു രക്ഷപ്പെടുവാൻ ദൈവാനുഗ്രഹം സദാ നമുക്കാവശ്യമാണ്; വിശിഷ്യാ മരണസമയത്തിൽ. മറിയം സ്വർഗ്ഗത്തിലുള്ള തൻെറ വല്ലഭത്വത്താലും തൻെറ ദിവ്യപുത്രൻെറമേൽ തനിക്കുള്ള പ്രേരണാശക്തിയാലും പാപികളായ നമ്മെ സഹായിക്കണമെന്നു നാം പ്രാർത്ഥിക്കുന്നു.

ദൈവമാതൃഭക്തി വെറും വികാരപരമായ ഒരു ഭക്തിയല്ല. അതു നമ്മുടെ വിശ്വാസത്തിൽ അധിഷ്ഠിതമാണ്, മറിയത്തെ ബഹുമാനിക്കണമെന്നുള്ളത് ദൈവതിരുമനസ്സാണ്; നമുക്ക് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ആവശ്യമാണ്; കർത്തവ്യമാണ്. ഇതിൻെറ എല്ലാം രത്നച്ചുരുക്കം നാം അനുദിനം ഉപയോഗിക്കുന്ന ‘നന്മനിറഞ്ഞ മറിയം’ എന്ന പ്രാർത്ഥനയിൽ അടിയിട്ടുണ്ട്. ആന്തരികമായ വിശ്വാസചൈതന്യത്തോടെ ഈ വാക്കുകൾ നാം കൂടെക്കൂടെ ഉച്ചരിക്കുമെങ്കിൽ മറിയത്തോട് ഏററവും അടുക്കുന്നതിനും, തദ്വാരാ, മറിയം വഴി യേശുവിനെ സമീപിക്കുന്നതിനും നമുക്കു സാധിക്കും.

“മറിയം വഴി യേശുവിലേക്കു”

# ഉത്തരീയ വാഗ്ദാനം

(റവ. ബ്ര. പയസ്സ്, ഒ. സി. ഡി.)

1251 ജൂലൈ 16-ാം തീയതി വി. സൈമൺ സ്റ്റോക്ക പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ കർമ്മെലോത്തരീയവും കൈയിലേന്തിക്കൊണ്ട് പരിശുദ്ധ ജനനി അദ്ദേഹത്തിനു പ്രത്യക്ഷയായി അരുളിച്ചെയ്തു:— "മകനേ, എൻെറ പ്രത്യേകസംരക്ഷണത്തിൻെറ അടയാളമായി നിൻെറ സഭയുടെ ഈ ഉത്തരീയം സ്വീകരിച്ചാലും...ഇതു ധരിച്ചുകൊണ്ടു മരിക്കുന്ന യാതൊരുത്തനും നിത്യനരകാഗ്നിയിൽ നിപതിക്കുകയില്ല."

## പിടിച്ചെടുത്തു *

1938 ജൂൺ മാസമായപ്പോഴേയ്ക്കും സ്പാനീഷ് അഭ്യന്തരയുദ്ധം അവസാനിക്കാറായിരുന്നു. അതിനു രണ്ടുമാസം മുമ്പുതന്നെ ദേശീയസൈന്യം മെഡിററേനിയൻ യുദ്ധം ജയിച്ച് വിനറോസാ എന്നസ്ഥലം കൈവശപ്പെടുത്തി. വലെൻസിയായ്ക്കും തരഗോണായ്ക്കും മധ്യേ സ്ഥിതിചെയ്തിരുന്ന വിനറോസായിലെ വികാരിയും രണ്ടു സഹായവൈദികരും ഈ അവസരത്തിൽ രക്തവർണ്ണർ വരുത്തിയ ലൗകികവും സാന്മാർഗ്ഗികവുമായ വിനകൾ അകററുവാൻ അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്നു.

അവിടെ അടുത്തുള്ള ഒരു സ്ഥലത്ത് തടവുകരായ പത്തു രക്തവർണ്ണക്കാർ മരണത്തിനു വിധിക്കപ്പെട്ട വാർത്ത വികാരി അച്ചനും സഹായ വൈദികരും ഒരു ദിവസം വൈകുന്നേരം കേട്ടു. അവരുടെ വധം പ്രഭാതത്തിൽ നടക്കുമെന്നും പരസ്യപ്പെടുത്തിയിരുന്നു. ഒരു നിമിഷം പോലും പാഴാക്കാതെ വികാരി അച്ചൻ മററു രണ്ടു വൈദികരുമൊന്നിച്ച് നിർഭാഗ്യരായ ആ തടവുകരെ സന്ദർശിക്കുവാൻ പോയി. അവരെ സമീപിച്ച വൈദികർ നിത്യത്വത്തിലേയ്ക്കുള്ള അവരുടെ യാത്രയ്ക്ക് ഉപകരിക്കുന്ന ഉപദേശങ്ങൾ നൽകി.

അവരിൽ എട്ടുപേർ വൈദികർക്കു സന്തോഷപുരസ്സരം സ്വാഗതമരുളി. യാതൊരു തടസ്സവും പറയാതെ അവർ കുമ്പസാരിച്ചു. ഒൻപതാമൻ അവൻെറ ഹൃദയകാഠിന്യത്തിൽ ഉറച്ചു നിന്നുകൊണ്ട് വൈദികരോടു സംസാരിക്കാൻപോലും തുനിഞ്ഞില്ല. അനുതാപരഹിതനായിത്തന്നെ അയാൾ മരണമടഞ്ഞു.

പത്താമൻ നിർബന്ധബുദ്ധിയായിരുന്നെങ്കിലും വിട്ടുവീഴ്ചകൾ ചെയ്യുന്നതിൽ അത്ര ദുശ്ശാഠ്യക്കാരനായിരുന്നില്ല. സംസ്കാരസമ്പന്നനായിരുന്ന അയാൾ വൈദികരോടു ബഹുമാനപുരസ്സരം പെരുമാറി. ചെറുപ്പത്തിൽ ഒരു കത്തോലിക്കനായിരുന്നെങ്കിലും കാലാന്തരത്തിൽ വിശ്വാസരഹിതനായിത്തീർന്ന കഥ അയാൾ വൈദികരെ വിവരിച്ചു കേൾപ്പിച്ചു. പക്ഷെ, ദൈവവുമായി ഐക്യപ്പെട്ട് സമാധാനം പ്രാപിക്കണമെന്ന് വികാരി അച്ചൻ അയാളോടുകേണപേക്ഷിച്ചിട്ടും ഫലമുണ്ടായില്ല. ആ വൈദികർ അയാൾക്കുവേണ്ടി സഹിച്ച ബുദ്ധിമുട്ടുകൾക്ക് നന്ദി പറഞ്ഞെങ്കിലും അതെല്ലാം വെറും സമയനഷ്ടമാണെന്ന് അയാൾ തീർത്തു പറയുകതന്നെചെയ്തു. അധഃപതിച്ച ഒരു കത്തോലിക്കൻ നിശ്ചിതമായ മരണവക്ത്രത്തിൽ വച്ചു കാണിച്ച ഈ അനാസ്ഥ വികാരി അച്ചനെ അസ്വസ്ഥചിത്തനാക്കി. എങ്കിലും അദ്ദേഹം ശരണം വെടിഞ്ഞില്ല. ഒന്നു കൂടി ശ്രമിയ്ക്കുവാൻ തന്നെ നിശ്ചയിച്ചു.

ആ തടവുകാരൻെറ അടുക്കൽ തിരിച്ചുചെന്ന് അദ്ദേഹം ഇപ്രകാരം ചോദിച്ചു:—"എനിക്ക് അവസാനമായി നിങ്ങൾ ഒരു അനുകൂല്യം ചെയ്തുതരുമോ?". "തീർച്ചയായും" എന്നായിരുന്നു അയാളുടെ മറുപടി. "നിങ്ങൾ എന്നോടു കുമ്പസാരിക്കാൻ ആവശ്യപ്പെടാത്തപക്ഷം" എന്നൊരു നിബന്ധനയും അയാൾ കൂട്ടിച്ചേർത്തു.

"നിങ്ങൾ കർമ്മലമാതാവിൻെറ ഉത്തരീയം ധരിക്കുമോ?" വൈദികൻ വീണ്ടും ചോദിച്ചു. "അതു ചെയ്യാൻ എനിക്കു വിരോധമില്ല. ഏതായാലും ഇതുപോലുള്ള പഴന്തുണിക്കഷണങ്ങൾ ഞാൻ കാര്യമായി ഗണിക്കുന്നില്ലെന്നു പറയുവാൻ ആഗ്രഹിക്കുന്നു. എങ്കിലും അച്ചനെ പ്രീതിപ്പെടുത്താൻ വേണ്ടി അതു ഞാൻ ധരിക്കാം" എന്നയാൾ പ്രത്യുത്തരം പറഞ്ഞു.

അയാൾക്ക് ഒരു നല്ല മരണം പ്രാപിച്ചുകൊടുക്കണമെന്ന് മാതാവിനോടു പ്രാർത്ഥിച്ചുകൊണ്ട് വൈദികൻ ഉത്തരീയം അയാളുടെ കഴുത്തിലിട്ടു. തദനന്തരം അദ്ദേഹം മുറിയിൽനിന്നും പുറത്തിറങ്ങി. വികാരി അച്ചൻ വാതിക്കൽ കാത്തുനിന്നിരുന്ന മററു വൈദികരുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മുറിക്കകത്തുനിന്നും ഒരാൾ വിങ്ങിക്കരയുന്ന ശബ്ദം കേട്ടു. സമീപിച്ചിരിക്കുന്ന മരണം ഓർത്തു ഭയപ്പെട്ട് ഏതോ ഒരു തടവുകാരൻ കരയുന്നതായിരിക്കും എന്നു കരുതി അദ്ദേഹം വീണ്ടും മുറിക്കകത്തു പ്രവേശിച്ചു. അപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ അത്ഭുതപരതന്ത്രനാക്കി. അഞ്ചുമിനിട്ടിനുമുമ്പ് തന്നിൽനിന്ന് ഉത്തരീയം സ്വീകരിച്ച ആ ജയിൽപുള്ളി ഒരു കൊച്ചുകുട്ടിയേപ്പോലെ കരയുന്നതായിട്ടാണ് അദ്ദേഹം ദർശിച്ചതു്. അയാൾ വികാരിഅച്ചനെ സമീപിച്ച് അയാളുടെ കുമ്പസാരം കേൾക്കണമെന്ന് വിനയപുരസ്സരം അപേക്ഷിച്ചു. "ഈ അനുഗ്രഹത്തിന് ഞാൻ അർഹനല്ല. എങ്കിലും മാതാവ് എന്നെ രക്ഷിച്ചു" എന്നു കണ്ണുനീർ ചിന്തിക്കൊണ്ട് അയാൾ പറഞ്ഞു. എല്ലാ പാപങ്ങളും ഉത്തമമനസ്താപത്തോടുകൂടി ഏററുപറഞ്ഞുകൊണ്ട് അയാൾ ഒരു നല്ല കുമ്പസാരം കഴിച്ചു. അടുത്ത ദിവസംതന്നെ അയാൾ ഒരു ഭാഗ്യമരണം പ്രാപിച്ചു. സകല ആശയും നശിച്ചതായി തോന്നിയപ്പോൾ കർമ്മലമാതാവ് ഉത്തരീയംവഴി പിശാചിൻെറ പിടിയിൽനിന്നും ഒരാത്മാവിനെ പിടിച്ചെടുത്തു. ഇതുപോലെ ഉത്തരീയം വഴി മാതാവു വിജയിക്കുന്ന അവസരങ്ങൾ അനവധിയാണ്.

---

* From the Irish carmel.

# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജാനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ

## പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശ്യങ്ങൾ —അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിന് മുൻകൂർ 1 രൂ.50 ന.പ.

വരിപ്പണത്തിൻെറ മൂന്നിലൊന്ന് **കമ്മീഷൻ** ഏജൻറന്മാക്ക്.

കത്തിടപാടുകൾക്കുള്ള മേൽവിലാസം :

വരിപ്പണം സംബന്ധിച്ച്:-മാനേജർ, "കാർമ്മൽ", സെൻ്റ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1

ലേഖനങ്ങൾ സംബന്ധിച്ച്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1

## ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ

| | | രൂ. | ന. പ. |
|---|---|---|---|
| 1. | ഞാൻ കണ്ട യൂറോപ്പ് | 0 | 50 |
| 2. | ആത്മപോഷിണി | 0 | 37 |
| 3. | കർമ്മലമാതാവിനോടുള്ള പ്രാർത്ഥനകൾ | 0 | 16 |
| 4. | കർമ്മല മൂന്നാംസഭാ മാനുവൽ | 0 | 50 |
| 5. | കർമ്മലീത്താ മൂന്നാംസഭാ പ്രാർത്ഥനകൾ | 0 | 12 |
| 6. | വി. യോഹന്നാൻ ക്രൂസിൻെറ കരുതലുകൾ | 0 | 9 |
| 7. | മരിയാനുകരണം | 0 | 62 |
| 8. | സുകൃതസരണി | 1 | 87 |
| 9. | മരിയമകനീശോ | 0 | 87 |
| 10. | **Happiness for priests** | 1 | 0 |
| 11. | **A Man of God** (Biography of Archbishop Benziger) | 4 | 50 |
| 12. | പീഡകളുടെ മനുഷ്യൻ | 0 | 37 |
| 13. | സുവിശേഷസാരം | 0 | 37 |
| 14. | ദിവ്യാമൃതം | 3 | 75 |

*N. B.* പത്തിൽ കൂടുതൽ പുസ്തകം എടുക്കുന്നവർക്ക് 25% കമ്മീഷൻ. Manager

ST. JOSEPH's PRESS, TRIVANDRUM-1

## ഈ ലക്കത്തിൽ


പേജ്

1. ലൂർദ്ദുസന്ദേശവും കർമ്മലീത്താചൈതന്യവും ... 65
2. ലൂർദ്ദുഗ്രോട്ടോ-ഒരു ലഘുവിവരണം II ... ... 67
3. മതവും കമ്മ്യൂണിസവും (തുടർച്ച) ... ... 68
4. വി. പത്രോസിൻെറ പ്രാധാന്യം ... ... 71
5. ഉത്തരീയധാരികൾ കർമ്മലീത്തരോ? ... ... 77
6. അൽമായ കർമ്മലീത്തരോട് ... ... 79
7. അതൊക്കെ പെണ്ണുങ്ങൾക്ക് ... ... 81
8. കമ്മ്യൂണിസ്റ്റുകളും മഹറോൻ ശിക്ഷയും ... ... 83
9. പ. ത്രിത്വത്തിൻെറ നിർമ്മലലില്ലി ... ... 86
10. അത്ഭുതപ്രവർത്തകനായ ആ ദീർഘദർശി ... ... 89
11. സെൻറു് തോമസ് (കവിത) ... ... 91
12. പ്രേഷിതരാം ഞങ്ങൾ ... ... 91
13. ആത്മസംസ്കാരം ... ... 92
14. നന്മനിറഞ്ഞ മറിയമേ സ്വസ്തി ... ... 94
15. ഉത്തരീയവാഗ്ദാനം ... ... 96

Lic. No. 581 CARMEL Telephone No. 2286


## വിൽപനയ്ക്കു തയ്യാർ



# ദിവ്യാമൃതം

$5\frac{1}{2}'' \times 3\frac{1}{2}''$ വലിപ്പത്തിൽ അറുനൂറോളം പുറങ്ങളുള്ളതും
മേനിക്കടലാസ്സിൽ അച്ചടിച്ചതുമായ അതിവിശിഷ്ടമായ
**ഒരു പ്രാത്ഥനപുസ്തകം**

ലത്തീൻ, സുറിയാനി കുർബാനക്രമം, പ്രധാന തിരുനാളുകളിലും എല്ലാ ഞായറാഴ്ചകളിലും വായിക്കുന്ന ലേഖനങ്ങൾ, സുവിശേഷങ്ങൾ, വിശുദ്ധവാരത്തിലെ നവീകരിച്ച ആരാധനക്രമം, പ്രധാന ഭക്തക്രമങ്ങൾ മുതലായവ ഉൾക്കൊള്ളുന്നതു്.

കച്ചവടക്കാക്കു് ആകർഷണീയമായ കമ്മീഷൻ.

**തുകൽ ബയൻറു് രൂ. 3·75** **കാലിക്കോ ബയൻറു് രൂ. 3**

*Manager*
St Joseph's Press,
Trivandrum-1.



# തിരുവസ്ത്രത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്.

ഉത്തരീയഭക്തിയെ സംബന്ധിച്ച ചെറുപുസ്തകത്തിനു് 9 ന. പ. പ്രാത്ഥന സഹിതമുള്ളതിനു് 16 ന. പ. ഡസനു് 12 ന. പ. കമ്മീഷനും നൽകുന്നതാണു്. കച്ചവടക്കാക്കു്, 10 ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്ന പക്ഷം, ഡസനു് 6 ന. പ.യും, 25 ഡസൻ ആവശ്യപ്പെടുന്നപക്ഷം 12 ന. പ.യും കമ്മിഷൻ കൊടുക്കുന്നതാണു്. എന്നാൽ അവക്കു് വി. പി. പി ആയിട്ടേ അയച്ചുകൊടുക്കുവാൻ നിവൃത്തിയുള്ളു.

ഉത്തരീയത്തിൻെറ വില മണിഓർഡർ ആയോ ചെക്കായോ (Crossed Cheque) അയയ്ക്കാം. ചെക്കു് അയയ്ക്കുന്നവർ ദയവായി ബാങ്ക് കമ്മീഷൻ കൂടെ അയച്ചുതരുവാൻ വിസ്മരിക്കരുതു്. ഉത്തരീയത്തിൻെറ വില താമസംവിനാ അയച്ചാൽമാത്രമേ പുതിയ ഉത്തരീയങ്ങൾ വീണ്ടും തയ്യാറാക്കുന്നതിനു സാധിക്കയുള്ളു. ആകയാൽ ഇക്കാര്യത്തിൽ എവരുടേയും സഹകരണം അഭ്യത്ഥിച്ചുകൊള്ളുന്നു. ഉത്തരീയഭക്തരുടെ ആവശ്യാനുസരണം ഉത്തരീയം നൽകണമെന്നല്ലാതെ ലാഭമുണ്ടാക്കണമെന്ന ഉദ്ദേശ്യം ഞങ്ങൾക്കില്ല.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-1.


Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors.